പുസ്തകം 78
ലക്കം 3
മാർച്ച് 2006
അമാൻ 1385
സഫർ - റ. അവ്വൽ 1427



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
ഫാക്സ് : **0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


4 *യുഗശബ്ദം*
5 *മുഖക്കുറിപ്പ്*

**ലേഖനം**

6 *റസൂൽ തിരുമേനി*
ഹദ്റത്ത് അഹ്മദ് *(അ)*

7 *കാർട്ടൂൺ വിവാദം : ഇസ്‌ലാമിക പ്രതികരണം*
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

10 *മതനിന്ദ*
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

14 *മതസ്വാതന്ത്ര്യം ഇസ്‌ലാമിൽ*
എം. എസ്.

17 *ദിവ്യഭാഷണം നിലച്ചിട്ടില്ല*
മുഹമ്മദ് ഉമർ എച്ച്.എ.

22 *ഭരണാധികാരം*
സർ സഫറുല്ലാഹ്ഖാൻ

23 *സൂര്യചന്ദ്രഗ്രഹണങ്ങൾ*
എ. പി. കുഞ്ഞാമു

26 *സമുദ്രം : വിഭവങ്ങളുടെ അത്ഭുതലോകം*
എ.എം. മുഹമ്മദ് സലിം

32 *കലാപത്തിനുത്തരവാദി മൗലാനാ മൗദൂദി*
മൗലാനാ അബ്ദുല്ലാഹ് സാഹിബ് എഛ്. എ.

34 *കുറിപ്പുകൾ - കാർട്ടൂൺ വിവാദത്തിലെ കാണാപ്പുറങ്ങൾ*

38 *അനുസ്മരണം, വാർത്തകൾ.*


*മുഖചിത്രം :*

**ബുലന്ത് ദർവാസ (വിജയകവാടം) ജുമാമസ്ജിദ്, ഫത്തേപുർ സ്ക്രി, ഇന്ത്യ**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

വിശ്വസിച്ചവരെ,ദുർമാർഗിയായ ഒരാൾ വല്ല വാർത്തയുമായി നിങ്ങളുടെയടുക്കൽ വന്നാൽ അതിന്റെ (യഥാർത്ഥ്യം) നിങ്ങൾ ശരിക്കും അന്വേഷിച്ചറിയുക; അറിയാതെ ഒരുജനതയെ നിങ്ങൾ പീഢിപ്പിക്കുകയും എന്നിട്ട് നിങ്ങൾ ചെയ്ത കൃത്യത്തിൽ ഖേദിക്കുന്നവരാകുകയും ചെയ്യാതിരിക്കാൻ വേണ്ടി.

(49:7)


## നബിവചനം

അന്യോന്യം വെറുക്കരുത്. അന്യോന്യം അസൂയപ്പെടരുത്. അന്യോന്യം ബഹിഷ്കരിക്കുകയും അരുത് സഹോദരന്മാരെന്നോണം അല്ലാഹുവിന്റെ ദാസന്മാരായിരിക്കുക. തന്റെ സഹോദരനിൽ നിന്ന് മൂന്നു ദിവസത്തിൽ കൂടുതൽ ബന്ധം മുറിഞ്ഞിരിക്കുന്നത് ഒരു മുസ്‌ലിമിന് അനുവദനീയമല്ല.

(ബുഖാരി)

**യുഗശബ്ദം**

# ഹിന്ദു – മുസ്‌ലിം മൈത്രി



**വാഗ്ദത്ത മസീഹ്**

**ഇരുകൂട്ടരും (ഹിന്ദുക്കളും മുസ്‌ലിംകളും) അന്യോന്യം കാപട്യത്തോടു കൂടിയ ഒരു താൽക്കാലിക മൈത്രി ഉണ്ടാക്കിയെന്നു വരാം. എന്നാൽ യഥാർത്ഥ മൈത്രി എന്നു പറയാവുന്ന മാനവൈക്യം ഉണ്ടായിത്തീരുന്നത് നിങ്ങൾ വേദത്തേയും ഋഷിമാരെയും ആത്മാർത്ഥമായി കൈക്കൊള്ളുകയും ഇപ്രകാരം തന്നെ ഹിന്ദുക്കൾ നമ്മുടെ നബിനായകൻ (സ) തിരുമേനിയുടെ സത്യത്തെ സമ്മതിക്കുകയും ചെയ്യുമ്പോൾ മാത്രമാണ്....... നാം ഹൈന്ദവ മിത്രങ്ങളുടെ നേരെ അനുകമ്പ കാണിക്കുകയും അവരോട് സഹതാപത്തോടും സ്നേഹത്തോടുംകൂടി പെരുമാറുകയും വേണ്ടതാണ്. അവർക്ക് മനോവേദനയ്ക്ക് കാരണമാകുന്ന കാര്യങ്ങൾ നമ്മുടെ മതത്തിലെ നിർബന്ധകടമകളോ ആവശ്യങ്ങളോ അല്ലെന്ന് വരുകിൽ അങ്ങനെയുള്ള കാര്യങ്ങളിൽ നിന്ന് നാം ഒഴിഞ്ഞു നിൽക്കേണ്ടതാണ്. ഏകദൈവത്തിൽ വിശ്വസിക്കുക എന്നത് പോലെ സമസൃഷ്ടികളോട് അനുകമ്പയോടും സഹിഷ്ണതാ ഭാവത്തോടുംകൂടി വർത്തിക്കുക എന്നതും നമ്മുടെ മതത്തിന്റെ ഒട്ടും അപ്രധാനമല്ലാത്ത ഒരുപദേശമാകുന്നു. (പൈഗാമെ സുൽഹ്)**

മുഖക്കുറിപ്പ്

# ബഹുസ്വരതയും മതസൗഹാർദ്ദവും അഹ്മദിയ്യാ ജമാഅത്തും

ബഹുസ്വരതയുള്ള നമ്മുടെ സമൂഹത്തിൽ വ്യത്യസ്ത വിശ്വാസങ്ങളും ജീവിതപദ്ധതികളുമായിക്കഴിയുന്ന ജനങ്ങൾ സംഘർഷങ്ങളില്ലാതെ സഹവർത്തിക്കുക എന്നത് സമൂഹത്തിന്റെ ക്ഷേമത്തിനും സുരക്ഷക്കും ഏറ്റവും അനുപേക്ഷണീയമാണ്. മറ്റേതൊരു സാമൂഹിക സ്ഥാപനത്തേക്കാളും മനുഷ്യനെ സ്വാധീനിക്കുന്നത് മതങ്ങളാണ്. മതങ്ങളാകട്ടെ അത്യന്തം വികാരസാന്ദ്രങ്ങളുമാണ്. അതുകൊണ്ട് മതങ്ങൾക്കും മതവിശ്വാസികൾക്കും തന്നെയാണ് ഇക്കാര്യത്തിൽ ഏറ്റവും വലിയ ഉത്തരവാദിത്വമുള്ളത്.

ലോകം ഇന്ന് ആഗോളഗ്രാമമാണ്. സ്ഥലപരമായ ദൂരം എന്നൊരു തടസ്സം ഇന്നില്ല. അന്യമതങ്ങളുമായുണ്ടാകുന്ന വേഴ്ച്ചകളിൽ നേരിയ പാളിച്ചകൾ പോലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്നു. അതുകൊണ്ടാണല്ലോ യൂറോപ്പിന്റെ ഏറ്റവും വടക്കേയറ്റത്തുള്ള ക്രിസ്തീയ രാജ്യമായ ഡന്മാർക്കിൽ നിന്നും റസൂൽ തിരുമേനി (സ) ക്കെതിരെ ഹീനമായ അവഹേളനമുണ്ടായപ്പോൾ പശ്ചിമേഷ്യയിലേയും, ഏഷ്യൻ രാജ്യങ്ങളിലേയും ആഫ്രിക്കയിലേയും യൂറോപ്പിലേയും മുസ്‌ലിം ജനകോടികൾ പ്രതിഷേധിച്ചത്. മുസ്‌ലിം ജനകോടികൾ യേശുവിനെ അങ്ങേയറ്റം ആദരിക്കുകയും അദ്ദേഹത്തിന്റെ നാമം കേൾക്കുമ്പോൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു. എന്നാൽ ക്രിസ്തുമതത്തിന്റെ ഇത:പര്യന്തമുള്ള ഇസ്‌ലാമിനോടുള്ള സമീപനം അവഹേളനത്തിന്റെയും, നിന്ദയുടേയും അപശ്രുതികൾ കലർന്നതാണ്. 'ഓറിയന്റലിസം' എന്ന പേരിൽ അവർ ആവിഷ്ക്കരിച്ച വിജ്ഞാന സരണിയിലെല്ലാം ഈ അവജ്ഞയുടെ നിഴലാട്ടം കാണാം. ക്രിസ്തുവിന്റെ കുരിശുമരണത്തിൽ വിശ്വസിക്കാത്തവരെല്ലാം പാപികളാണെന്ന സങ്കുചിത വീക്ഷണം പുലർത്തുന്നത് കൊണ്ടാണ് അവർക്ക് വിശാല വീക്ഷണത്തോടെ ചിന്തിക്കാൻ കഴിയാത്തത്. സ്വന്തം മതാനുയായികൾക്ക് ആത്മനിയന്ത്രണത്തിന്റേയും സഹനത്തിന്റേയും അദ്ധ്യാപനങ്ങളും അന്യമതങ്ങളേയും മതപുരുഷന്മാരേയും സംബന്ധിച്ച് സദ്ഭാവനകളും വെച്ചു പുലർത്തുന്ന മതങ്ങൾക്കേ ഭാവി ലോകത്തിന്റെ സമൂഹക്ഷേമത്തിന് സംഭാവന ചെയ്യാൻ സാധ്യമാകൂ. തീർച്ചയായും ഇസ്‌ലാം മത്തിന്റെ ഉന്നതവും ഉദാത്തവും അതുല്യവുമായ സാമൂഹിക വീക്ഷണം ഏതൊരു ജനാധിപത്യ ക്രമത്തിലും ബഹുമത സമൂഹത്തിലും ആത്മീയമായ പിൻബലത്തോടെ ക്രിയാത്മകമായ സംഭാവനകൾ നൽകാൻ വിശ്വാസിയെ പ്രേരിപ്പിക്കുന്നു. എല്ലാ സമൂഹങ്ങളിലും ദൈവദൂതന്മാർ ആവിർഭവിച്ചിട്ടുണ്ടെന്നും എല്ലാ മതങ്ങളും ദൈവപ്രോക്തമാണെന്നുമാണ് ഇസ്‌ലാമിക സങ്കല്പം. അതുകൊണ്ട് ഒരു ഇസ്‌ലാം മതവിശ്വാസിക്ക് അന്യമത വിരോധിയോ, മതനിന്ദകനോ ആകാൻ സാധ്യമല്ല.

ഒരു മതത്തിനും തത്ത്വങ്ങളുടേയും സിദ്ധാന്തങ്ങളുടേയും കുറവ് ഉണ്ടെന്നു തോന്നുന്നില്ല. പക്ഷേ ആ മത തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ ധാർമ്മിക പ്രബുദ്ധവും പ്രതിജ്ഞാബദ്ധവുമായ ഒരു വിശ്വാസി സമൂഹത്തെ നിലനിർത്തുന്ന സ്ഥാപനമോ സംഘടനകളോ ഉണ്ടോ എന്നതാണ് പ്രശ്നം. നിർഭാഗ്യകരമെന്ന് പറയട്ടെ ഇസ്‌ലാം മതാനുയായികളിൽ ബഹുഭൂരിപക്ഷത്തിനും ഇസ്‌ലാം മത തത്ത്വങ്ങളെ സംബന്ധിച്ച് യഥാർത്ഥ ബോധമോ അത് ജീവിതത്തിൽ പകർത്തുന്നതിന്നുള്ള പ്രതിജ്ഞാബദ്ധതയോ അത് നടപ്പാക്കാനുള്ള ആഗോള നേതൃത്വമോ സംവിധാനമോ ഇല്ല. അത്കൊണ്ട് അവർ യാഥാസ്ഥിതികത്വത്തിന്റേയും മറ്റു ഭൗതിക പ്രസ്ഥാനങ്ങളുടെയും ഹിംസാത്മകമായ വിപ്ലവ സിദ്ധാന്തങ്ങളുടേയും ആത്യന്തിക വാദത്തിന്റേയും, സ്വാധീനത്തിലും, അനുകരണത്തിലും പെട്ട് വഴി തെറ്റിപ്പോകുന്നു.

റസൂൽ തിരുമേനി (സ) യുടേയും ഇസ്‌ലാമിന്റെയും എല്ലാ മൂല്യ സങ്കല്പങ്ങളും അദ്ധ്യാപനങ്ങളും പ്രതിനിധാനം ചെയ്യുന്ന ഒരു ആഗോള സ്ഥാപനമാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന വിനീതമായ അവകാശവാദം സത്യാന്വേഷികൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇസ്‌ലാമിൽ വിനഷ്ടമായ ഖിലാഫത്ത് വ്യവസ്ഥയുടെ ദൈവത്താലുള്ള പുനസ്ഥാപനമാണ് അഹ് മദിയ്യാ ജമാഅത്തിലൂടെ നിറവേറ്റപ്പെടുന്നത്. ഭൂമുഖത്ത് അവശേഷിക്കുന്ന ഇസ്‌ലാമിന്റെ ഒരേയൊരു ആധികാരികസ്ഥാപനമായ അഹ്മദിയ്യാ ഖിലാഫത്തിന് നേരെ ഇസ്‌ലാമിനെ പറ്റി അറിയാനാഗ്രഹിക്കുന്നവരുടെ ശ്രദ്ധ തിരിയേണ്ടിയിരിക്കുന്നു.

n

## ലേഖനം

# റസൂൽ തിരുമേനി (സ)

**ഹദ്റത്ത് അഹ്മദ് (അ)**

ലക്ഷക്കണക്കിനുള്ള മൃതന്മാർ ഏതാനും ദിനങ്ങൾ കൊണ്ടു ജീവനുള്ളവരായി മാറുകയും തലമുറ തലമുറകളായി വഴിപിഴച്ചുപോയവർ ദിവ്യവർണ്ണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്കയെന്ന അത്ഭുതപ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടന്മാർ കാണുവാൻ തുടങ്ങുകയും ഊമകളുടെ നാവുകളിൽ നിന്ന് ദിവ്യജ്ഞാനം പ്രവഹിക്കുകയും ചെയ്തു. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതുമായ വിപ്ളവമാണ് സംഭവിച്ചത്. ഇതെന്തായിരുന്നുവെന്നു നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ഇതെല്ലാം ഇരുൾമുറ്റിയ രാത്രികളിൽ, അല്ലാഹുവിൽ പൂർണമായും ലയിച്ച ഒരാളുയർത്തിയ ഉള്ളുരുകിയ പ്രാർഥനകളുടെ ഫലമായിരുന്നു. അത് ലോകത്തെ ശബ്ദായമാനമാക്കി. അങ്ങനെ ആ നിരക്ഷരനും നിസ്സഹായനുമായ വ്യക്തിയുടെ കയ്യാൽ തികച്ചും അസാധ്യമായിത്തോന്നിയ ഈ മഹാത്ഭുതം വെളിപ്പെടുമാറായി. 'ഓ, അല്ലാഹുവേ, മുസ്‌ലിം സമുദായത്തിനുവേണ്ടി അവിടന്നു പ്രകടിപ്പിച്ച ഉത്കണ്ഠയ്ക്കും അനുഭവിച്ച കഷ്ടപ്പാടുകൾക്കും അനുസരിച്ചവിധം അദ്ദേഹത്തിൽ നീ അനുഗ്രഹങ്ങളും സലാമും ഇറക്കുകയും അദ്ദേഹത്തിന്റെ മേൽ നിന്റെ കാരുണ്യത്തിന്റെ ദീപ്തിപ്രകർഷം എന്നുമെന്നും ചൊരിയുകയും ചെയ്യേണമേ! (റൂഹാനി ഖസായിൽ)

മനുഷ്യരിൽവെച്ച് ഏറ്റവും പരിപൂർണനായ മനുഷ്യനു പ്രദാനം ചെയ്യപ്പെട്ട ആ അതിമഹത്തായ പ്രകാശം മലക്കുകളിലോ നക്ഷത്രങ്ങളിലോ സൂര്യനിലോ സമുദ്രത്തിലോ നദിയിലോ ഉണ്ടായിരുന്നില്ല. വൈഡൂര്യങ്ങളിലോ മാണിക്യക്കല്ലുകളിലോ രത്നങ്ങളിലോ മുത്തുകളിലോ അതു കണ്ടെത്താനാവുന്നതായിരുന്നില്ല. ചുരുക്കത്തിൽ ഭൗമികമോ വാനവമോ ആയ യാതൊരു വസ്തുവിലും അതുണ്ടായിരുന്നില്ല. അതു മനുഷ്യരിൽ മാത്രമേയുള്ളൂ; പരിപൂർണനായ മനുഷ്യനിൽ എന്നുവെച്ചാൽ അതിശ്രേഷ്ഠവും പരിപൂർണവും ഉദാത്തവും സർവോത്തമവും അത്യുൽകൃഷ്ടവും ആയ സ്ഥാനമുടയ വ്യക്തിയിൽ. നബിമാരുടെ നായകരും ആത്മീയമായി ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവും ആയ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയിൽ മാത്രമാണ് തികവാർന്ന നിലയിൽ അതു വെളിപ്പെട്ടത്. ഈ തേജോവിലാസം അത്യുന്നതവും പരിപൂർണവും തികവുറ്റതുമായ നിലയിൽ നമ്മുടെ നേതാവും നമ്മുടെ സ്നേഹഭാജനവും നമ്മുടെ മാർഗദർശിയും ആയ ആ നിരക്ഷര പ്രവാചകൻ, അതെ സത്യവാനും സത്യസാക്ഷിതനുമായ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയിലാണ് ദൃശ്യമായിരുന്നത്.

(റുഹാനീ ഖസായിൻ,)

## മുഹമ്മദ് നബി (സ)

*'അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ടു തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷ സ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റു നിന്നും ചിതറിപ്പിരിഞ്ഞു പോയ്ക്കളയുമായിരുന്നു. അതിനാൽ അവർക്ക് നീ മാപ്പ് നൽകുകുയം അവർക്കായി പാപമോചനത്തിന് വേണ്ടി നീ പ്രാർത്ഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ നീ അല്ലാഹുവിങ്കൽ ഭരമേൽപ്പിക്കുക തീർച്ചയായും അല്ലാഹു ഭരമേൽപ്പിക്കുന്നവരെ ഇഷ്ടപ്പെടുന്നു*

*(വിശുദ്ധ ഖുർആൻ 3:160).*

ലേഖനം

# കാർട്ടൂൺ വിവാദം: ഇസ്‌ലാമിക പ്രതികരണം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (ഖലീഫത്തുൽ മസീഹ് V)

**'2006 ഫെബ്രുവരി 10ന് ലണ്ടനിൽ വെച്ച് നിർവ്വഹിച്ച ഖുത്വ്ബയുടെ സംഗ്രഹം'**

'അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹാശ്ശിസ്സുകൾ നേരുന്നു. വിശ്വാസികളേ, അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻ വേണ്ടി നിങ്ങളും പ്രാർത്ഥിക്കുക. അല്ലാഹുവിനേയും അവന്റെ ദൂതനേയും ശല്യപ്പെടുത്തുന്നവരാരോ നിശ്ചയമായും അവരെ അല്ലാഹു ഇഹത്തിലും പരത്തിലും ശപിച്ചിരിക്കുന്നു. അവർക്ക് അപമാനകരമായ ശിക്ഷ അവനൊരുക്കി വയ്ക്കുകയും ചെയ്തിട്ടുണ്ട് (33:57,58)

ഈയ്യിടെ ഡന്മാർക്കിലെയും ചില പാശ്ചാത്യ നാടുകളിലേയും പത്രങ്ങളിൽ വന്ന കാർട്ടൂൺ ചിത്രങ്ങൾ മുഴുവൻ മുസ്‌ലിംകളുടേയും ഹൃദയത്തെ വ്രണപ്പെടുത്തുകയും മുസ്‌ലിം ലോകത്ത് പ്രക്ഷുബ്ധരംഗങ്ങൾ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. ഹദ്റത്ത് വാഗ്ദത്ത മസീഹ് മിർസാഗുലാം അഹ്മദിൽ (അ) വിശ്വസിച്ചത് മൂലം ഖാത്തമുൽഅംബിയ്യാ റസൂൽ തിരുമേനി (സ) യുടെ മഹോന്നത സ്ഥാനത്തെക്കുറിച്ച് മറ്റാരേക്കാളും അവബോധവും ജ്ഞാനവും നേടിയ അഹ്മദികൾ ആ ദിവ്യാത്മാവിന്റെ മഹനീയ സ്ഥാനത്തെ പ്രേഷണം ചെയ്യാൻ ഏറെ ബാദ്ധ്യസ്ഥരാണ്. എവിടെയെല്ലാം അവസരം ലഭിച്ചുവോ അവിടെയെല്ലാം ജമാഅത്ത് ആ ദൗത്യം സ്തുത്യർഹമായി നിർവ്വഹിച്ചിട്ടുണ്ട്. അത് നിർവ്വഹിച്ചു വരികയും ചെയ്യുന്നു. നമ്മുടെ പ്രതികരണവും പ്രതിഷേധവും സംഹാരാത്മകമല്ല. ഇന്ന് പാശ്ചാത്യ ലോകത്തെ ക്രിസ്ത്യാനികളിൽ നിന്നും മൂല്യങ്ങൾ നിഷ്ക്രമിച്ചിരിക്കുന്നു. അവർ ആസ്വാദനങ്ങളുടേയും അനുഭൂതികളുടേയും ലോകത്താണ്. സ്വന്തം മതത്തേയും മതമൂല്യങ്ങളേയും നിരാകരിക്കുന്ന അവർക്ക് ഇസ്‌ലാം മതത്തെ വിമർശിക്കാൻ യാതൊരു മടിയുമില്ല. വേണ്ടിവന്നാൽ ഞങ്ങൾ അല്ലാഹുവിനെതിരെയും കാർട്ടൂണുകൾ വരക്കും എന്നാണ് അവരുടെ പ്രതികരണം. ആവിഷ്ക്കാര സ്വാതന്ത്യത്തിന്റെ പേരിൽ അങ്ങേയറ്റം ലജ്ജാകരമായ പ്രവൃത്തിയാണ് അവർ ചെയ്യുന്നത്. പാശ്ചാത്യനാടുകളിൽ നിന്നുള്ള പല നീതിമാന്മാരും ഈ നിലപാടിനോട് വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. അത്തരം നീതിമാന്മാർ കാർട്ടൂൺ വിവാദത്തിലൂടെ ഉയർന്നു വന്ന സംഘർഷം ഇസ്‌ലാമിക സമൂഹവും പശ്ചാത്യ മതേതര സമൂഹവും തമ്മിലുള്ള സംഘട്ടനമാണെന്ന വാദത്തെ നിരാകരിക്കുന്നു.

ഇംഗ്ലണ്ടിലെ പ്രശസ്ത കോളമെഴുത്തുകാരനായ റോബർട്ട് ഫിസ്ക് ഇത് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ വിഷയമോ സംസ്കാര സംഘട്ടനങ്ങളുടെ പ്രശ്നമോ അല്ല എന്ന അഭിപ്രായക്കാരനാണ്. അദ്ദേഹം എഴുതുന്നു. മുസ്‌ലിംകൾക്ക് മതം ഏറ്റവും പ്രധാനപ്പെട്ടതാണ്. നൂറ്റാണ്ടുകൾക്ക് ശേഷവും അവരുടെ മതാഭിമുഖ്യത്തിന് മാറ്റമില്ല. എന്നാൽ നാം (ക്രിസ്ത്യാനികൾ) പ്രായോഗിക മതത്തെ ജീവിതത്തിൽ നിന്നും മാറ്റി നിർത്തിയവരാണ്. എന്നിട്ട് നാമിപ്പോൾ ക്രിസ്തുമതവും ഇസ്‌ലാമുമായിട്ടുള്ള സംഘട്ടനത്തെകുറിച്ച് സംസാരിക്കുന്നത് ശരിയല്ലെന്ന് ഫിസ്ക് പറയുന്നു. കുറച്ച് വർഷങ്ങൾക്ക് മുമ്പ് Last temptation of Christ എന്ന ഒരു സിനിമ റിലീസ് ചെയ്തപ്പോൾ കോപാകുലനായ ഒരു യുവാവ് ആ ഫിലിം കത്തിക്കുകയും ഫ്രാൻസുകാരനായ മറ്റൊരാൾ കൊല്ലപ്പെടുകയും ചെയ്തു. അപ്പോൾ നമുക്ക് ഇതൊന്നും സഹിക്കാനാവുന്നില്ലെങ്കിൽ മുസ്‌ലിംകളുടെ പ്രിയപ്പെട്ട പ്രവാചകനെതിരിൽ പ്രകോപനപരമായ കാർട്ടൂൺ പ്രസിദ്ധികരിച്ചാൽ അതെല്ലാം അവർ സഹിക്കണമെന്ന് പറയുന്നത് നീതിയാണോ? ഇസ്‌ലാമിന്റെ വിശുദ്ധ പ്രവാചകന്റെ ബോംബിന്റെ ആകൃതിയിലുള്ള തലപ്പാവിനെ

പ്പോലെ ഏതെങ്കിലും യഹൂദ പുരോഹിതന്റെ തലപ്പാവ് ചിത്രീകരിക്കപ്പെട്ടുവെങ്കിൽ ആന്റിസെമിറ്റിസമാണെന്ന് പറഞ്ഞ് എന്തെല്ലാം കോലാഹലങ്ങളായിരുന്നു സൃഷ്ടിക്കപ്പെടുക! യഹൂദികളുടെ അഭിമാനം വ്രണപ്പെടുകയും ചെയ്യുമായിരുന്നു. ഈ കാർട്ടൂണിലൂടെ ഇസ്‌ലാം ഒരു ഭീകരമതമാണെന്ന് വരുത്തിത്തീർക്കുകയല്ലാതെ മറ്റൊരു ലക്ഷ്യവുമില്ല എന്നും റോബ ർട്ട് ഫിസ്ക് പറയുകയുണ്ടായി. ഇത്തരത്തിൽ യൂറോപ്പിലുടനീളം നീതിമാന്മാരും വിവേകശാലികളുമായ പത്രപ്രവർത്തകർ ഈ ജുഗുപ്സാവഹമായ കാർട്ടൂണിനെതിരെ പ്രതികരിച്ചിട്ടുണ്ട്.

മുസ്‌ലിംകളുടെ തെറ്റായ പ്രതികരണ രീതിയിൽ നിന്നും ശത്രുക്കൾ ഫലം കൊയ്യുകയാണ്. ഇത് മൂലം മർദ്ദിതരായ മുസ്‌ലിംകൾ വീണ്ടും മർദ്ദകരായി ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നു. ഈ കാർട്ടൂൺ വിവാദത്തിൽ ഖേദപ്രകടനം നടത്തി ഡാനിഷ് ജനത മാപ്പ് പറഞ്ഞ വിവരം അവിടുത്തെ ടി.വി.യിൽ പ്രക്ഷേപണം ചെയ്യുകയുണ്ടായി. മാപ്പ് പറഞ്ഞു കഴിഞ്ഞാലെങ്കിലും സംഹാരാത്മകമായ പ്രതികരണം മുസ്‌ലിംകൾ നിർത്തേണ്ടതായിരുന്നു. അതിനുപകരം സംഹാരാത്മകമായ പ്രക്ഷോഭണം പൂർവ്വാധികം ശക്തിപ്പെടുത്തുകയാണ് അവർ ചെയ്യുന്നത്. അവിടത്തെ ചില ശാസ്ത്രജ്ഞന്മാരും കാർട്ടൂൺ പ്രസിദ്ധീകരണം തെറ്റായിപ്പോയെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഖേദപ്രകടനമെന്നനിലക്ക് മുസ്‌ലിംകൾക്ക് ഡെന്മാർക്കിൽ പള്ളി നിർമ്മിച്ചു കൊടുക്കണമെന്ന അഭിപ്രായവും ഉയർന്നു വന്നിട്ടുണ്ട്. പക്ഷേ ചില മുസ്‌ലിം സംഘടനകൾ കാർട്ടൂൺ പ്രസിദ്ധീകരിച്ച പത്രങ്ങൾ തങ്ങളുടെ മുമ്പിൽ വന്ന് മാപ്പ് പറഞ്ഞാൽ മാത്രമേ മുസ്‌ലിം രാജ്യങ്ങളിൽ അരങ്ങേറുന്ന കലാപങ്ങൾ നിർത്താൻ സാധ്യമാകൂ എന്ന നിലപാട് സ്വീകരിച്ചിരിക്കുകയാണ്. ഇത് കൂടുതൽ കുഴപ്പങ്ങൾക്ക് കാരണമാകും. അഹ്മദിയ്യാ ജമാഅത്തിന് ഈ കുഴപ്പങ്ങളുമായി യാതൊരു ബന്ധവുമില്ല. കാർട്ടൂൺ പ്രസിദ്ധീകരിച്ചവർ മാപ്പ് പറഞ്ഞിട്ടും മുസ്‌ലിം സംഘടനാ നേതാക്കന്മാർ കാട്ടുന്ന പിടിവാശി ശരിയല്ല. അവർ അവരുടെ പ്രതികരണ രീതി മാറ്റേണ്ടതാണ്.

ഇസ്‌ലാമിനും അതിന്റെ പരിശുദ്ധ സ്ഥാപകർക്കുമെതിരെ ആരംഭം മുതൽ തന്നെ കുൽസിത ശ്രമങ്ങളും അപകീർത്തിപ്പെടുത്തലും ഉണ്ടായിട്ടുണ്ട്. ശത്രുക്കളുടെ പ്രവർത്തനങ്ങൾകൊണ്ട് ആ മഹാത്മാവിന്റെ മഹത്വത്തിന് യാതൊരു കോട്ടവും സംഭവിക്കില്ല. അല്ലാഹുവാണ് അവിടുത്തെ ബഹുമതികളുടെ സംരക്ഷകൻ. ഇക്കാലഘട്ടത്തിൽ റസൂൽ തിരുമേനിയുടെ മഹത്വം സംരക്ഷിക്കാൻ അല്ലാഹു അയച്ച മഹാത്മാവാണ് ഹദ്റത്ത് മസീഹ് മഊദ് അഹ്മദ് (അ). അദ്ദേഹം ഏറ്റവും ഉജ്ജ്വലമായി ആ കൃത്യം നിർവ്വഹിച്ചിട്ടുണ്ട്. റസൂൽ തിരുമേനി(സ)ക്കെതിരെ ഇത്തരത്തിലുള്ള ആക്രമണങ്ങളും അവഹേളനങ്ങളുമുണ്ടായപ്പോഴെല്ലാം വാഗ്ദത്ത് മസീഹും അവിടുത്തെ ഖലീഫമാരും റസൂൽ തിരുമേനി (സ) യുടെ മാർഗ്ഗദർശനവും ഖുർആന്റെ അദ്ധ്യാപനവുമനുസരിച്ചായിരുന്നു പ്രവർത്തിച്ചത്. പ്രാഥമികമായി നാം ചെയ്യേണ്ടത് അല്ലാഹുവിന്റെ തിരുമുമ്പിൽ പ്രണമിച്ചു കൊണ്ട് അവനോട് സഹായം തേടലാണ്.

റസൂൽ തിരുമേനി(സ) യുടെ നേരെയുള്ള നിന്ദക്കെതിരെ ഹദ്റത്ത് അഹ്മദിന്റെ ആദ്യത്തെ പ്രതികരണം അബ്ദുല്ലാ ആഥിമിനെ അഭിമുഖീകരിച്ചുകൊണ്ടുള്ളതായിരുന്നു. ഹദ്റത്ത് അഹ്മദ് (അ) അദ്ദേഹവുമായി ഒരു സംവാദം നടത്തിക്കൊണ്ടിരുന്നപ്പോൾ റസൂൽ തിരുമേനി (സ) ക്കെതിരെ 'ദജ്ജാൽ' (നഊദുബില്ലാഹ്) എന്ന പദം പ്രയോഗിച്ചപ്പോൾ റസൂൽ തിരുമേനി (സ) യുടെ മഹത്വം സംരക്ഷിക്കാൻ അല്ലാഹു നിയോഗിച്ച ആ സിംഹം സടകുടഞ്ഞെഴുന്നേൽക്കുകയും റസൂൽ തിരുമേനി (സ) യെ അധിക്ഷേപിച്ച അബ്ദുല്ലാ ആഥം 15 മാസത്തിന്നുള്ളിൽ ഹാവിയായിൽ (നരകത്തിൽ) പതിക്കുന്നതായിരിക്കുമെന്ന് ദൈവിക അറിയിപ്പ് പ്രകാരം താക്കീത് ചെയ്യുകയുണ്ടായി. ഇസ്‌ലാം മതത്തെ വിമർശിച്ചതിന്റെ പേരിലായിരുന്നില്ല അല്ലാഹുവിൽ നിന്നുള്ള ആ താക്കീത്. അതിന് വിമർശകർക്ക് സ്വാതന്ത്ര്യമുണ്ട്. മറിച്ച് ദൈവഭയമില്ലായ്മയും പൊങ്ങച്ചവും ദുർഭാഷണവുമാണ് ശിക്ഷക്ക് കാരണം. ഹദ്റത്ത് അഹ്മദ് (അ) ന്റെ ഈ ദൈവിക മുന്നറിയിപ്പ് കേട്ടപ്പോൾ അബ്ദുല്ലാ ആഥി വിറകൊള്ളുകയും ഭയാക്രാന്തനായി വിളറിപ്പോവുകയും ചെയ്തു. ഇരു കൈകളും ചെവിക്ക് പിടിച്ച് തൗബാ തൗബാ എന്ന് പറഞ്ഞ് ഞാൻ അനാദരം കാണിച്ചിട്ടില്ലാ ഞാൻ നബിയെക്കുറിച്ച് ദജ്ജാലെന്ന് പറഞ്ഞിട്ടില്ല എന്ന് പറഞ്ഞു. ഇതായിരുന്നു ദൈവികസഹായത്തോടെയുള്ള പ്രതിഷേധ പ്രകടനം. ആര്യസമാജക്കാരനായിരുന്ന ലേഖ്റാമായിരുന്നു രണ്ടാമത്തെ പ്രവാചകനിന്ദകൻ നബിക്കെതിരെ വളരെയേറെ അസഭ്യങ്ങൾ പറയാറുള്ളയാളായിരുന്നു ലേഖ്റാം. ഇത് കേട്ട് ഹദ്റത്ത് വാഗ്ദത്ത മസീഹ് അത്യധികം വ്യസനത്തോടെ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചപ്പോൾ അയാൾ 6 വർഷത്തിനുള്ളിൽ നശിപ്പിക്കപ്പെടുന്നതാണെന്ന സുവാർത്ത അല്ലാഹു അദ്ദേഹത്തെ അറിയിച്ചു. അതു പ്രകാരം റസൂൽ തിരുമേനി(സ)ക്കെതിരെയുള്ള ആ ദുർഭാഷണക്കാരൻ ദാരുണമായി കൊല്ലപ്പെട്ടു. ആയതിനാൽ ഏറ്റവും ശക്തമായ ആയുധം പ്രാർത്ഥനയാണ്. അതിൽ മുറുകെ പിടിക്കുക. അല്ലാഹുവിന്റെ പിടിത്തത്തിൽ നിന്നും കുതറിമാറാൻ ആർക്കും സാധ്യമല്ല. നാം ചെയ്യേണ്ടത് ലോകത്തിന് മുമ്പിൽ മറഞ്ഞു നിൽക്കുന്ന റസൂൽ തിരുമേനി (സ) യുടെ പവിത്രജീവിതം ആളുകൾക്ക് മനസ്സിലാക്കി കൊടുക്കുകയാണ്. അതുപോലെ രണ്ടാം ഖിലാഫത്തിന്റെ കാലത്ത് റസൂൽ തിരുമേനി(സ)ക്കെതിരെ പ്രസിദ്ധീകരിച്ച

ക്ഷുദ്ര കൃതിയായിരുന്നു 'റംഗീലാ റസൂൽ' ഈ അവസരത്തിൽ ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഹദീസുകളിൽ പറഞ്ഞ മൂന്ന് തത്വമനുസരിച്ചുള്ള പ്രതികരണമായിരുന്നു നടത്തിയത്. ആ തത്ത്വങ്ങൾ ഇവയാണ്. ഒന്ന് നമ്മുടെ ജീവിതം ഭയഭക്തിയുള്ളതാക്കുക രണ്ട് റസൂൽ തിരുമേനി (സ) യെ ലോകത്തിന് പരിചയപ്പെടുത്തുക മൂന്ന് മുസ്ലിംകളെ സാംസ്കാരികവും സാമ്പത്തികവുമായ അടിമത്തത്തിൽ നിന്നും മോചിപ്പിക്കുക എന്നിവയാണവ. മുസ്ലിംകൾ സ്വതന്ത്ര രാഷ്ട്രങ്ങളായിരുന്നിട്ടും പാശ്ചാത്യ കോയ്മകളുടെ അടിമകളാണെന്ന കാര്യം ഓർക്കുക. ഈ ക്ഷുദ്ര കൃതിയുടെ പ്രസിദ്ധീകരണത്തെ തുടർന്ന് സീറത്തു നബി (നബികീർത്തന യോഗങ്ങൾ) സംഘടിപ്പിക്കാനും ഖലീഫ തിരുമനസ്സ് രണ്ടാമൻ നിർദേശിച്ചു. അതുപോലെ നാലാം ഖിലാഫത്തിന്റെ കാലത്തായിരുന്നു റുഷ്ദി റസൂൽ തിരുമേനി (സ) ക്കെതിരെ നോവലെഴുതിയത്. ആ സന്ദർഭത്തിൽ ഖലീഫ തിരുമനസ്സ് നാലാമൻ എഴുത്തുകളിലൂടെ പ്രതികരിക്കാൻ ജമാഅത്തിനോട് ആഹ്വാനം നൽകിയിരുന്നു. അദ്ദേഹം റുഷ്ദിയുടെ ആക്ഷേപങ്ങൾക്കെതിരിൽ ഒരു പുസ്തകം എഴുതിക്കുകയും ചെയ്തു. ഈ കൃത്യത്തിൽ മറ്റുള്ളവരേയും പങ്കെടുപ്പിക്കാനും അദ്ദേഹം അഭ്യർത്ഥിക്കുകയുണ്ടായി.

ലോകത്തിന് മുഴുവൻ കാരുണ്യമായി അയക്കപ്പെട്ട റസൂൽ തിരുമേനി (സ) യെയാണ് ഇക്കൂട്ടർ മോശമായി ചിത്രീകരിച്ചത്. റസൂൽ തിരുമേനി (സ) യുടെ മഹത്വം ലോകത്തിന് മനസ്സിലാക്കിക്കൊടുക്കാൻ മുസ്ലിംകൾ അവരുടെ നിലപാടും പ്രവർത്തന രീതിയും മാറ്റണം. ഡന്മാർക്കിൽ കാർട്ടൂൺ പ്രസിദ്ധീകരിച്ചത് ഇപ്പോഴല്ല. കഴിഞ്ഞ വർഷം സെപ്തംബറിലാണ്. അപ്പോൾ തന്നെ ആ പത്രത്തെ സമീപിച്ച നമ്മുടെ ഒരു മുബല്ലിഗിനോട് കാർട്ടൂൺ വരച്ചയാൾ മാപ്പ് പറഞ്ഞതായി അറിയുന്നു. തക്ക സമയത്ത് തന്നെ അഹ്മദികൾ പ്രതികരിച്ചു. ഇപ്പോൾ ഹർത്താലും തീവെപ്പും മറ്റു സംഹാര താണ്ഡവങ്ങളും നടത്തുന്നത് ശരിയല്ല. നമ്മുടെ മുബല്ലിഗ് റസൂൽ തിരുമേനി (സ) യെ കുറിച്ച് എഴുതിയ ഒരു ലേഖനം ആ പത്രം തന്നെ പ്രസിദ്ധീകരിച്ചിരുന്നു. ആ ലേഖനത്തിന് നാനാഭാഗത്ത് നിന്നും വളരെ നല്ല പ്രതികരണമുണ്ടായി. പിന്നീട് അദ്ദേഹത്തെ അവിടുത്തെ ജേർണലിസ്റ്റ് യൂണിയൻ വിവാദം സംബന്ധിച്ച് നടത്തിയ ഒരു യോഗത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു. അവിടെ വെച്ചുള്ള പ്രഭാഷണത്തിൽ ആവിഷ്ക്കാരസ്വാതന്ത്ര്യം നിയമം അനുവദിക്കുന്നുവെങ്കിലും അന്യരുടെ വികാരം വ്രണപ്പെടുത്തുന്നത് ഒരിക്കലും ശരിയല്ലെന്നും ഒരു ബഹുമത സമൂഹത്തിൽ ജീവിക്കുമ്പോൾ അന്യ മതസ്ഥരുടെ മതഭാവുകത്വത്തെ ഗൗനിക്കേണ്ടത് അനുപേക്ഷണീയമാണെന്നും അദ്ദേഹം അവരെ ഓർമ്മിപ്പിച്ചു. സമാധാനത്തിന്റേയും കനിവിന്റേയും രാജകുമാരനായ റസൂൽ തിരുമേനി (സ) യുടെ മഹനീയ ജീവിതം അവർക്കു മുമ്പിൽ വിവരിച്ചുകൊണ്ട് ഇങ്ങനെയുള്ള ഒരു ദിവ്യത്മാവിനെതിരെ കാർട്ടൂൺ വരക്കുന്നത് ശരിയാണോ എന്ന് ഹൃദയസ്പൃക്കായ നിലയിൽ അദ്ദേഹം ചോദിച്ചു. ഈ പ്രസംഗം കേട്ട കാർട്ടൂണിസ്റ്റ് ഇത് ആദ്യം ശ്രവിച്ചിരുന്നുവെങ്കിൽ താൻ ഇത് ചെയ്യില്ലായിരുന്നുവെന്ന് പരസ്യമായി പറയുകയുണ്ടായി. ഡെന്മാർക്കിലെ ഒരു മന്ത്രിയും വേദിയിലുണ്ടായിരുന്നു. പിന്നീട് ഈ പ്രസംഗം പത്രങ്ങളിലും ടി.വി. യിലും വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു. തുടക്കത്തിൽ തന്നെ അഹ്മദികൾ ഇത്തരത്തിൽ പ്രവർത്തിച്ചതിന്റെ ഫലമായി നല്ലൊരു പ്രതികരണവും ഖേദപ്രകടനവും അവരിൽ ഉണ്ടാക്കാൻ സാധിച്ചു. ഇപ്പോഴുള്ള സംഹാരാത്മകമായ പ്രതികരണം കൊണ്ട് വിപരീതഫലമാണ് ഉണ്ടാവുന്നത്.

മാധ്യമങ്ങളിലൂടെയുള്ള ഇത്തരം പ്രചാരണങ്ങളെ തടയാൻ ഭാവിയിൽ നമ്മുടെ യുവാക്കൾ ജേർണലിസം പഠിച്ചു കൊണ്ട് തദ്‌വിഷയങ്ങളിൽ പ്രാവീണ്യം നേടണം. ജമാഅത്തുകൾ അതിന്നായി പദ്ധതികൾ തയ്യാറാക്കുകയും വേണം. പത്രങ്ങളിലെല്ലാം നമ്മുടെ പ്രതികരണം ഉണ്ടാവണം. നമ്മുടെ സാന്നിദ്ധ്യം തീർച്ചയായും എല്ലായിടത്തും നിറഞ്ഞു നില്ക്കണം. മാധ്യമങ്ങളുമായി നാം നല്ല ബന്ധം സ്ഥാപിക്കേണ്ടതുണ്ട്.

ഖുർആൻ പറയുന്നു:

അല്ലാഹുവിനേയും അവന്റെ ദൂതനേയും ശല്യപ്പെടുത്തുന്നവരാരോ നിശ്ചയമായും അവരെ അല്ലാഹു ഇഹത്തിലും പരത്തിലും ശപിച്ചിരിക്കുന്നു. അവർക്ക് അപമാനകരമായ ശിക്ഷ അവൻ ഒരുക്കി വെക്കുകയും ചെയ്തിട്ടുണ്ട് (33:58)

ഈ സൂക്തം ഇന്നും സജീവമാണ് റസൂൽ തിരുമേനി (സ) യെ അപകീർത്തിപ്പെടുത്തുന്നവനെതിരെ നടപടി സ്വീകരിക്കാൻ അല്ലാഹു ശക്തനാണെന്ന് നാമോർക്കുക. റസൂൽ തിരുമേനി (സ) യുടെയും വിശുദ്ധ ഖുർആന്റേയും അദ്ധ്യാപനം ജീവിതത്തിൽ പകർത്തി നാം കർമ്മങ്ങളിലൂടെ ലോകത്തെ നമ്മിലേക്ക് ആകർഷിക്കണം. ഇക്കാര്യം മുസ്ലിംകളെ നാം അറിയിക്കണം. വിനാശകരമായി പ്രതികരിക്കുന്നതിന് പകരം സഹനത്തോടെ റസൂൽ തിരുമേനി(സ)യുടെ സ്നേഹസന്ദേശം ലോകത്ത് പ്രചരിപ്പിക്കുക. നാം നാശത്തിന്റെ അഗ്നി ഒരിക്കലും കൊളുത്തരുത്. അഹ്മദികളിൽപ്പെട്ട ആബാലവൃദ്ധം ജനങ്ങളും കൊളുത്തുന്ന അഗ്നി മനഷ്യരുടെ ഹൃദയത്തിലായിരിക്കണം. നമ്മുടെ ദുആക്കൾ കൊണ്ട് ആ അഗ്നി ആളിക്കത്തിക്കുക. കുഴപ്പങ്ങൾ നിറഞ്ഞ ഇക്കാലത്ത് റസൂൽ തിരുമേനി (സ) യോടുള്ള സ്നേഹത്താൽ ലോകത്തെ ബന്ധിച്ചു നിർത്തുകയാണ് അഹ്മദികളുടെ ദൗത്യം. ഖുർആൻ പറയുന്നു:

'അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങൾ

*(ശേഷം 13-ാം പേജിൽ)*

## ലേഖനം

# മതനിന്ദ

### മിർസാ ത്വാഹിർ അഹ്മദ് ഖലീഫത്തുൽ മസിഹ് IV

**മതനിന്ദ ഏറ്റവും ജുഗുപ്സാവഹവും ഹീനവുമായ പാപമാണ്. പക്ഷേ മതനിന്ദക്ക് യാതൊരു ഭൗതികശിക്ഷയും ഖുർആൻ നിർദ്ദേശിക്കുന്നില്ല.**

ദൗത്യ നിർവ്വഹണം കഴിഞ്ഞ് മദീനയിൽ എത്തിചേർന്നതിന് ശേഷവും അബ്ദുല്ലാഹിബ്നു ഉബയ്യ സമാധാന ജീവിതം മദീനയിൽ തുടരുകയുണ്ടായി. അദ്ദേഹം സാധാരണ നിലയിൽ മരിച്ചപ്പോൾ അബ്ദുല്ലാഹിബ്നു ഉബയ്യയുടെ മൃതദേഹം പുതപ്പിക്കാൻ അദ്ദേഹത്തിന്റെ മകന് റസൂൽ തിരുമേനി (സ) തന്റെ വസ്ത്രം നൽകിയത് എല്ലാവരേയും അത്ഭുതപ്പെടുത്തി. തീർച്ചയായും അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ മകനിൽ നിന്നും റസൂൽ തിരുമേനി (സ) യുടെ വിശുദ്ധ വസ്ത്രം എന്ത് വില കൊടുത്തും വാങ്ങുവാൻ അനുചരന്മാർ ആഗ്രഹിച്ചിരുന്നിരിക്കണം. അത് മാത്രമല്ല. റസൂൽ തിരമേനി (സ) അദ്ദേഹത്തിന്റെ മയ്യത്ത് നിസ്കാരത്തിന് നേതൃത്വം നൽകാൻ തീരുമാനിച്ചു. ഇത് റസൂൽ തിരുമേനി (സ) യുടെ അനുചരന്മാരിൽ കടുത്ത നീരസമുണ്ടാക്കി. മേൽ വിവരിച്ച അപരാധം കാരണം അവർ ഒരിക്കലും അദ്ദേഹത്തിന് മാപ്പ് നൽകിയിരുന്നില്ല. രണ്ടാം ഖലീഫയായി പിന്നീട് അവരോധിതനായ ഹദ്റത്ത് ഉമർ (റ) വിന്ന് ഇത് സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ഇതിനെതിരെ പതുക്കെ ശബ്ദമുയർത്തി.

ആ സംഭവം ഇപ്രകാരം നിവേദനം ചെയ്യപ്പെടുന്നു. റസൂൽ തിരുമേനി മയ്യത്ത് നിസ്കാരത്തിന്നായി എഴുന്നേറ്റപ്പോൾ ഉമർ മുന്നോട്ടുവന്നു വഴിയിൽ നിന്നു. ഈ തീരുമാനത്തിൽ നിന്നും പിന്മാറാൻ തിരുമേനി (സ) യോട് യാചിച്ചു. ചില അറിയപ്പെട്ട കപട വിശ്വാസികൾക്ക് വേണ്ടി റസൂൽ തിരുമേനി പോലും എഴുപത് തവണ പ്രാർത്ഥിച്ചാലും അത് സ്വീകരിക്കപ്പെടുകയില്ല എന്ന ഖുർആൻ വചനം ഓർമ്മിപ്പിച്ചു. എഴുപത് എന്ന സംഖ്യ അറബി പ്രയോഗ പ്രകാരം ഒരു നിശ്ചിത എണ്ണത്തെക്കുറിക്കുന്ന പദമല്ല. അത് വലിയൊരു എണ്ണം എന്ന അർത്ഥത്തിലാണ് ഉപയോഗിക്കാറ്.

എന്നാൽ റസൂൽ തിരുമേനി (സ) പുഞ്ചിരിതൂകിക്കൊണ്ട് പ്രതിവചിച്ചു: ഉമർ വഴിമാറി നില്ക്കൂ, ഞാൻ എഴുപത് തവണ പ്രാർത്ഥിച്ചാൽ പോലും അല്ലാഹു അദ്ദേഹത്തിന് മാപ്പ് നൽകില്ല എന്നെനിക്കറിയാമെങ്കിൽ ഞാൻ അദ്ദേഹത്തിന് വേണ്ടി എഴുപതിലധികം പ്രാവശ്യം പ്രാർത്ഥിക്കും (ബുഖാരി II കിത്താബ് അൽ ജനായിസ് ഭാ-121)

ഇസ്ലാം മതസ്ഥാപകരായ റസൂൽ തിരുമേനിയെ അപമാനിക്കുന്നവർക്ക് മരണശിക്ഷ നൽകണമെന്ന് മുറവിളി കൂട്ടുന്നവർക്ക് ഉചിതമായ മറുപടിയാണിത്.

ഒരു സന്ദേശം പ്രചരിപ്പിക്കുന്നതിന്നും അതുപോലെ മനുഷ്യന്റെ അന്തസ്സ് പുനഃസ്ഥാപിക്കുന്നതിന്നും ആശയ പ്രചാരണ സ്വാതന്ത്ര്യവും ആശയ പ്രകാശന സ്വാതന്ത്ര്യവും ഏറ്റവും പ്രധാനമാണ്. മനുഷ്യന്റെ അന്തസ്സിന്റെ പുനഃസ്ഥാപനവും പരിരക്ഷയും സ്വയം ഏറ്റെടുക്കാത്ത ഒരു മതം യാതൊരർത്ഥത്തിലും വിലയില്ലാത്തതാണ്.

ഭൂതകാലത്തിന്റെ വെളിച്ചത്തിൽ ഇസ്ലാമിനെ പോലെയുള്ള ഒരു മതത്തിന് പ്രചാരണ സ്വാതന്ത്ര്യവും ആശയപ്രകാശന സ്വാതന്ത്ര്യവും ഒരിക്കലും തടയാൻ സാധ്യമല്ല എന്ന കാര്യം സ്പഷ്ടമാണ്. മറിച്ച് ഇസ്ലാം ഈ തത്ത്വത്തെ ധീരതയോടെ ഉയർത്തിപ്പിടിക്കുന്നു. ലോകത്തിലെ മറ്റു മതങ്ങളിലും പ്രത്യയശാസ്ത്രങ്ങളിലും അപൂർവ്വമായി മാത്രമേ ഇത്തരം വീര പ്രഖ്യാപനങ്ങൾ കാണാൻ സാധിക്കുന്നുള്ളൂ. ഖുർആൻ പറയുന്നു:

'യഹൂദരോ, ക്രൈസ്തവരോ അല്ലാതെ മറ്റാരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലെന്ന് അവർ (യഹൂദികളും ക്രിസ്ത്യാനികളും) പറയുന്നു. അതവരുടെ വ്യാമോഹങ്ങളാണ്. പറയുക നിങ്ങൾ സത്യവാദികളാണെങ്കിൽ നിങ്ങളുടെ തെളിവ് ഹാജരാക്കുക.' (2:12). വീണ്ടും ഖുർആൻ പറയുന്നു: അവനു പുറമെ മറ്റുദൈവങ്ങളെ അവർ സ്വീകരിച്ചുവോ? പറയുക! നിങ്ങൾ നിങ്ങളുടെ തെളിവ് കൊണ്ടു വരിക. ഇത് എന്റെ കൂടെയുള്ളവർക്ക് ബഹുമതിക്ക് കാരണമാണ്. പക്ഷേ, അവരിൽ അധികമാളുകളും സത്യം അറിയുന്നില്ല. അതിനാൽ അവർ മുഖം തിരിച്ചു കളയു

ന്നു.(21:25)

'ഓരോ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ നാം പുറത്ത് കൊണ്ടു വരും. എന്നിട്ട് നിങ്ങളുടെ തെളിവ് കൊണ്ടുവരിക എന്ന് നാം പറയും. അപ്പോൾ സത്യം അല്ലാഹുവിന് തന്നെയാണെന്ന് അവർ അറിയും. അവർ വ്യാജമായി നിർമ്മിച്ചിരുന്ന വസ്തുക്കളെല്ലാം അവരിൽ നിന്ന് അപ്രത്യക്ഷമാകുകയും ചെയ്യും.' (28:70)

## സ്വാതന്ത്ര്യവും വിമോചനവും സമകാലീന ലോകപരിപ്രേക്ഷ്യത്തിൽ

സ്വാതന്ത്ര്യം, വിമോചനം എന്നീ രണ്ട് പ്രധാന മുദ്രാവാക്യങ്ങൾ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വ്യത്യസ്ത ഭാവ തീവ്രതയോടെയും വിവിധങ്ങളായ അർത്ഥധ്വനികളോടെയും ലോകത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുകയാണ്. എന്തുതന്നെയായിരുന്നാലും സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും അതിന്റെ മൂല്യത്തെ സംബന്ധിച്ചും മനുഷ്യന്ന് വർദ്ധമാനമായ തോതിൽ അവബോധവും ജാഗ്രതയും ഏറി വരികയാണ് എന്ന കാര്യത്തിൽ സംശയമില്ല. ലോകത്തെല്ലായിടുത്തും വിമോചനത്തെ സംബന്ധിച്ച ആവശ്യം അനുഭവപ്പെടുന്നു. പക്ഷേ എന്തിൽ നിന്നുള്ള വിമോചനമാണ് ആവശ്യമായിട്ടുള്ളത്? വൈദേശിക ഭരണത്തിൽ നിന്നുള്ളതാണോ; ഏകാധിപത്യത്തിൽ നിന്നാണോ; സ്വേഛാധിപത്യ പ്രത്യയശാസ്ത്രത്തിലധിഷ്ഠിതമായ പ്രത്യയശാസ്ത്രങ്ങളിൽ നിന്നോ, ദരിദ്ര രാജ്യങ്ങളെ വരിഞ്ഞു മുറുക്കിയ ധനിക രാജ്യങ്ങളിൽ നിന്നോ; അജ്ഞത, അന്ധവിശ്വാസം, പ്രേതബാധ ഇവകളിൽ നിന്നോ?

ഇസ്ലാം ഈ വക രോഗങ്ങളിൽ നിന്നെല്ലാം മനുഷ്യനെ മോചിപ്പിച്ച് സ്വാതന്ത്ര്യം നൽകുന്ന വിജയ ദാതാവാണ്. പക്ഷേ അത് അരാജകത്വവും അരക്ഷിതത്വവും സൃഷ്ടിച്ചു കൊണ്ടല്ല വിവേചനരഹിതമായി നിരപരാധികളെ പീഡിപ്പിച്ചു കൊണ്ടുമല്ല അത് സ്ഥാപിതമാകുന്നത്. ഇസ്ലാമിന്റെ സന്ദേശം ഇതാകുന്നു

***'ദൈവം അരാജകത്വം ഇഷ്ടപ്പെടുന്നില്ല' (2:20)***

മറ്റെല്ലാ മതങ്ങളേയും പോലെ കൊടുക്കുക എടുക്കുക എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ഇസ്ലാം സന്തുലിതമായ സ്വാതന്ത്ര്യത്തിലാണ് ഊന്നുന്നത്. കേവല സ്വാതന്ത്ര്യം അഥവാ സർവ്വ സ്വാതന്ത്ര്യം എന്നത് ഒരു സമൂഹത്തിന്റെ പശ്ചാത്തലത്തിൽ പൊള്ളയായതും അസ്വാഭാവികവും അയഥാർത്ഥവുമായ ഒരു സങ്കല്പമാണ്.

ചിലപ്പോൾ സ്വാതന്ത്ര്യ സങ്കല്പം തെറ്റായ രീതിയിൽ മനസ്സിലാക്കപ്പെടുകയും തെറ്റായ രീതിയിൽ ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. ഹൃദയഹാരിയായ ആശയ പ്രചാരണ സ്വാതന്ത്ര്യ സങ്കല്പം ഹീനത്വത്തിനും ഭർത്സനത്തിനും വിദ്വേഷത്തിനും, അവഹേളനത്തിനും, നിന്ദക്കുമുള്ള സ്വാതന്ത്ര്യമായി ദുരുപയോഗം ചെയ്യപ്പെടുന്നു.

## മതനിന്ദ

മനുഷ്യന്ന് ആശയ പ്രകടന സ്വാതന്ത്ര്യവും പ്രചാരണ സ്വാതന്ത്ര്യവും അനുവദിക്കുന്ന കാര്യത്തിൽ മറ്റെല്ലാ മതങ്ങളെക്കാളും ഇസ്ലാം ഒരു പടി മുന്നിട്ട് നില്ക്കുന്നു. മതനിന്ദ എന്നത് നൈതികമായും ധാർമ്മികമായും അപലപനീയമാണ് എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ഇന്ന് ലോകത്ത് പൊതുവെ കാണപ്പെടുന്ന വീക്ഷണം പോലെ മതനിന്ദക്ക് ഇസ്ലാം യാതൊരു ശിക്ഷയും ശുപാർശ ചെയ്യുന്നില്ല.

**അത്യഗാധമായ ശ്രദ്ധയോടെയും അതി സൂക്ഷ്മമായും ആവർത്തിച്ചും ഞാൻ വിശുദ്ധ ഖുർആൻ പരിശോധിച്ചു നോക്കിയിട്ടും മതനിന്ദ മനുഷ്യൻ ശിക്ഷിക്കേണ്ടുന്ന ഒരു കുറ്റമാണെന്ന് പ്രഖ്യാപിക്കുന്ന ഒരു വചനം പോലും ഖുർആനിൽ എനിക്ക് കാണാൻ സാധിച്ചില്ല.**

അത്യഗാധമായ ശ്രദ്ധയോടെയും അതിസൂക്ഷ്മമായും ആവർത്തിച്ചും ഞാൻ വിശുദ്ധ ഖുർആൻ പരിശോധിച്ചു നോക്കിയിട്ടും മതനിന്ദ മനുഷ്യൻ ശിക്ഷിക്കേണ്ടുന്ന ഒരു കുറ്റമാണെന്ന് പ്രഖ്യാപിക്കുന്ന ഒരു വചനം പോലും ഖുർആനിൽ എനിക്ക് കാണാൻ സാധിച്ചില്ല. അതേ സമയം അന്യരുടെ വികാരത്തെ വ്രണപ്പെടുത്തുന്ന വാക്കോ പ്രവൃത്തി യോ അറിഞ്ഞോ അറിയാതെയോ ഉപയോഗിക്കരുതെന്ന് വിശുദ്ധ ഖുർആൻ ശക്തമായി നിരുത്സാഹപ്പെടുത്തുന്നു. മതനിന്ദക്ക് ഈ ലോകത്ത് ഒരു ശിക്ഷയും ഇസ്ലാം നിർദ്ദേശിക്കുന്നില്ല. അതിന്നുള്ള അധികാരവും ആർക്കും നൽകിയിട്ടില്ല.

മതനിന്ദയെപ്പറ്റി അഞ്ച് തവണ ഖുർആനിൽ പ്രതിപാദിച്ചിട്ടുണ്ട്.

1. ഉദാഹരണത്തിന് ഈ വിഷയം പൊതുവായി പ്രതിപാദിക്കുന്നു.

'അല്ലാഹുവിന്റെ വചനങ്ങളെ സംബന്ധിച്ച് നിഷേധം പ്രകടിപ്പിക്കുന്നതായും അത് പരിഹസിക്കപ്പെടുന്നതായും നിങ്ങൾ കേൾക്കുന്നതായാൽ അവർ അതല്ലാതെ മറ്റൊരു വിഷയത്തിൽ ഏർപ്പെടുന്നത് വരെ നിങ്ങൾ അവരോടൊപ്പം ഇരിക്കരുത്, എന്ന് അല്ലാഹു ഈ ഗ്രന്ഥത്തിൽ (വിധി) ഇറക്കിയിട്ടുണ്ട്. അങ്ങനെയായാൽ തീർച്ചയായും നിങ്ങളും അവരെപ്പോലെ തന്നെയായിരിക്കും (ഗണിക്കപ്പെടുന്നത്). അല്ലാഹു കപട വിശ്വാസികളെയും അവിശ്വാസികളെയും നരകത്തിൽ ഒന്നായി ഒരുമിച്ചു ഇടുകതന്നെ ചെയ്യും (4:14)

'നമ്മുടെ ദൃഷ്ടാന്തങ്ങളെ സംബന്ധിച്ച് (വിമർശിച്ചു കൊണ്ട്) വ്യർഥ ഭാഷണം നടത്തുന്നവരെ നീ

കണ്ടാൽ അവർ മറ്റൊരു വർത്തമാന ത്തിൽ പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്നും മാറി നില്ക്കുക. പിശാച് വല്ലപ്പോഴും നിനക്ക് മറവി വരുത്തുന്നതായാൽ ഓർമ്മയായ തിനു ശേഷം അധർമ്മകാരികളോ ടൊപ്പം നീ ഇരിക്കരുത്'.(6:69)

മതനിന്ദയുടെ ഹീനത്വത്തോട് എന്തൊരു മനോഹരമായ പ്രതികര ണം! മതനിന്ദകനായ ഒരാൾക്കെതി രെ എന്തെങ്കിലും തരത്തിലുള്ള ശി ക്ഷാ നടപടികൾ കൈക്കൊള്ളാൻ ഇസ്ലാം ആരേയും അനുവദിക്കുന്നി ല്ല.. എന്നാൽ മതമൂല്യങ്ങളെ പരിഹ സിക്കപ്പെടുകയും അവഹേളിക്കപ്പെടു കയും ചെയ്യുന്ന ആ സഭയിൽ നിന്നും തങ്ങളുടെ പ്രതിഷേധം രേഖപ്പെടു ത്തിക്കൊണ്ട് ആളുകൾ ഇറങ്ങിപോ കണമെന്ന് ഖുർആൻ നിർദ്ദേശിക്കു ന്നു. വളരെ പോസിറ്റീവായ ഈ നട പടിക്ക് പുറമെ മതനിന്ദകനെതിരെ ഒരു സ്ഥിരം ബഹിഷ്ക്കരണം നട ത്താൻ പോലും വിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്നില്ല. മറിച്ച്, മതനിന്ദ കൻ മതനിന്ദയിലേർപ്പെടുന്ന സമയ ത്ത് മാത്രമാണ് ഈ ബഹിഷ്ക്കരണ മെന്ന് വിശുദ്ധഖുർആൻ പറയുന്നു.

വീണ്ടും സൂറ:അൻആമിൽ മത നിന്ദ പരാമർശിക്കപ്പെടുന്നു. അവിടെ ദൈവത്തെ സംബന്ധിച്ച് മാത്രമല്ല, ദൈവത്തെ കൂടാതെ വിഗ്ര ഹങ്ങളേയും സാങ്കല്പികമായ ആരാ ധനാ മൂർത്തികളേയും നിന്ദിക്കുന്നത് സംബന്ധിച്ച് സൈദ്ധാന്തികമായി ചർച്ച ചെയ്യുന്നു. ഒരാൾ ഈ ഖുർ ആനികാദ്ധ്യാപനങ്ങൾ വായിക്കു മ്പോൾ അതിന്റെ മനോഹാരിതയിൽ അയാൾ ഖുർആനിലേക്ക് വശീകരി ക്കപ്പെട്ടുപോകും.

'അല്ലാഹുവിനു പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ ശത്രുതനിമിത്തം അവർ അറിവില്ലാതെ അല്ലാഹുവിനെ ശകാ രിച്ചേക്കും. ഇപ്രകാരം ഒരോ സമു ദായത്തിനും അവരുടെ പ്രവർത്ത നത്തെ നാം അലങ്കാരമാക്കി കാ ണിച്ചു കൊടുത്തു. പിന്നീട് അവന്റെ നാഥന്റെയടുക്കലേക്കാണ് അവരുടെ മടക്കം. അപ്പോൾ അവർ പ്രവർ ത്തിച്ചു കൊണ്ടിരുന്നതിനെ സംബ ന്ധിച്ച് അവർക്ക് അവൻ വിവരം നൽകുന്നതാണ്. (6:109).

ഈ വചനങ്ങളിൽ മുസ്ലിംക ളാണ് അഭിസംബോധന ചെയ്യപ്പെ ട്ടത്. അവർ ബിംബാരാധകരുടെ വിഗ്രഹങ്ങളേയും ആരാധനാ മൂർത്തി കളേയും നിന്ദിക്കരുതെന്ന് വളരെ കർശനമായി വിലക്കിയിരിക്കുന്നു. ഒരാൾ വിഗ്രഹങ്ങളെ നിന്ദിക്കുമ്പോൾ പകരം വീട്ടാൻ അയാൾ ദൈവ ത്തേയും നിന്ദിക്കുമെന്നാണ് ചൂണ്ടി ക്കാട്ടപ്പെടുന്നത്. മതനിന്ദയെ സംബ ന്ധിച്ച ഈ സൈദ്ധാന്തിക ചർച്ചയിൽ ദൈവത്തെയും വിഗ്രഹങ്ങളേയും നിന്ദിക്കുന്നത് ഒരേ രീതിയിലാണ് കാണുന്നത്. രണ്ട് വിഷയത്തിലും ശിക്ഷാ നടപടി പ്രതിപാദിച്ചിട്ടില്ല.

ഈ അദ്ധ്യാപനത്തിലെ ധാർ മ്മിക തത്ത്വം അഗാധമായ ദിവ്യ ജ്ഞാനത്തിൽ നിർഭരമാണ്. ഒരാൾ മറ്റൊരാളുടെ ആത്മീയമായ ഭാവുക ത്വത്തെ വ്രണപ്പെടുത്തുകയാണെ ങ്കിൽ ആത്മീയത വ്രണപ്പെട്ട അയാൾക്ക് അതേനാണയത്തിൽ തിരിച്ചടിക്കാൻ അവകാശമുണ്ട്. അത് അവന്റെ വിശ്വാസത്തിന്റെ, സ്വ ഭാവമോ, അത് തെറ്റോ ശരിയോ എന്നൊന്നും നോക്കാതെ തന്നെ അ തേപോലെ തിരിച്ചടിക്കാം. മറ്റൊരു രീതിയിൽ പ്രതികാരം ചെയ്യാൻ അനു വാദമില്ല. ഇതിൽ നിന്നും നമുക്ക് ഉചിതമായ ഒരു നിഗമനത്തിലെത്താ വുന്നതാണ്. ആത്മീയമായ കുറ്റങ്ങ ൾക്ക് ആത്മീയമായി തന്നെ പകരം വീട്ടാവുന്നതാണ്. അതായത് ഭൗതി കമായ കുറ്റങ്ങൾക്ക് ഭൗതികമായി പ്രതിക്രിയ ചെയ്യുന്നത് പോലെ. അവ തമ്മിൽ പരസ്പരം അതിവർ ത്തിക്കാൻ പാടില്ല.

3) മർയമിനേയും ഈസാ നബി (അ) യേയും ബന്ധപ്പെടുത്തിക്കൊ ണ്ടാണ് ഖുർആൻ മതനിന്ദയെ പറ്റി പ്രതിപാദിക്കുന്നത്.

'അവരുടെ അവിശ്വാസവും മർയമിന്റെ പേരിൽ ഗുരുതരമായ അപവാദം ആരോപിക്കുന്ന കാരണ ത്താലും' (4:157).

ഈ വചനം യേശുവിന്റെ കാല ത്തുള്ള യഹൂദരെ സംബന്ധിച്ചുള്ള താണ്. ഈ വചന പ്രകാരം മർയ മിനെ (അവരുടെ മേൽ ദൈവത്തിന്റെ തൃപ്തിയുണ്ടാവട്ടെ) ചാരിത്ര ഹീന യായ സ്ത്രീയായും ഈസാ നബി (അ) യുടെ ജനനം സംശയാസ്പദ മാണെന്ന് പ്രഖ്യാപിച്ചതിനാലും യഹൂദന്മാർ ഗുരുതരമായ മതനിന്ദ നടത്തുകയുണ്ടായി.

'ബുഹ്താനൻ അളീമാ' എന്ന അറബി വചന പ്രകാരം (ഗുരുതര മായ അപവാദം) യഹൂദികളുടെ ഈ വിവരക്കേടിനെ ശക്തമായ രീതിയി ലാണ് ഖുർആൻ അപലപിക്കുന്നത്. പക്ഷേ, അത്ഭുതകരമെന്ന് പറയട്ടെ യാതൊരു ഭൗതിക ശിക്ഷയും അവർ ക്കായി ശുപാർശ ചെയ്തിട്ടില്ല.

4) മർയമിനെ (റ) ക്കുറിച്ചും ഈ സാ നബി (അ) യെ ക്കുറിച്ചും നിന്ദാ കരമായ പരാമർശം നടത്തിയതിന്റെ പേരിലാണ് ഖുർആൻ യഹൂദികളെ അപലപിക്കുന്നതെങ്കിൽ ദൈവത്തിന് ഒരു മനുഷ്യ സ്ത്രീയിൽ ഒരു പുത്ര നുണ്ടായി എന്ന മതനിന്ദ നടത്തിയ തിന് ക്രിസ്ത്യാനികളേയും ഖുർആൻ താക്കീത് നൽകുന്നു എന്നത് കൗതു കകരമാണ്. അത് ഭയങ്കരമായ കുറ്റ മാണെന്ന് ഖുർആൻ പ്രഖ്യാപിക്കു ന്നു. പക്ഷേ ഇതിന് ഏതെങ്കിലും തര ത്തിലുള്ള ശാരീരിക ശിക്ഷ ഖുർആൻ ശുപാർശ ചെയ്യുകയോ ഏതെങ്കിലും വ്യക്തികളെ ദൈവത്തിനെതിരായ ഈ നിന്ദക്ക് ശിക്ഷിക്കാൻ അധികാ രപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഖുർ ആൻ പറയുന്നു:

'അവർക്കോ അവരുടെ പിതാ ക്കൾക്കോ അത് സംബന്ധിച്ച് ഒരറി വുമില്ല. അവരുടെ വായകളിൽ നിന്ന് പുറപ്പെടുന്ന വാക്ക് ഗുരുതരമായതാ ണ്. കള്ളമല്ലാതെ അവർ പറയുന്നി ല്ല.' (18:6)

5) അവസാനമായി ഏറ്റവും

വികാരവിക്ഷുബ്ധമായ ഒരു മേഖല യിലേക്ക് ഞാൻ പ്രവേശിക്കട്ടെ. മുസ്‌ലിംകൾ ഇസ്‌ലാം മതസ്ഥാപകരായ വിശുദ്ധ പ്രവാചകൻ മുഹമ്മദ് നബിയെ കുറിച്ചുള്ള നിന്ദയിൽ അത്യധികമായി വികാരം കൊളളുന്നു. ദൈവ നിന്ദയേക്കാളേറെ പോലും മുസ്‌ലിംകൾ പ്രവാചക നിന്ദയിൽ വികാരം കൊള്ളുന്നു.

എന്നാൽ കപടവിശ്വാസികളുടെ നേതാവ് എന്ന് ഇസ്‌ലാമിക ചരിത്രത്തിൽ അറിയപ്പെടുന്ന അബ്ദുല്ലാഹിബ്നു ഉബയ്യ ഇബ്നു സുലൂൽ നടത്തിയ അതീവ ഗുരുതരമായ നിന്ദയെക്കുറിച്ച് ഖുർആൻ തന്നെ രേഖപ്പെടുത്തുന്നു.

ഒരു ദൗത്യ യാത്രയും കഴിഞ്ഞ് മദീനയിലേക്ക് വരുമ്പോൾ ആ സംഘത്തിൽ വെച്ച് അബ്ദുല്ലാഹിബ്നു ഉബയ്യ ഇങ്ങിനെ പ്രഖ്യാപിച്ചു. 'വന്ദ്യനായവൻ നിന്ദ്യനായവനെ മദീനയിൽ വെച്ച് പുറം തള്ളുന്നതാണ്.' ഖുർആൻ ഇപ്രകാരം രേഖപ്പെടുത്തുന്നു:

*'നാം മദീനയിലേക്ക് തിരിച്ചു ചെന്നാൽ ഏറ്റവും ബഹുമാന്യനായ ഒരാൾ ഏറ്റവും നിന്ദ്യനായ ഒരാളെ അവിടെ നിന്ന് പുറത്താക്കുക തന്നെ ചെയ്യുമെന്ന് അവർ പറയുന്നു. എന്നാൽ (സാക്ഷാൽ) ബഹുമതി അല്ലാഹുവിനും അവന്റെ ദൂതനും സത്യ വിശ്വാസികൾക്കുമുള്ളതത്രെ പക്ഷേ കപടവിശ്വാസികൾ അതറിയുന്നില്ല' (63:9)*

റസൂൽ തിരുമേനി (സ)ക്കെതിരെയുള്ള നിഗൂഢമായ അവഹേളനം ഇതിലടങ്ങിയിരിക്കുന്നുവെന്ന് എല്ലാവർക്കുമറിയാമായിരുന്നു. അവർ ധാർമ്മിക രോഷത്താലും കോപത്താലും തിളച്ചു മറിഞ്ഞുകൊണ്ടിരുന്നു. അവരെ അനുവദിക്കുകയായിരുന്നുവെങ്കിൽ അബ്ദുല്ലാഹിബ്നു ഉബയ്യ് വാളിന്നിരയാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

വളരെ ആധികാരികമായ നിവേദനമനുസരിച്ച് ഈ സംഭവത്തോടനുബന്ധിച്ച വികാരങ്ങൾ അത്യുഗ്രമായി ജ്വലിച്ചു നിന്ന വ്യക്തി മറ്റാരുമായിരുന്നില്ല. അബ്ദുല്ലാ ഹിബ്നു ഉബയ്യിന്റെ സ്വന്തം പുത്രൻ തന്നെയായിരുന്നു. അദ്ദേഹം റസൂൽ തിരുമേനി (സ) യെ സമീപിച്ചു കൊണ്ട് സ്വന്തം കരത്താൽ തന്റെ സ്വന്തം പിതാവിനെ വധിക്കാൻ അനുവാദം തരണമെന്ന് റസൂൽ തിരുമേനിയോട് അപേക്ഷിച്ചു. ആ മകന്റെ വാദം ഇപ്രകാരമായിരുന്നു. ' ആ കൃത്യം മറ്റാരെങ്കിലും ചെയ്തെങ്കിൽ പിൽക്കാലത്ത് അജ്ഞത നിമിത്തം എന്റെ പിതാവിനെ വധിച്ച ആളുടെ നേരെ എനിക്ക് പകയുണ്ടായേക്കാം' തങ്ങളുടെ അടുത്ത ബന്ധുക്കൾക്ക് നേരേയുള്ള നേരിയ അവഹേളനങ്ങൾക്ക് പോലും നൂറ്റാണ്ടുകളോളം പകവെച്ചു നടക്കുന്ന സ്വഭാവമായിരുന്നു അറബികളുടേത്. ഒരു പക്ഷേ, അറബികളുടെ ഈ ആചാരമായിരിക്കാം ആ മകന്റെ മനസ്സിൽ മിന്നിമറഞ്ഞത്. പക്ഷേ റസൂൽ തിരുമേനി (സ) അദ്ദേഹത്തിന്റെ അപേക്ഷ നിരസിക്കുകയാണുണ്ടായത്. മാത്രമല്ല തന്റെ അനുചരന്മാരിൽ ആരോടും തന്നെ യാതൊരു ശിക്ഷയും അബ്ദുല്ലാ ഹിബ്നു ഉബയ്യിന് നൽകാൻ റസൂൽ തിരുമേനി നിർദേശിച്ചില്ല.

(ഇബ്നു ഇസ്ഹാഖിന്റെ നിവേദനം-അൽസീറത്തു നബിയ്യൂൻ -ഇബ്നു ഹിഷാം Vol III P.155). n

*(9 -ാം പേജിൽ നിന്ന് തുടർച്ച)*

ആശംസിക്കുന്നു. വിശ്വാസികളേ, അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാൻ വേണ്ടി നിങ്ങളും പ്രാർത്ഥിക്കുക.' (33:57)

അല്ലാഹുവും മലക്കുകളും ആശംസകൾ അർപ്പിച്ചു കൊണ്ടിരിക്കുന്ന നബി (സ) യെ പരാജയപ്പെടുത്തുവാൻ ആർക്കും സാധ്യമല്ല. ഇക്കാലഘട്ടത്തിലെ റസൂൽ തിരുമേനി (സ) യുടെ ദിവ്യ സേവകൻ മസീഹ് മഊദി(അ)ലൂടെ തിരുമേനി (സ) യുടെ നാമം ലോകത്ത് വിജയിക്കുകതന്നെ ചെയ്യും. ഇതിന്നായി റസൂൽ തിരുമേനി (സ) യുടെ മേൽ നാം സദാ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. അങ്ങനെ സ്വലാത്ത് ചൊല്ലിയതിന്റെ ഫലമായിട്ടാണ് തനിക്ക് ഈ ആത്മീയ പദവി ലഭിച്ചതെന്ന് വാഗ്ദത്ത മസീഹ് തന്നെ വെളിപ്പെടുത്തുന്നു. റസൂൽ തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടും അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടും ഈ ഫിത്നയിൽ നിന്ന് രക്ഷപ്പെടുവാനും അവന്റെ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാവാനും അല്ലാഹു നമ്മെ സഹായിക്കട്ടെ (ആമീൻ) n

# ഇമാം മഹ്ദിയും ഖലീഫമാരും

"ഇമാം മഹ്ദിയുടെ മന്ത്രിമാർ (ഖലീഫമാർ) അനറബികളായിരിക്കും. അവരിൽ ആരുംതന്നെ അറബികളായിട്ടില്ലെങ്കിലും അവർ അറബിയിൽ സംസാരിക്കാൻ കെൽപുള്ളവരായിരിക്കും. അവരിൽ ഒരാൾ ഖുർആൻ ഹാഫിസ് (ഹൃദിസ്തമാക്കിയ ആൾ) ആയിരിക്കും. അദ്ദേഹം അവരുടെ (ഇമാം മഹ്ദിയുടെ) കുടുംബത്തിൽപ്പെട്ട ആളായിരിക്കുകയില്ല. എന്നാലും അദ്ദേഹം ഇമാം മഹ്ദിയുടെ പ്രധാന ഖലീഫയും വിശ്വസ്തരിൽ മുഖ്യനും ആയിരിക്കും.

**ഹദ്റത്ത് ഇബ്നു അറബി – ഫുത്തുഹാത്തുൽ മക്കിയ്യ. ജി.3, ഭാ 364, 365 (ഹിജ്റ ഒന്നാം നൂറ്റാണ്ട്)**

*(അഹ്മദിയ്യാ ഖലീഫമാരിൽ ഒന്നാമൻ ഖുർആൻ ഹൃദിസ്തമാക്കിയ ഹദ്റത്ത് മൗലാനാ നൂറുദ്ദീനും തുടർന്നുള്ളവർ ഇമാം മഹ്ദിഹദ്റത്ത് അഹ്മദിന്റെ കുടുംബാംഗങ്ങളുമാണ്.)*

ലേഖനം

# മതസ്വാതന്ത്ര്യം ഇസ്‌ലാമിൽ

എം. എസ്.

**ഏത് മതം വിശ്വസിക്കാനും ആചരിക്കാനും ഉപേക്ഷിക്കാനും ഇസ്‌ലാമിൽ പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. അത് വ്യക്തിയുടെ അവകാശമാണ്. വ്യക്തിയുടെ മത പരിവർത്തനത്തിൽ ഇടപെടാൻ നിയമത്തിന്നോ ഭരണകൂടത്തിനോ അവകാശമില്ല.**

**1948** ഡിസംബർ 10ന് ഐക്യരാഷ്ട്രസഭ അംഗീകരിച്ച മനുഷ്യാവകാശങ്ങളുടെ സാർവ്വ ദേശീയ പ്രഖ്യാപനത്തിൽ മതസ്വാതന്ത്ര്യത്തെ പറ്റിയുള്ള മാതൃകാമാനകം (Norm) ആർട്ടിക്കിൾ 18,19 ൽ ഇങ്ങിനെ രേഖപ്പെടുത്തുന്നു.

*'ചിന്ത, മന:സാക്ഷി, മതം എന്നിവയുടെ കാര്യത്തിൽ ഓരോരുത്തനും സ്വാതന്ത്ര്യമുണ്ട്. മതം മാറുവാനും തനിച്ചോ കൂട്ടായോ പരസ്യമായും രഹസ്യമായുമുള്ള ഉപദേശത്തിലൂടെയോ കർമ്മത്തിലൂടെയോ തന്റെ മതമോ വിശ്വാസമോ പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യവും ഇതിലുൾപ്പെടുന്നു.*

*അഭിപ്രായ സ്വാതന്ത്ര്യവും അഭിപ്രായ പ്രകടന സ്വാതന്ത്ര്യവും ഓരോരുത്തനുമുണ്ട്. അന്യരുടെ ഇടപെടൽ കൂടാതെ സ്വന്തമായ അഭിപ്രായങ്ങൾ വെച്ചു പുലർത്താനും ഏത് ഉപാധിയിലൂടെയും രാജ്യാതിർത്തികളെ വകവെക്കാതെ അറിവുകളും ആശയങ്ങളും ആരായുവാനും, സ്വായത്തമാക്കുവാനും, പ്രചരിപ്പിക്കാനും ഉള്ള സ്വാതന്ത്ര്യം ഈ അവകാശത്തിൽ ഉൾപ്പെടുന്നു".*

ഒരാൾ ആരായിരിക്കണമെന്നും അയാൾ എങ്ങിനെ ചിന്തിക്കണമെന്നും അയാളുടെ മതം എന്തായിരിക്കണമെന്നും നിർണ്ണയിക്കാനുള്ള സമ്പൂർണ്ണാധികാരം അയാളിൽ മാത്രം നിക്ഷിപ്തമാണ്. വാസ്തവത്തിൽ ഓരോ വ്യക്തിക്കുമുള്ള ഈ ആത്മബോധമാണ് മാനുഷതയുടെ കാതൽ. ക്രമസമാധാന നിലയേയോ, ആരോഗ്യത്തേയോ, സദാചാരത്തേയോ അലോസരപ്പെടുത്തുന്നില്ലെങ്കിൽ ഭരണക്കൂടമോ, സമൂഹമോ, മതസംഘടനകളോ മറ്റുള്ളവരോ, പാവനമായ ഈ അവകാശം വ്യക്തിക്ക് നിഷേധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നത് ഏറ്റവും അധിക്ഷേപാർഹമായ ഒരു കിരാതകൃത്യമാണ്. വ്യക്തി ഹത്യക്ക് സമാനമായ ഈ മനുഷ്യ ഹിംസയെ ആധുനിക രാഷ്ട്രവിജ്ഞാനീയം മിതമായ അർത്ഥത്തിൽ ഫാസിസം എന്ന് വ്യവഹരിക്കാറുണ്ട്.

ഇന്ത്യൻ ഭരണഘടനയുടെ 25 മുതൽ 28 വരെയുള്ള വകുപ്പുകൾ മതസ്വാതന്ത്ര്യം സംബന്ധിച്ചുള്ളതാണ്. മൗലികാവകാശങ്ങളായാണ് അത് ഭരണഘടനയിൽ ചേർത്തിട്ടുള്ളത്. വ്യക്തിക്ക്, അയാൾക്ക് ഏതൊരു മതം സ്വീകരിക്കാനും, അത് ആചരിക്കാനും, പ്രചരിപ്പിക്കാനും, വിട്ടുപോവാനുമുള്ള അവകാശം ഈ വകുപ്പ് നൽകുന്നു. സാർവ്വ ദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റേയും മതത്തിൽ യാതൊരു വിധ ബലാൽക്കാരവും പാടില്ല എന്ന ഇസ്‌ലാമിക തത്ത്വത്തിന്റേയും അന്ത:സത്ത ഉൾകൊള്ളുന്ന മഹനീയമായ ഒരു അവകാശ രേഖയായി ഇന്ത്യൻ ഭരണഘടന നിലകൊള്ളുന്നു എന്നത് ഇന്ത്യൻ പൗരന്മാരായ നമുക്ക് അഭിമാനാർഹമാണ്.

ഈ മഹത്തായ മതസ്വാതന്ത്ര്യ പ്രഖ്യാപനത്തെ ഹനിക്കുന്ന രീതിയിലാണ് മത രാഷ്ട്ര മൗലിക വാദികളായ രാഷ്ട്രീയ പാർട്ടികളുടെ സമീപനം. മതത്തെ ഒരു രാഷ്ട്രമായി കാണുന്ന ജമാഅത്തെ ഇസ്‌ലാമി മതപരിത്യാഗം വധശിക്ഷ അർഹിക്കുന്ന ഒരു വൻകുറ്റമായി കാണുന്നു എന്നത് എത്രഭീഭത്സമാണ്. അതുപോലെ സംഘപരിവാറും മതപരിവർത്തന സ്വാതന്ത്ര്യത്തെ നിയന്ത്രിക്കാനുള്ള നിയമത്തിന് വേണ്ടി മുറവിളി കൂട്ടുന്നു. മതപരിവർത്തനം എന്നാൽ ഒരു കുറ്റകൃത്യം പോലെയുള്ള ഒരു പ്രവർത്തിയാക്കി ചിലർ ചിത്രീകരിക്കുന്നു. ഒരാൾ തനിക്ക് ദൈവം നൽകിയ യുക്തിയും ബുദ്ധിയും മനസ്സാക്ഷിയും മറ്റു ആത്മീയ മാർഗ്ഗങ്ങളും ഉപയോഗിച്ച് തനിക്ക് യോജിച്ച മതം തിരഞ്ഞെടുക്കുന്നത് പാപമാണോ? ഇപ്രകാരം ഒരു പുതിയ മാർഗ്ഗം കണ്ടെത്തി മതകീയ ജീവിതം നയിക്കാൻ ഒരാൾ ആഗ്രഹിച്ചാൽ നിരുപദ്രവകരമായ ഈ തീരുമാനത്തെ തടയാൻ മതങ്ങൾക്കോ, ഭരണകൂടങ്ങൾക്കോ അധികാരമുണ്ടോ? വ്യക്തിക്ക് പാവനമായ മാനവ ഗുണങ്ങൾ നൽകി ചിന്തിക്കുന്ന

ഒരു ജീവിയായി ഭൂമിയിൽ ജനിപ്പിച്ചത് ദൈവമായിരിക്കെ ഈ ഗുണങ്ങൾ ഉപയോഗിച്ച് അവൻ ആത്മസാക്ഷാത്ക്കാരം തേടുന്നത് നിരാകരിക്കാനോ അതിൽ ഇടപെടാനോ ആർക്കും അവകാശമില്ല. ഇങ്ങിനെ മതം തിരഞ്ഞെടുക്കുന്നതിൽ ഒരാൾക്ക് പിഴച്ചു പോയെങ്കിൽ അത് അയാളും ദൈവവുമായുള്ള ഇടപാടാണ്. അതിന്റെ മേൽനോട്ടം വഹിക്കാൻ ദൈവം ആരേയും ചുമതലപ്പെടുത്തിയിട്ടില്ല. അപ്രകാരം ഒരാൾ കണ്ടെത്തിയ സത്യം വേറൊരാൾ സ്വീകരിക്കണമെന്ന് നിർബന്ധിക്കാനും ആർക്കും അധികാരമില്ല. വ്യക്തിയുടെ പാവനമായ ഈ അവകാശത്തിന്റെ സംരക്ഷണത്തിന് മതേതരമായ ഒരു ഭരണകൂടം അല്ലെങ്കിൽ മതപക്ഷപാതിത്വങ്ങളില്ലാത്ത ഒരു അധികാര നിർവ്വഹണ കേന്ദ്രം സമൂഹത്തിലുണ്ടാവണമെന്നു കൂടി താഴെ പറയുന്ന ഖുർആൻ വാക്യങ്ങൾ താല്പര്യപ്പെടുന്നു.

*"പറയുക അല്ലയോ ജനങ്ങളേ നിങ്ങളുടെ നാഥനിൽ നിന്ന് ഇപ്പോളിതാ സത്യം നിങ്ങളിൽ വന്നെത്തിയിരിക്കുന്നു. ആകയാൽ ആർ സന്മാർഗ്ഗത്തിൽ ചരിക്കുന്നുവോ അത് അവന്റെ ആത്മാവിന് വേണ്ടി മാത്രം; ആർ വഴി തെറ്റുന്നുവോ അത് അതിന്റെ നഷ്ടത്തിലേക്കും. ഞാൻ (മുഹമ്മദ് നബി) നിങ്ങളുടെ മേൽ ഒരു അധികാരിയായി നിയോഗിക്കപ്പെട്ടിട്ടില്ല. നിനക്ക് വെളിപ്പെട്ടതിനെ നീ പിന്തുടരുക. അല്ലാഹു വിധി കല്പിക്കുന്നത് വരെ ഉറച്ചു നില്ക്കുകയും ചെയ്യുക. അവൻ വിധി കർത്താക്കളിൽ ഉത്തമനത്രെ.* (10:109:110) വീണ്ടും ഖുർആൻ പറയുന്നു: *'പറയുക: ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യ സന്ദേശമാകുന്നു. ഇഷ്ടമുള്ളവൻ വിശ്വസിച്ചു കൊള്ളട്ടെ ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ (18:30) നിന്റെ നാഥൻ ഇഛിച്ചുവെങ്കിൽ നിശ്ചയമായും ഭൂമിയിലുള്ളവരെല്ലാം ഒന്നായി വിശ്വസിക്കുമായിരുന്നു എന്നിരിക്കെ അവർ വിശ്വാസികളായിത്തീരാൻ നിനക്ക് ബലം പ്രയോഗിക്കാനാകുമോ*(10:100)

ലോകത്തുള്ള സർവ്വ മതങ്ങളുടെയും സ്ഥാപകന്മാർ ഭൂമിയിൽ അവതരിച്ചപ്പോഴെല്ലാം അവരുടെ മതത്തിലേക്ക് ആത്മീയ മോക്ഷത്തിന്നായി സത്യാന്വേഷികൾ ഓടിയെത്തുകയുണ്ടായി. അപ്പോഴെല്ലാം അവരെ തടഞ്ഞത് അവരോട് യുദ്ധം പ്രഖ്യാപിച്ചതും അതാത് കാലത്തെ ഏകാധിപതികളും, സേഛാധിപതികളും, മത പ്രമാണിമാരുമാണ്. ശ്രീകൃഷ്ണനെതിരെ കംസനും, ധേനുകനും, കാളിയനും, പ്രലംബനും, ജരാസന്ധനും കൗരവരും ശ്രീരാമനെതിരെ താടകയും ശൂർപ്പണഖയും ഖരനും രാവണനും അബ്രഹാമിനെതിരെ നംറൂദും, മോസസിനെതിരെ ഫറോവയും, ഹാമാനും, ഖാറൂനും. ക്രിസ്തുവിനെതിരെ യഹൂദ പുരോഹിതന്മാരും, മുഹമ്മദ് നബിക്കെതിരെ മക്കാ ഖുറൈഷികളും ഹദ്റത്ത് അഹ്മദ് (അ)നെതിരെ അക്കാലത്തെ മുസ്‌ലിം പണ്ഡിതന്മാരും പീഢനങ്ങളും മർദ്ദനങ്ങളും അഴിച്ചു വിട്ടത് എന്തിനായിരുന്നു? ദൈവിക ദൗത്യങ്ങളുണ്ടായിരുന്ന ഈ ദൈവ പ്രേഷിതരിലേക്ക്

ഉദരപൂരണമാണ് തന്റെ മതലക്ഷ്യമെന്ന് കരുതി പണം വാങ്ങി മതപരിവർത്തനം നടത്തുന്നയാൾ ഭൗതികാർത്ഥത്തിൽ സന്തുഷ്ടനാണ്. ആയതിനാൽ അത്രത്തോളം സമൂഹത്തിന് ക്ഷേമം കൈവരുന്നു. നൈതികമായി അത് നമ്മിൽ ജുഗുപ്സയുളവാക്കുമെങ്കിലും നൈയ്യാമികമായി അത്തരം മതപരിവർത്തനങ്ങളും വ്യക്തിയുടെ സ്വാതന്ത്ര്യം തന്നെയാണ്. അതും പരിരക്ഷിക്കേണ്ടത് ജനാധിപത്യത്തിന്റെ ബാദ്ധ്യതയാണ്.

ആകൃഷ്ടരായി ആളുകൾ മതപരിവർത്തനം ചെയ്യുന്നത് തടയുന്നതിന്നായിരുന്നു. മതപരിവർത്തനത്തിനും മതപരിത്യാഗത്തിനുമെതിരെ പ്രവർത്തിക്കുക എന്നത് ദൈവമയച്ച പുണ്യാത്മാക്കളുടെ പാരമ്പര്യമല്ല. സ്ഥാപിത മതക്കാരുടേയും അവരുടെ ഛായയിൽ വർത്തിക്കുന്ന ഭരണകൂടങ്ങളുടേയും പാരമ്പര്യമാണ്. ഈ അധികാരസ്ഥരുടെ താല്പര്യങ്ങൾക്ക് വിഘാതമല്ലെങ്കിൽ മാത്രമേ മനസ്സാക്ഷിക്കനുസരിച്ച് ജീവിക്കാൻ ഇക്കൂട്ടർ ജനങ്ങളെ അനുവദിക്കൂ. പ്രവാചകന്മാരേയും അനുയായികളെയും തങ്ങളുടെ പാരമ്പര്യമതങ്ങളിൽ തളച്ചിടാൻ നിയമത്തിന്റേയും മർദ്ദനത്തിന്റേയും മാർഗ്ഗം അവർ ഉപയോഗിക്കുന്നു. ലോകത്തവതരിച്ച എല്ലാ മതപുരുഷന്മാർക്കും സ്വാതന്ത്ര്യ പ്രേമികൾക്കും വേണ്ടി ശുഐബ് നബി (അ) യും തന്റെ മർദ്ദകരുമായി നടത്തിയ ഒരു സംഭാഷണം ഖുർആൻ രേഖപ്പെടുത്തുന്നു.

*'ഓ ശുഐബ്! നിന്നെയും നിന്റെ കൂടെ വിശ്വസിച്ചവരേയും ഞങ്ങൾ ഞങ്ങളുടെ നാട്ടിൽ നിന്ന് ബഹിഷ്ക്കരിക്കുക തന്നെ ചെയ്യും. അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ മതത്തിലേക്ക് തിരിച്ചു വരിക തന്നെ വേണം, അദ്ദേഹം പറഞ്ഞു'. 'എന്ത് ഞങ്ങൾ (നിങ്ങളുടെ മതത്തെ) വെറുക്കുന്നവരാണെങ്കിൽ പോലും (ഞങ്ങൾ അതിൽ തന്നെ നില്ക്കണമെന്നാണോ പറയുന്നത്?) (7:89)*

മതപരിവർത്തനവും, മതപരിത്യാഗവും നിയമം മൂലം നിരോധിക്കണമെന്ന് പറയുന്നവർ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. നിലവിൽ വിശ്വസിക്കുന്ന മതത്തിൽ വിശ്വാസം നഷ്ടപ്പെട്ട് അത് വിട്ടുപോവാൻ അനുവദിക്കാതെ ആ മതത്തിൽ തന്നെ പിടിച്ചു നിർത്തിയാൽ കപട വിശ്വാസികളെ സൃഷ്ടിക്കാനെ അത്തരം നിയമം ഉതകൂ.

മതപരിവർത്തനത്തിനെതിരെ ഉന്നയിക്കപ്പെടുന്ന മറ്റൊരു ഗുരുതരമായ ആരോപണം പണവും പ്രലോഭനങ്ങളും നൽകിയാണ് മതം മാറ്റം നടത്തുന്നത് എന്നതാണ്. പണവും പ്രലോഭനങ്ങളും നൽകി ആളുകളെ മതപരിവർത്തനങ്ങൾക്ക് നിർബന്ധിക്കുന്നത് ഏറ്റവും ഹീന

മായ ഒരു പ്രചാരണതന്ത്രമാണെന്ന കാര്യത്തിൽ സംശയമില്ല. ജീവകാരുണ്യ പ്രവർത്തനത്തിന്റെ മറവിൽ മത പരിവർത്തനം നടത്തുന്നത് ജുഗുപ്സാവഹമാണ്. ജീവകാരുണ്യ പ്രവർത്തനങ്ങൾ ജാതി മത പരിഗണനകൾക്കതീതമായി മനുഷ്യനോടുള്ള സഹാനുഭൂതിയിൽ നിന്നും വേണ്ടതാണ്. മനുഷ്യകാരുണ്യം പ്രതീക്ഷിച്ച് നിസ്സഹായാവസ്ഥയ്ക്ക് വിധേയനായി നില്ക്കുന്ന മനുഷ്യരിൽ നിന്ന് തന്റെ ഇഛക്കനുഗുണമായ യാതൊന്നും പ്രതീക്ഷിക്കാൻ പാടില്ല. വിശുദ്ധ ഖുർആൻ പറയുന്നു:

*'അല്ലയോ വിശ്വസിച്ചവരെ നിഷ്ക്കളങ്കതയെ ആസ്പദിച്ചുണ്ടാകുന്ന നിങ്ങളുടെ ദാന ധർമ്മങ്ങളെ എടുത്തു പറഞ്ഞും നിങ്ങൾ സഹായിച്ചവരെ ഉപകാര ബാദ്ധ്യതയെക്കുറിച്ച് ഓർമ്മപ്പെടുത്തിയും അവരെ ദ്രോഹിച്ചും നിഷ്ഫലമാക്കല്ല(2:264)*

പണവും പ്രലോഭനങ്ങളും നൽകി ആളുകൾക്ക് ആത്മീയ മോക്ഷം നൽകുക എന്നത് മതത്തിന്റെ അന്ത:സത്തക്ക് ചേർന്നതല്ല. ദൈവത്തെ അപ്പമായി കരുതി സ്വന്തം മതത്തിന്റെ അംഗബലം വർദ്ധിപ്പിക്കുന്ന ഈ സമ്പ്രദായം ധാർമ്മികവും ആത്മീയവുമായി ശക്തി ക്ഷയിച്ച ഒരു മതത്തിന്റെ വിളംബരമാണ്. പക്ഷേ ഇത്തരം ഭൗതിക പ്രലോഭനങ്ങളിൽപ്പെട്ടാണ് ആളുകൾ അവരുടെ നിലവിലുള്ള മതം മാറി പുതിയ മതം സ്വീകരിക്കുന്നത് എന്ന് മുറവിളികൂട്ടുന്നവർ എന്തുകൊണ്ട് തങ്ങളുടെ സ്വന്തം മതത്തിൽ ഇത്തരം ഉദരംഭരികളായ അവശവിശ്വാസക്കാർ സൃഷ്ടിക്കപ്പെടുന്നു എന്നു കൂടി ആലോചിക്കേണ്ടതുമാണ്. സഹവിശ്വാസികളായ ഇത്തരം പാവങ്ങളെ സംരക്ഷിക്കാൻ ഒരു മതത്തിൽ യാതൊരു പദ്ധതിയുമില്ലെങ്കിൽ ആ മതം ഏറ്റവും ഗൗരവതരമായ ഒരു ധാർമ്മിക ബാദ്ധ്യത അവഗണിക്കുന്നു എന്നാണർത്ഥം. പശുവും പട്ടിയും പോവുന്ന പെരുവഴിയിലൂടെ മനുഷ്യമക്കളെ നൂറ്റാണ്ടുകളായി വഴി നടക്കാൻ പോലും അനുവദിക്കാത്ത അസ്പൃശ്യതയുടെ ഇരുൾ മുറ്റിയ ലോകത്ത് നിന്നും അപ്പത്തിനും ഇത്തിരി വെളിച്ചത്തിനും വേണ്ടി ഇഹലോക മോക്ഷം കൊതിച്ചു പോയാൽ അവരെ കുറ്റപ്പെടുത്താൻ ആർക്കാണവകാശം. ഇതിലടങ്ങിയിരിക്കുന്ന പരമപ്രധാനമായ വിഷയം മതസ്വാതന്ത്ര്യത്തിന്റേത് തന്നെയാണ്. പണവും പ്രലോഭനങ്ങളും സ്വീകരിച്ച് കൊണ്ട് ഒരാൾ മതം മാറിയാൽ തന്നെ അത്തരം മതം മാറ്റത്തിൽ നിയമത്തിന് ഇടപെടാൻ യാതൊരു പഴുതുമില്ല. ആ പരിവർത്തിതൻ തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തി എന്ന് സഹതപിക്കാനേ മറ്റുള്ളവർക്ക് അവകാശമുള്ളൂ.

നമ്മുടെ ഭരണഘടനയുടെ 25 ാം വകുപ്പും ഒന്നാം ഉപവകുപ്പും പ്രകാരം സമൂഹത്തിന്റെ ക്രമ സമാധാനം സദാചാരം ആരോഗ്യം എന്നിവ ഹനിക്കാതെ എല്ലാ വ്യക്തികൾക്കും സ്വേചരാനുസരണം മതം അവലംബിക്കാനും അതനുവർത്തിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. ഇനി ഒരാൾ പണവും പ്രലോഭനവും സ്വീകരിച്ച് മതം മാറിയാൽ തന്നെ ഭരണഘടനാ പരമായി അയാളുടെ ഈ പ്രവർത്തി പ്രസ്തുത വകുപ്പിന്റെ ലംഘനമാകുന്നില്ല. പരിവർത്തിതൻ ക്രമസമാധാന നില തകർക്കുന്ന ഭീകരമതത്തിന്റെ അനുയായി അല്ലാതിരിക്കുകയും സമൂഹത്തിന്റെ ആരോഗ്യത്തിനും സദാചാരത്തിനും അത്കൊണ്ട് പ്രശ്നങ്ങളൊന്നുമില്ലെങ്കിൽ മതം മാറ്റത്തിന്നെതിരെ നിയമത്തിന് ഇടപെടാനാവില്ല. പണവും പ്രലോഭനവും സ്വീകരിച്ച്, ഒരാൾ മതം മാറുന്നത് തടയാൻ വല്ല നിയമവും നിർമ്മിച്ചിരുന്നുവെങ്കിൽ അതായിരിക്കും മനുഷ്യ സ്വാതന്ത്ര്യത്തിനെതിരെയുള്ള കയ്യേറ്റമായിത്തീരുക. അതായത് ഒരാളുടെ മതം മാറ്റം പരിശോധിക്കപ്പെടണമെന്ന് പറയുമ്പോൾ മനസ്സാക്ഷി സ്വാതന്ത്ര്യത്തിനെതിരെ ഭരണകൂടത്തിനോ, മറ്റൊരാൾക്കോ ഇടപെടാൻ അവസരം നൽകുകയാണ് ചെയ്യുന്നത്. മനസ്സാക്ഷിക്കനുസൃതമായുള്ള ഒരാളുടെ തീരുമാനങ്ങൾ ബാഹ്യമായ മറ്റൊരു കേന്ദ്രത്തിന്റെ വിധി തീർപ്പിന് വിധേയമാവുകയും ചെയ്യുന്നു. ഇത് വ്യക്തിയുടെ അന്ത:സ്സിനെ ചോദ്യം ചെയ്യുന്നു എന്നതിനേക്കാൾ മനസ്സാക്ഷി സ്വാതന്ത്ര്യത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനെതിരെയുള്ള കയ്യേറ്റമാണ്. ഉദരപൂരണമാണ് തന്റെ മത ലക്ഷ്യമെന്ന് കരുതി പണം വാങ്ങി മതപരിവർത്തനം നടത്തുന്നയാൾ ഭൗതികാർത്ഥത്തിൽ സന്തുഷ്ടനാണ്. ആയതിനാൽ അത്രത്തോളം സമൂഹത്തിന് ക്ഷേമം കൈവരുന്നു. നൈതികമായി അത് നമ്മിൽ ജുഗുപ്സതയുളവാക്കുമെങ്കിലും നൈയ്യാമികമായി അത്തരം മതപരിവർത്തനങ്ങളും വ്യക്തിയുടെ സ്വാതന്ത്ര്യം തന്നെയാണ്. അതും പരിരക്ഷിക്കേണ്ടത് ജനാധിപത്യത്തിന്റെ ബാദ്ധ്യതയാണ്.

ചുരുക്കത്തിൽ ഇസ്‌ലാമിൽ മതസ്വാതന്ത്ര്യം എന്നത് മനസ്സാക്ഷിയുടെ പൂർണ്ണ സ്വാതന്ത്ര്യം തന്നെയാണ്. മറ്റൊരു മതത്തിലും പ്രത്യയശാസ്ത്രങ്ങളിലും ഇത്രയും ആർജവത്തോടെയും ധീരമായും വ്യക്തമായും മനുഷ്യസ്വാതന്ത്ര്യത്തക്കുറിച്ചുള്ള മാർഗ്ഗ നിർദേശങ്ങൾ കാണാൻ സാധ്യമല്ല. വ്യക്തിക്ക് മതം എപ്പോൾ വേണമെങ്കിലും സ്വീകരിക്കാനും ഉപേക്ഷിക്കാനും പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ഖുർആൻ പറയുന്നു:

*'മതത്തിൽ യാതൊരു നിർബന്ധവുമില്ല നിശ്ചയമായും സന്മാർഗ്ഗം വഴികേടിൽ നിന്ന് തികച്ചും വ്യതിരിക്തമാണ്' (2:257) 'പറയുക ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യസന്ദേശമാകുന്നു. ഇഷ്ടമുള്ളവൻ വിശ്വസിച്ചുകൊള്ളട്ടെ. ഇഷ്ടമുള്ളളവൻ അവിശ്വസിക്കട്ടെ (18:30) നിന്റെ നാഥൻ ഇഛിച്ചുവെങ്കിൽ നിശ്ചയമായും ഭൂമിയിലുള്ളവരെല്ലാം ഒന്നായി വിശ്വസിക്കുമായിരുന്നു എന്നിരിക്കെ അവർ വിശ്വാസികളായിത്തീരാൻ നിനക്ക് ബലം പ്രയോഗിക്കാനാവുമോ?(10:100)*

n

ലേഖനം

# ദിവ്യഭാഷണം നിലച്ചിട്ടില്ല

മുഹമ്മദ് ഉമർ H.A കോഴിക്കോട്

**ദൈവവുമായി ബന്ധമുള്ള ജീവനുള്ള മതത്തിന്റെ അടയാളമാണ് ദിവ്യ ഭാഷണം - അല്ലാഹുവിന്റെ ഒരു ഗുണനാമം സംസാരിക്കുന്നവൻ എന്നുമാണ്. അതൊരിക്കലും നിലച്ചുപോവില്ല.**

അല്ലാഹുവിന്റെ വിശിഷ്ട ഗുണങ്ങൾ ശാശ്വതവും ഒരിക്കലും ദുർബലപ്പെട്ടു പോവുകയോ, കാലഹരണപ്പെട്ടു പോവുകയോ ചെയ്യാത്തവയാണെന്നു വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. അവന്റെ ഏതെങ്കിലും ഒരു സിഫത്ത് അവനിൽ നിന്ന് ദുർബലപ്പെട്ടു പോകുന്നുവെങ്കിൽ അത് അവന്റെ സത്തയുടെ പരിപൂർണ്ണതയെ ബാധിക്കുന്നു. അവന്റെ സിഫത്തുകളെല്ലാം തന്നെ എന്നെന്നും അവന്റെ സത്തയുമായി ബന്ധപ്പെട്ടു കിടക്കുന്നുവെന്നു മാത്രമല്ല അവ അവനിൽ എന്നെന്നും നിലകൊള്ളുന്നുവെന്നും അവയുടെ പ്രകടനം കൊണ്ടു ലോകത്തിനു ബോധ്യമാകുകയും ചെയ്യുന്നു. ഉദാഹരണമായി അവന്റെ റുബൂബിയത്ത്, റഹ്മാനിയത്ത്, റഹീമിയത്ത്, മാലിക്കിയത്ത് എന്നീ സിഫത്തുകൾ എന്നെന്നും അവനിൽ പ്രത്യക്ഷീഭവിക്കുന്നു. ഒരു നിമിഷംപോ ലും ആ സിഫത്തുകൾ അവനെ വിട്ടുമാറുന്നില്ല. അതേ പ്രകാരം അവന്റെ ശ്രവണ ദൃശ്യ സംസാര ശക്തികളും അവനിൽ എന്നെന്നും നിലകൊള്ളുന്നു. അവയിലൊന്നും തന്നെ ദുർബലപ്പെട്ടു പോകുന്നില്ല. ഉദാഹരണമായി അവന്റെ സമീഅ് (കേൾക്കുന്നവൻ) ബസ്വീർ (കാണുന്നവൻ) എന്നീ സിഫത്തുകൾ എപ്പോഴെങ്കിലും അവനെ വിട്ടുമാറുന്നുവെങ്കിൽ, മനുഷ്യൻ എന്ത് തന്നെ പാപങ്ങളും കുറ്റകൃത്യങ്ങളും അക്രമങ്ങളും ചെയ്യുകയാണെങ്കിലും ദൈവം ശ്രവണ ദർശന ശക്തിയില്ലാത്തവനാകകൊണ്ട് യാതൊരു കുറ്റങ്ങളും അവന്റെ ദൃഷ്ടിയിൽ പെടുന്നില്ല. അങ്ങനെ ആ മനുഷ്യൻ ശിക്ഷിക്കപ്പെടുകയോ പിടിക്കപ്പെടുകയോ ചെയ്യുന്നില്ല. ഇപ്രകാരം എങ്ങും അരാജകത്വം പടർന്നു പിടിക്കുന്നു. അതേപ്രകാരമാണ് അവന്റെ സംസാരശക്തിയും. ഈ ശക്തിയും ഒരിക്കലും ദുർബലപ്പെട്ടു പോകുന്നില്ല. ദൈവത്തിനു സംസാര ശക്തി ഇല്ലാത്തത് കൊണ്ട് മനുഷ്യൻ മാർഗ്ഗദർശനം ലഭിക്കാതെ ആത്മാന്ധകാരത്തിൽ പെട്ടു പോകുന്നതായിരിക്കും. ഇത് ദൈവത്തിന്റെ പരിപൂർണ്ണ സത്തക്കുണ്ടാകുന്ന ന്യൂനതയും ദുർബലതയുമായിരിക്കും. എന്നാൽ അവന്റെ എല്ലാ സിഫത്തുകളും എന്നെന്നും നിലനിൽക്കുന്നതിലാണ് അവന്റെ സത്തയുടെ പരിപൂർണ്ണത നിലകൊള്ളുന്നത്.

അഹ്മദിയ്യാ ജമാഅത്തിന്റെ സംസ്ഥാപകർ ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് (അ) ഇത് സംബന്ധിച്ചെഴുതുന്നു:-

*" നമ്മുടെ ദൈവം മുമ്പ് ജീവിച്ചിരുന്നത് പോലെ ഇന്നും ജീവിച്ചിരിക്കുന്നുമുണ്ട്. സംസാരിച്ചിരുന്നത്പോലെ ഇപ്പോഴും സംസാരിക്കുന്നു. മുമ്പ് കേട്ടിരുന്നതുപോലെ ഇപ്പോഴും അവൻ കേൾക്കുന്നു. ഈ കാലഘട്ടത്തിൽ അവൻ കേൾക്കുന്നുവെങ്കിലും സംസാരിക്കുന്നില്ല എന്ന ധാരണ തെറ്റാകുന്നു. എന്നാൽ അവൻ കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നു. അവന്റെ എല്ലാ ഗുണങ്ങളും അനാദിയും അനന്തവും ശാശ്വതവും ആകുന്നു. അവന്റെ ഒരു ഗുണവും നിഷ്ക്രിയമല്ല. ഒരിക്കലും നിഷ്ക്രിയമാകുന്നതുമല്ല".*

(അൽവസിയത്ത് പേജ് -11)

വിഗ്രഹങ്ങൾ സംസാരിക്കുന്നില്ല എന്നത് അവയുടെ ദൗർബല്യമായി വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു.

ഇതു സംബന്ധിച്ച് വിശുദ്ധ ഖുർ

ചെയ്യുന്നു:

*"ദിവ്യ വെളിപാടുമൂലമോ ഒരു മറയുടെ പിന്നിൽ നിന്നോ അല്ലെങ്കിൽ ഒരു ദൂതനെ അയച്ചു അവന്റെ കല്പന പ്രകാരം അവനുദ്ദേശിക്കുന്നതു അദ്ദേഹം (ആ ദൂതൻ) ബോധനം നൽകുകയോ ചെയ്യുന്ന മാർഗ്ഗേണയല്ലാതെ ഒരു മനുഷ്യനോടും അല്ലാഹു സംസാരിക്കുന്നില്ല. നിശ്ചയമായും അവൻ സർവ്വോന്നതനും അഗാധജ്ഞനുമാകുന്നു."*(42:52)

ഇവിടെ അല്ലാഹു മൂന്നു മാർഗ്ഗേണയാണു സംസാരിക്കുന്നതെന്നു മനസ്സിലാകുന്നു.

(1) റസൂലിന്റെ മുമ്പാകെ ജിബ്രീൽ (അ) പ്രത്യക്ഷപ്പെട്ടു ദൈവവചനം കേൾപ്പിക്കുന്നു. വിശുദ്ധ ഖുർആന്റെ അവതരണം ജിബ്രീൽ മുഖേന

(2) ആരെയും കാണാതെ കണ്ട് മറയുടെ പിന്നിൽ നിന്ന് വചനം കേൾക്കുക. ഉദാഹരണമായി ഹദ്റത്ത് മൂസാ നബി (അ) ആരെയും കാണാതെ കണ്ടു വചനം മാത്രം കേൾക്കുകയുണ്ടായി.

(3) മലക്കു മുഖേന ദൈവവചനം ദാസന്റെ ഹൃദയത്തിൽ ഇട്ടു കൊടുക്കുന്നു. ആത്മീയ സ്വപ്ന ദർശനം ഇതിൽ പെടുന്നു.

ഈ മൂന്നു വിധത്തിലുള്ള ദിവ്യ വെളിപാടുകൾക്കും സ്ഥലകാലപരിധി നിശ്ചയിക്കപ്പെട്ടിട്ടില്ല.

വഹ്യ്, ഇൽഹാം എന്നീ വാക്കുകൾക്ക് വേഗതയാൽ നൽകപ്പെടുന്ന രഹസ്യമായ വചന സന്ദേശം എന്നാണ് അർത്ഥമെന്ന് മുഫ്റദാത്തു റാഗിബ്, അഖ്റബൂൽ മവാരി എന്നീ അറബി നിഘണ്ടുകൾ പറയുന്നു. എന്നാൽ ഈ പദങ്ങൾ അല്ലാഹുവുമായി ബന്ധപ്പെട്ടു പ്രയുക്തമാകുമ്പോൾ അല്ലാഹു ദിവ്യവെളിപാടിറക്കി എന്നാണർത്ഥമെന്ന് അറബി നിഘണ്ടുകർത്താക്കൾ വ്യാഖ്യാനിക്കുന്നു.

അല്ലാഹു തന്റെ ഇഷ്ടദാസന്മാർക്ക് ദിവ്യ വെളിപാടുകൾ സ്ഥല

വീണ്ടും അരുൾ ചെയ്യുന്നു:

*"എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം നിശ്ചയമായും ഞാൻ അടുത്തു തന്നെയുണ്ട്. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക്, അവർ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ, ഞാൻ ഉത്തരം നൽകുന്നു."* (2:187)

വീണ്ടും പറയുന്നു:

*"ഗതി മുട്ടിയവൻ പ്രാർത്ഥിക്കുമ്പോൾ ഉത്തരം നൽകുകയും ക്ലേശം ദൂരീകരിക്കുകയും നിങ്ങളെ ഭൂമിയുടെ അവകാശികളാക്കുകയും ചെയ്യുന്നതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റു വല്ല ദൈവവും ഉണ്ടോ ? നിങ്ങൾ വളരെ കുറച്ചു മാത്രമെ ഉപദേശം സ്വീകരിക്കുന്നുള്ളൂ".* (27:63)

ചുരുക്കത്തിൽ, പ്രസ്തുത തിരുവചനങ്ങൾക്കെതിരായി അല്ലാഹുവിന്റെ സംസാരശക്തി നശിച്ചുവെന്നും അല്ലെങ്കിൽ അവൻ തന്റെ ഇഷ്ട ദാസന്മാരോടു സംസാരിക്കുകയോ അവരുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകുകയോ ചെയ്യുന്നില്ല എന്നും വിശ്വസിക്കുന്നത് അല്ലാഹുവിന്റെ പ്രസ്തുത സിഫത്തിനെ നിഷേധിക്കുന്നതിന്നു തുല്യമാണ്. ഹദ്റത്ത് മുഹമ്മദ് നബി (സ) ക്കു ശേഷം അല്ലാഹു ആരോടും തന്നെ സംസാരിക്കുന്നില്ലെന്നും അവൻ വഹ്യ് ഇറക്കുന്നത് നിറുത്തലാക്കിയിരിക്കുന്നുവെന്നും ഉള്ള ഇന്നത്തെ ഭൂരിപക്ഷ മുസ്ലിംകളുടെ വിശ്വാസം വിശുദ്ധ ഖുർആന്റെ അടിസ്ഥാനപരമായ അദ്ധ്യാപനങ്ങൾക്ക് തന്നെ പാടെ വിരുദ്ധമാണ്.

അല്ലാഹു തന്റെ വരിഷ്ട ദാസന്മാരോടു ചേർന്ന വിധത്തിലാണ് വഹ്യ് അഥവാ ദിവ്യ വെളിപാടു അറിയിക്കുന്നതെന്നും അതിന്നു അവൻ ഒരതിർ വരമ്പും നിശ്ചയിച്ചിട്ടില്ലെന്നും ഹദ്റത്ത് നബി കരീം (സ) ന്നുശേഷം അവൻ തന്റെ ഈ പ്രക്രിയ തുടർന്നു കൊണ്ടിരിക്കുന്നുവെന്നും വിശുദ്ധ ഖുർആനിൽ നിന്നും മനസ്സിലാകുന്നു.

അല്ലാഹുത്തആല അരുൾ ആൻ അരുൾ ചെയ്യുന്നു.

'ഈ ദൈവങ്ങൾ (വിഗ്രഹങ്ങൾ) സംസാരിക്കുകയില്ലെന്നു നിനക്ക് (ഇബ്രാഹിം നബിക്ക്) അറിയാമല്ലോ. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന് പുറമെ നിങ്ങൾക്ക് ഒരുപകാരവും ചെയ്യാത്ത വസ്തുക്കളെയാണോ നിങ്ങൾ ആരാധിക്കുന്നത്? നിങ്ങൾക്കും നിങ്ങൾ ആരാധിക്കുന്ന വസ്തുവിനും അഹോ കഷ്ടം! നിങ്ങൾ എന്തുകൊണ്ട് ബുദ്ധി ഉപയോഗിച്ചു കാര്യം മനസ്സിലാക്കുന്നില്ല?' (21:66-68)

അതേപ്രകാരം മൂസാനബിയുടെ അഭാവത്തിൽ സാമിരിയും കൂട്ടരും സ്വർണ്ണംകൊണ്ടുണ്ടാക്കിയ കന്നുകുട്ടിയെ ആരാധിക്കാൻ തുടങ്ങിയപ്പോൾ അല്ലാഹു ചോദിച്ചു: *''അത് (ആ കന്നു കുട്ടിയെന്ന വിഗ്രഹം) അവരുടെ ഒരു വാക്കിന്നും മറുപടി നൽകുന്നില്ലെന്നും അവർക്ക് ദോഷമോ ഗുണമോ ചെയ്യുവാൻ അതിന്ന് സാധ്യമല്ലെന്നും അവർ എന്ത്കൊണ്ട് കാണുന്നില്ല?" (20:90)*

മറ്റൊരു സ്ഥലത്ത് അല്ലാഹു അരുൾ ചെയ്യുന്നു:

*"അല്ലാഹുവിന്നു പുറമെ അന്ത്യനാൾ വരെ തങ്ങൾക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവരെക്കാൾ വഴി പിഴച്ചവർ മറ്റാരുണ്ട്? അവർ (ആ പ്രാർത്ഥിതർ ) ഇവരുടെ പ്രാർത്ഥനയെക്കുറിച്ച് ഒരറിവും ഇല്ലാത്തവരാകുന്നു". (46:6)*

പ്രസ്തുത സൂക്തങ്ങളെല്ലാം മനസ്സിലാക്കിത്തരുന്നത് അല്ലാഹുവിനെ കൂടാതെയുള്ള പ്രാർത്ഥിതരും ആരാധ്യരും സംസാരശേഷി ഇല്ലാത്തവരാണെന്നാണ്. എന്നാൽ അല്ലാഹുവും താൻ സംസാരിക്കുന്നത് നിറുത്തലാക്കിയിരിക്കുകയാണെങ്കിൽ അവനെയും സംസാരശേഷിയില്ലാത്ത ആരാധ്യരിൽ പെടുത്തുന്നതിനു തുല്യമാണ്.

എന്നാൽ അല്ലാഹു പറയുന്നു:

*"നിങ്ങൾ എന്നോടു പ്രാർത്ഥിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകുന്നതാണ്"* (40:61)

കാലവ്യത്യാസമെന്യെ ഇറക്കുന്നതായും മലക്കുകൾ മുഖേന അവരോടു സംസാരിക്കുന്നതായും വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. അതായത്,

“ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും അതിൽ സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെ പക്കൽ മലക്കുകൾ ഇറങ്ങും (എന്നിട്ടു ആ മലക്കുകൾ പറയും): ‘നിങ്ങൾ ഭയപ്പെടുകയും വ്യസനിക്കുകയും വേണ്ട. നിങ്ങൾക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന സ്വർഗ്ഗം ലഭിച്ചതിൽ സന്തുഷ്ടരാവുക. ഐഹിക ജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മാത്രങ്ങളാകുന്നു. നിങ്ങളുടെ മനസ്സിൽ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾക്കു അവിടെ ലഭിക്കുന്നതാണ് നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്കവിടെ ഉണ്ടാകും’. (41:31,32)

അതായത് ദൈവമാർഗ്ഗത്തിൽ നാനാഭാഗങ്ങളിൽ നിന്നും കഷ്ടതകളും ക്ലേശങ്ങളും പരീക്ഷണങ്ങളും വന്നു ഭവിക്കുകയും അതേപ്രകാരം ജീവന്നും അന്തസ്സിന്നും സമ്പത്തിനും ഹാനിയുണ്ടാവുകയും ഭയങ്കരമായ അനുഭവങ്ങളെ നേരിടേണ്ടിവരികയും ചെയ്യുന്ന അവസരങ്ങളിൽ ധൈര്യക്ഷയം കാണിക്കാതെയും ദൈവികപാശത്തെ മുറുകെപ്പിടിക്കുകയും സ്ഥിരചിത്തത കാണിക്കുകയും ചെയ്യുന്ന സമോന്നത പദവി ലഭിച്ചവരുടെ മേൽ അല്ലാഹുവിന്റെ കല്പന അനുസരിച്ച് മലക്കുകൾ ഇറങ്ങി അവർക്ക് സാന്ത്വനമേകുകയും സുവിശേഷമറിയിക്കുകയും ചെയ്യുന്നു. അത്തരം ഭയാനകമായ പരീക്ഷണ ഘട്ടങ്ങളിൽ മതാനസ്റുല്ലാഹി (ഇനിയെപ്പോഴാണ് ദൈവ സഹായമുണ്ടാവുക) എന്നു പറഞ്ഞു പരിഭ്രാന്തിയിലായിരിക്കുമ്പോൾ അവർക്ക് അല്ലാഹു നസ്റല്ലാഹി ഖരീബു എന്ന ദിവ്യ ശബ്ദം കേൾപ്പിക്കുമാറാകുന്നു.

മറ്റൊരു സ്ഥലത്ത് അല്ലാഹു അരുൾ ചെയ്യുന്നു:

“അറിയുക, തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങൾക്കു ഒരു ഭയവും ഉണ്ടായിരിക്കുകയില്ല. അവർ വ്യസനിക്കുകയുമില്ല. അവർ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നവരായിരിക്കും. അവർക്ക് ഇഹലോകത്തും പരലോകത്തും സുവിശേഷ വാർത്തകളുണ്ട്. അല്ലാഹുവിന്റെ വചനങ്ങൾക്ക് ഒരു മാറ്റവും ഇല്ല. അതു തന്നെയാണ് മഹത്തായ വിജയം”. (10:63-65)

വീണ്ടും ഖുർആൻ പറയുന്നു.

‘അവൻ പദവികൾ ഉയർത്തുന്നവൻ, സിംഹാസനാധിപൻ (ആകുന്നു) അവൻ തന്റെ കല്പനയനുസരിച്ചുള്ള വചനം തന്റെ ദാസന്മാരിൽ നിന്ന് താനിച്ഛിക്കുന്നവർക്ക് ഇട്ടുകൊടുക്കുന്നു. പരസ്പരം കണ്ടുമുട്ടുന്നതിനെക്കുറിച്ച് അവൻ മുന്നറിയിപ്പു നൽകുന്നതിന്നു വേണ്ടി’ (40:16)

അല്ലാഹു താനുദ്ദേശിക്കുന്ന തന്റെ ഇഷ്ട ദാസന്മാർക്ക് ദിവ്യവെളിപാടുകളും ദിവ്യവചനങ്ങളും നൽകുന്നുവെന്നും ഈ പ്രക്രിയ അവസാനിച്ചു പോയിട്ടില്ലെന്നും പ്രസ്തുത വചനങ്ങൾ വിളിച്ചോതുന്നു.

ഹദ്റത്ത് നബികരിം (സ) തിരുമേനിക്കു ശേഷം ദിവ്യവെളിപാടുകൾ തുടർന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നതായി മഹാത്മാക്കളായ പല മതപരിഷ്ക്കർത്താക്കളും (മുജദ്ദിദീങ്ങളും) ഇമാമീങ്ങളും സലഫുസ്സ്വലിഹീങ്ങളും ഏറ്റു പറയുന്നു.

ഹദ്റത്ത് ഖാജാ മുഈനുദ്ദീൻ ചിശ്ത്തി (റ) അരുൾ ചെയ്യുന്നു:

ഓരോ നിമിഷവും പരിശുദ്ധാത്മാവായ ജിബ്രീൽ മുഈനുദ്ദീന്റെ അന്ത:രംഗത്ത് ഈ കാര്യം ഊതിക്കൊണ്ടിരിക്കുന്നു. ഞാനൊന്നും തന്നെ എന്റെ ഭാഗത്ത് നിന്നും പറയുന്നില്ല. മറിച്ച് ജിബ്രീൽ പറയുന്നതനുസരിച്ച് പറയുന്നുവെന്നു മാത്രം.

(ദീവാൻ ഹദ്റത്ത് ഖാജാ മുഈനുദ്ദീൻ പേജ്:56)

ഹദ്റത്ത് മൗലാനാ റൂമി (റ) അരുൾ ചെയ്യുന്നു: അല്ലാഹു പരിപൂർണ്ണ മനുഷ്യരുടെ ആത്മാവിനെ അനാശാസ്യ കാര്യങ്ങളിൽ നിന്നും പരിശുദ്ധമാക്കുകയും അങ്ങനെ അവരുടെ മേൽ വഹ്യെ ഇലാഹി (ദിവ്യ വെളിപാടു) ഇറക്കുകയും ചെയ്യുന്നു. (മഥ്നവി ദഫ്ത്തർ III പേജ് 10)

കൂടാതെ ഹദ്റത്ത് മൗലാനാ ദാവൂദ് (ഗസ്ന വജഥ്ബാത്തുൽ ഇൽഹാം വൽ ബൈഅത്ത് പേജ് 148) ഹദ്റത്ത് ഇമാം അബ്ദുൽ വഹ്ഹാബിശ്ശിഅറാനി (അൽ യവാഖീത്ത് വൽജവാഹിർ) ഹദ്റത്ത് ശാഹ് വലിയുല്ലാഹ് മുഹദ്ദസ് ദഹ്ലവി (തഫ്ഹീമാത്ത് ഇലാഹിയ വാള്യം 1 പേജ് 45, വോള്യം 2 പേജ് 123) ഹദ്റത്ത് ഇമാം റാസി (റ) (തഫ്സീർ കബീർ വാള്യം 7. പേജ് 370, 371) എന്നീ ഗ്രന്ഥങ്ങളിൽ പ്രസ്തുത മഹാത്മാക്കൾ ഈ ഉമ്മത്തിൽ വഹ്യും ഇൽഹാമും ഇറങ്ങിക്കൊണ്ടിരിക്കുന്നതാണെന്നും തങ്ങൾ അതിന് അനുഭവസ്ഥരാണെന്നും പ്രസ്താവിക്കുന്നു.

നവാബ് സിദ്ദീഖ് ഹസൻഖാൻ സാഹിബ്, ഹദ്റത്ത് അല്ലാമ: മുഹമ്മദുൽ ഇബ്ബാൻ, ഹദ്റത്ത് ഇമാം സുയൂത്തി എന്നീ മഹാന്മാർ ഹദ്റത്ത് വാഗ്ദത്ത മസീഹിന്ന് ദിവ്യ ഭാഷണം ഇറങ്ങുന്നതാണെന്നു തങ്ങളുടെ ഗ്രന്ഥങ്ങളിൽ പ്രസ്താവിക്കുന്നു.

ഹദ്റത്ത് അല്ലാമ: മുഹമ്മദുൽ ഇബ്ബാൻ എഴുതുന്നു: “ മഹ്ദി ഇമാം ഇൽഹാം മുഖേന ശരീഅത്തിന്റെ സൂക്ഷ്മജ്ഞാനങ്ങൾ ഗ്രഹിച്ചുകൊണ്ട് അവ നിങ്ങളിലേക്കെത്തിക്കുന്നതാണെന്ന് ഒരു ഹദീസിന്റെ വെളിച്ചത്തിൽ ഹദ്റത്ത് മുഹ്യിദ്ദീൻ ഇബ്നു അറബി എഴുതുന്നു. ഹദ്റത്ത് നബി കരിം (സ) ഇപ്രകാരം അരുൾ ചെയ്യുകയുണ്ടായി: മഹ്ദി എന്നെ അനുധാവനം ചെയ്യുന്ന ആളായിരിക്കും. അതായത് അദ്ദേഹത്തിന്റെ കാലത്തുള്ള മതപണ്ഡിതന്മാർക്ക് നവീനമായതെന്ന് തോന്നുമാറ് അദ്ദേഹം ഫത്വ പുറപ്പെടുവിക്കുന്നതായിരിക്കും. എന്നാൽ ആ പണ്ഡിതന്മാർ തങ്ങളുടെ തീർപ്പുകളിൽ അബദ്ധകാരികളായിരിക്കും. വാസ്തവത്തിൽ മഹ്ദി ഇമാം ഞാനെഴുതിയ ഫത്വക

ളായിരിക്കും നൽകുക. അദ്ദേഹം എന്റെ അനുസാരിയായിരിക്കും. തന്റെ വിധിയിൽ നിഷ്ക്കളങ്കനായിരിക്കും. അസ്ആഫുർ റാഗാബീൻ പേജ് 145)

വീണ്ടും എഴുതുന്നു:

ഹദ്റത്ത് ഇമാം സുയൂത്തി (റ) തന്റെ അഅ്ലാം എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: മസീഹ് (അ) റസൂൽ തിരുമേനി (സ) യുടെ ന്യായപ്രമാണ മനുസരിച്ച് വിധി കല്പിക്കുന്നതായിരിക്കും. മസീഹ് തന്റെ മാർഗ്ഗസംബന്ധമായ തീർപ്പുകളിൽ നിലവിലുള്ള ഒരു മതത്തെയും പിൻപറ്റുന്നതല്ല എന്ന കാര്യത്തിൽ ഇജ്മാഅ് (ഏകകണ്ഠമായ അഭിപ്രായം) ഉണ്ട്. അദ്ദേഹം ന്യായപ്രമാണത്തിന്റെ എല്ലാവിധികളും വിശുദ്ധ ഖുർആനിൽ നിന്നുമായിരിക്കും കരഗതമാക്കുക. ഹദ്റത്ത് നബി കരിം (സ) കരഗതമാക്കിയതുപോലെ. ജിബ്രിൽ അദ്ദേഹത്തിൽ വഹ്യ് ഹഖീഖിയുമായി ഇറങ്ങുന്നതായിരിക്കും. (അസ്അഫുറീ റാഗിബിന്റെ പേജ് :143)

ഹദ്റത്ത് മുഹമ്മദ് നബി (സ) ക്ക് ശേഷവും അല്ലാഹു ദിവ്യവെളിപാടു ഇറക്കുന്നതാണെന്ന് വിശുദ്ധ ഖുർആൻ അതിന്റെ ആരംഭത്തിൽത്തന്നെ പ്രതിപാദിക്കുന്നു. അതായത്,

അവർ (മുത്തഖീങ്ങളായ സത്യവിശ്വാസികൾ) നിനക്കു അവതരിപ്പിച്ചു തന്നതിലും നിനക്ക് മുമ്പ് അവതരിപ്പിക്കപ്പെട്ടതിലും വിശ്വിക്കുന്നവരാണ്. പിറകുള്ളതിലും അവർ ദൃഢമായി വിശ്വസിക്കുന്നതാണ് (2:5)

ആഖിറത്ത് എന്ന വാക്കിന്ന് നിർവചനം നൽകിക്കൊണ്ട് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) വിശ്വവ്യഖ്യാതമായ തന്റെ തഫ്സീർ കബീർ എന്ന ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ എഴുതുന്നു:

*"ആഖിറത്ത് എന്ന വാക്കിന്റെ അർത്ഥം പിന്നീട് വരുന്ന കാര്യം എന്നാണ്. വിശുദ്ധ ഖുർആനിൽ യൗമുൽ ആഖിറത്ത് എന്ന വാക്ക് ആവർത്തിച്ചാവർത്തിച്ച് പ്രതിപാദിക്കപ്പെട്ടിരിക്കുന്നത് കൊണ്ട് ആഖിറത്ത് എന്ന വാക്കിന് യൗമുൽ ആഖിറത്ത് (അവസാന നാൾ) എന്ന അർത്ഥമാണ് ജനങ്ങളുടെ മനസ്സിൽ പൊങ്ങി വരുന്നത്. എന്നാൽ ഇത് ശരിയല്ല. ആഖിറത്ത് എന്ന വാക്കിന്റെ ശരിയായ അർത്ഥം, പിന്നീടു വരുന്ന വസ്തു എന്നാണ് അതുകൊണ്ട് ഈ വാക്കിന്ന് ഉപയുക്തമായ സന്ദർഭവും അവസരവും അനുസരിച്ചുള്ള അർത്ഥമാണു കൊടുക്കേണ്ടത്.*

'തഫ്സീർ കബീർ വാള്യം IV പേജ് 807)

പ്രസ്തുത വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ ഇവിടെ പ്രയുക്തമായ ആഖിറത്ത് എന്നത് കൊണ്ടു പിന്നീടുണ്ടാകുന്ന വഹ്യ് അഥവാ ദിവ്യവെളിപാടു എന്ന് അർത്ഥം കൊടുക്കപ്പെടുന്നതാണ് ഉചിതമായിരിക്കുക.

ഉപര്യുക്ത വചനത്തിന്നു വ്യഖ്യാനം നൽകി ക്കൊണ്ട് ന്യായവിധികർത്താവായി (ഹകമൻ അദലൻ ആയി) അവതരിച്ച ഹദ്റത്ത് മഹ്ദി ഇമാം (അ) ഇപ്രകാരം അരുൾ ചെയ്യുന്നു:

"അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് ഇൽഖാ എന്നോണം പെട്ടെന്ന് എന്റെ ഹൃദയത്തിൽ ഈ കാര്യം ഇടപ്പെട്ടു. അതായത്,

"നിന്നിൽ ഇറക്കപ്പെട്ടതിലും നിനക്ക് മുമ്പ് ഇറക്കപ്പെട്ടതിലും അവർ വിശ്വസിക്കുന്നു.പിന്നീടുള്ളതിലും അവർ ദൃഢമായി വിശ്വസിക്കുന്നു എന്നആയത്തിൽ മൂന്നു വഹ്യ്കളെപ്പറ്റിയാണ് പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. മാഉൻസില ഇലൈക്ക (നിന്നിലേക്ക് ഇറക്കപ്പെട്ടതിലും) എന്നത് കൊണ്ട് വിശുദ്ധ ഖുർആന്റെ വഹ്യും 'വമാ ഉൻസില മിൻ ഖബ്ലിക്ക (നിനക്ക് മുമ്പ് ഇറക്കപ്പെട്ടതിലും) എന്നത് കൊണ്ട് പൂർവ്വിക പ്രവാചകന്മാരുടെ വഹ്യും ആഖിറത്ത് എന്നത് കൊണ്ട് വാഗ്ദത്ത മസീഹിന്റെ വഹ്യും ആണുദ്ദേശ്യം- ആഖിറത്ത് എന്നതിന്റെ അർത്ഥം പിറക് വരുന്നത് എന്നാണ്? പിറക് വരുന്നതെന്താണ്? ഇതിന്നു മുമ്പുളള വചനം വ്യക്തമാക്കുന്നത് പിന്നീടു വരുന്നതു എന്നത് കൊണ്ടുളള ഉദ്ദേശ്യം വിശുദ്ധ ഖുർആനു ശേഷം ഇറങ്ങുന്ന വഹ്യ് എന്നാണ്. കാരണം ഇതിന്നു മുമ്പ് വഹ്യ്കളെക്കുറിച്ചാണ് പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. ഒന്നു റസൂൽ തിരുമേനിയിൽ ഇറങ്ങിയത്. രണ്ടാമത്തെത് റസൂൽ തിരുമേനി (സ) ക്ക് മുമ്പ് ഇറങ്ങിയത്. മൂന്നാമത്തെത് അദ്ദേഹത്തിന്നു ശേഷം വരാനിരിക്കുന്നതാണ്.

(തഫ്സീർ സൂറ: ബഖറ **Vol.2 P.** 63, തഅ്ലീം ഫഹ്മിൽ ഖുർആൻ പേജ് 21, 233)

ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് (അ) തനിക്കുണ്ടായ ദിവ്യവെളിപാടുകളുടെ യാഥാർത്ഥ്യത്തെക്കുറിച്ച് ഇപ്രകാരം എഴുതുന്നു:

"ഇബ്രാഹിമിനോടും ഇസ്ഹാഖിനോടും അയ്യൂബിനോടും യൂസഫിനോടും മൂസയോടും മസീഹിബ്നു മർയമിനോടും (അലൈഹാ മുസ്സലാം) സംസാരിച്ച മറ്റെല്ലാ പ്രവാചകന്മാരേക്കാളും ഏറ്റവും പ്രകാശമാനവും പരിശുദ്ധവുമായ വഹ്യ് ഹദ്റത്ത് നബികരിം (സ)ന്ന് ഇറക്കിയ അല്ലാഹുവിന്റെ പേരിൽ ഞാൻ ആണയിട്ടു പറയുകയാണ്, എന്നെ അവൻ തന്നെയാണ് തന്റെ ദൈവിക ഭാഷണത്താൽ എന്നെ അനുഗൃഹീതമാക്കിയിരിക്കുന്നത്. എന്നാൽ ഈ ബഹുമതി എനിക്ക് നബി തിരുമേനിയെ പിൻപറ്റിയതു കൊണ്ട്മാത്രം ലഭ്യമായതാണ്. ഞാൻ നബി തിരുമേനിയുടെ ഉമ്മത്തിയും അനുസാരിയും അല്ലായിരുന്നുവെങ്കിൽ ലോകത്തുള്ള സർവ്വ മതലകൾക്കും സമാനമായി പുണ്യ കർമ്മങ്ങൾ ഞാൻ ചെയ്തിരുന്നാലും അല്ലാഹുവിങ്കൽ നിന്നുള്ള മധുരഭാഷണത്താൽ ഞാൻ അനുഗ്രഹിക്കപ്പെടുമായിരുന്നില്ല".

(തജല്ലിയാത്തെ ഇലാഹി 24,25)

തന്റെ ആഗമനോദ്ദേശ്യത്തെപ്പറ്റി ഹദ്റത്ത് മസീഹ് (അ) അരുൾ ചെയ്യുന്നു:

"ഞാൻ നിയുക്തനാക്കപ്പെട്ടതിന്റെ ഉദ്ദേശ്യം എന്താണെന്ന് ഹൃദയാത്മനാ നിങ്ങൾ ശ്രവിക്കുക. എന്റെ

സ്വയം തന്നെ അതു നാശമടഞ്ഞു പോകുന്നതാണെന്നു ഞാൻ നിങ്ങൾക്ക് ഉറപ്പു നൽകുന്നു. കാരണം അല്ലാഹു അരുൾ ചെയ്യുന്നു:

(അല്ലാഹുവിന്റെ മേൽ) കളവു കെട്ടിപ്പറയുന്നവൻ പരാജയപ്പെടുക തന്നെ ചെയ്യും (20:26)

വീണ്ടും അരുൾ ചെയ്യുന്നു:

"അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമയ്ക്കുകയോ അവന്റെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറയുകയോ ചെയ്യുന്നവനേക്കാൾ വലിയ അക്രമി ആരാണ്? അക്രമികൾ ഒരിക്കലും വിജയം പ്രാപിക്കുകയില്ല എന്നതാണ് സത്യം." (6:22)

രാത്രിയിൽ ഒരു കാര്യം കൃത്രിമമായി ഉണ്ടാക്കുകയും പകലിൽ ജനങ്ങളോടു അല്ലാഹു ഈ കാര്യം തന്നോടു പറഞ്ഞിരിക്കുന്നുവെന്നു പറയുകയും ചെയ്യുന്ന ആൾക്ക് എങ്ങനെ വിജയ പ്രാപ്തിയും ഉദ്ദേശ്യ സാഫല്യവും ഉണ്ടാകും?

അല്ലാഹു റസൂൽ തിരുമേനിയോട് അരുൾ ചെയ്യുന്നു.

"അദ്ദേഹം നമ്മുടെ മേൽ വ്യാജവചനങ്ങൾ കെട്ടിചുമത്തിയിരുന്നുവെങ്കിൽ നാം അദ്ദേഹത്തെ വലത്ത് കൈകൊണ്ടു പിടിച്ച് അദ്ദേഹത്തിന്റെ ജീവ നാഡി എടുത്തുകളയുമായിരുന്നു. അപ്പോൾ അതിനെ തടയാൻ നിങ്ങളിലാർക്കും തന്നെ സാധിക്കുകയില്ല."(69:45-48)

മഹത്വ സമ്പൂർണ്ണനായ ആ മഹാവ്യക്തിയെ സംബന്ധിച്ചേടത്തോളം ഇപ്രകാരം ദൈവ കല്പന യുണ്ടായിരിക്കെ ഒരു സാധാരണ മനുഷ്യന്ന് ഒരു കത്തിയുടെ ആവശ്യം മാത്രമെയുണ്ടായിരിക്കുകയുള്ളു. എപ്പോഴോ അയാളെക്കുറിച്ചുള്ള വിധി ഉണ്ടായിരുന്നിരിക്കും" (മൽഫൂസാത്ത് 7 വാള്യം 7 പേജ് 670, 671)

ഈ യാഥാർത്ഥ്യം ഗ്രഹിച്ച് ഇപ്പോഴെങ്കിലും സത്യം സ്വീകരിക്കാനുള്ള സൗഭാഗ്യം അല്ലാഹു സത്യാന്വേഷികൾക്കു നൽകിയനുഗ്രഹിക്കുമാറാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. n

തിനും ഇസ്‌ലാമിൽ ധാർമ്മികതക്കുള്ള സ്ഥാനം ഊന്നിയുറപ്പിക്കുന്നതിന്നുമായിട്ടത്രെ എന്നെ ദൈവം അയച്ചിട്ടുള്ളത്. സത്യാന്വേഷികൾക്ക് സംതൃപ്തി പ്രദാനം ചെയ്യുന്ന സ്വർഗ്ഗീയാടയാളങ്ങൾ അല്ലാഹു എനിക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നു. എനിക്ക് പിന്തുണ നൽകിക്കൊണ്ട് അല്ലാഹു അത്ഭുതങ്ങൾ കാണിച്ചു. ദിവ്യ ദൗത്യം വാദിക്കുന്ന സത്യാത്മാക്കളുടെ അടയാളമായി വേദ ഗ്രന്ഥങ്ങൾ വിവരിച്ചുതരുന്ന പ്രകാരം അദൃശ്യ കാര്യങ്ങളെക്കുറിച്ചും ഭാവിയെപ്പറ്റിയുമുള്ള രഹസ്യ വിവരങ്ങൾ അല്ലാഹു എനിക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നു. അവൻ എനിക്ക് പാവനവും വിശുദ്ധവും ആയ ജ്ഞാനം നൽകി എന്നെ അനുഗ്രഹിച്ചിരിക്കുന്നു. ആ കയാൽ സത്യത്തെ വെറുക്കുകയും ഇരുട്ടിനെ ഇഷ്ടപ്പെടുകയും ചെയ്യുന്ന ദുരാത്മാക്കൾ എന്റെ നേരെ എതിരായി വന്നിരിക്കുന്നു. എന്നാൽ എനിക്ക് ആകുവോളം ഞാൻ മനുഷ്യ വംശത്തിന് നേരെ അനുകമ്പാലുവായിരിക്കുന്നതാണ്. (മസീഹ് ഹിന്ദുസ്താൻമെ പേജ്-11)

ഹദ്റത്ത് വാഗ്ദത്ത മസീഹ് മറ്റൊരിടത്ത് പറയുന്നു:

എന്നോടു എതിർപ്പു കാണിക്കുന്നവർ എന്നോടല്ല, ഏതൊരുവനാണോ എന്നെ അയച്ചിരിക്കുന്നത് അവനെയാണ് എതിരിടുന്നതെന്ന കാര്യം ഓർമ്മിച്ചു കൊള്ളുവിൻ. ഒരു സാധാരണ ശിപായിയെ അപമാനിക്കുകയും അയാളുടെ വാക്കു കേൾ ക്കാതിരിക്കുയും ചെയ്യുന്ന, ഗവർമ്മെണ്ടിനെ അവഹേളിക്കുകയും അനുസരണക്കേടു കാണിക്കുകയും ചെയ്യുന്ന ആൾക്ക് ശിക്ഷ ലഭിക്കുന്ന സ്ഥിതിയിൽ ദൈവനിയുക്തനായ ഒരാളെ അപമാനിക്കുകയും അദ്ദേഹത്തിന്റെ വാക്കുകളെ വിലമതിക്കാതിരിക്കുകയും ചെയ്യുന്ന നിങ്ങൾ എന്ത് കൊണ്ട് ശിക്ഷക്കു പാത്രമാകാതിരിക്കും? എന്റെ പ്രസ്ഥാനം ദൈവത്തിൽ നിന്നുമുള്ളതല്ലെങ്കിൽ ആരുതന്നെ അതിനെ എതിർത്താലും ഇല്ലെങ്കിലും

ആഗമനോദ്ദേശ്യ ലക്ഷ്യം ഇസ്‌ലാമിന്റെ നവീകരണവും സഹകരണവും ആകുന്നു. ഇതിൽ നിന്നും ഞാൻ പുതിയൊരു ശരീഅത്ത് പഠിപ്പിക്കുവാനോ പുതിയ കല്പനകൾ (വിധിവിലക്കുകൾ) നൽകുവാനോ പുതിയൊരു ഗ്രന്ഥം അവതരിപ്പിക്കുവാനോ ആണ് ആഗതനായിരിക്കുന്നത് എന്നു കരുതരുത്. ഒരിക്ക ലുമൊരിക്കലും ആ ഉദ്ദേശ്യം എനിക്കില്ല. ആരെങ്കിലും അങ്ങനെ കരുതുന്നുവെങ്കിൽ എന്റെ പക്കൽ ആ ആൾ കഠിനമായ വഴികേടിലും കഷ്ടപ്പെട്ടവനും ദീനില്ലാത്ത നിർമ്മത വാദിയുമാണ്. ഹദ്റത്ത് നബി കരിം (സ) തിരുമേനിയോടു കൂടി ശരി അത്തോടുകൂടിയ നുബുവ്വത്തിന്റെ അന്ത്യം കുറിച്ചിരിക്കുന്നു. ഇനി ഒരു ശരീ അത്തും വരുന്നതല്ല. വിശുദ്ധ ഖുർആൻ ഖാതമുൽ കുതുബാണ്. അതിൽ ഒരു വള്ളിക്കോ പുള്ളിക്കോ ഏറ്റക്കുറച്ചി ൽ ഉണ്ടാവുന്നതല്ല. എന്നാൽ ഒരു കാര്യം സത്യമാണ്. നബിതിരുമേനിയുടെ ഔദാര്യങ്ങളും അനുഗ്രഹങ്ങളും വിശുദ്ധ ഖുർആന്റെ അദ്ധ്യാപനത്തിന്റെയും മാർഗ്ഗ ദർശനത്തിന്റെയും ഫലങ്ങളും ഒരിക്കലും അവസാനിക്കുന്നില്ല. അവ ഓരോ കാലത്തും ഓജസ്സോടുകൂടി നിലനിൽക്കുന്നു. അതേ ഔദാര്യങ്ങളും അനുഗ്രഹങ്ങളും സ്ഥാപിക്കുകയും നിലനിറുത്തുകയും ചെയ്യുന്നതിന്നായിട്ടാണ് അല്ലാഹു എന്നെ നിയുക്തനാക്കിയിരിക്കുന്നത്.

'റൂഹാനിഖസായിൻ വാള്യം 20 പേജ് 279'

തന്റെ ആഗമനോദ്ദേശ്യത്തെക്കുറിച്ച് വീണ്ടും അദ്ദേഹം അരുൾ ചെയ്യുന്നു:

ഈ ഇരുണ്ടകാലത്തിലെ വെളിച്ചമാകുന്നു ഞാൻ. ഇരുട്ടിൽ നടക്കുന്നവർക്കായി ശൈത്താൻ ഒരുക്കിവെച്ച പടുകുഴികളിൽ വീഴുന്നതിൽ നിന്ന് എന്നെ പിന്തുടരുന്നവർ രക്ഷിക്കപ്പെടും. സമാധാനത്തിലൂടെയും വിജയമാർഗ്ഗത്തിലും സത്യ ദൈവത്തിലേക്ക് ജനങ്ങളെ വഴി നടത്തുന്ന

ലേഖനം

# ഭരണാധികാരം

സർ സഫറുല്ലാഹ് ഖാൻ

**പൊതുകാര്യങ്ങൾ നടത്താനുള്ള ഒരു ട്രസ്റ്റ് ആയിട്ടാണ് ഭരണാധികാരം വിവക്ഷിക്കപ്പെട്ടിരിക്കുന്നത്. ഭരണരൂപം എന്തായിരിക്കണമെന്ന് ഇസ്‌ലാം വ്യക്തമായി പറയുന്നില്ല.**

പ്രപഞ്ചത്തിന്റെ പരമാധികാരം ദൈവത്തിന്ന് മാത്രമാണെന്നാണ് ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ വീക്ഷണമെന്ന് ധരിച്ചിരിക്കേണ്ടതുണ്ട്. ദൈവത്തിന്റെ ഒരു പ്രതിനിധി എന്ന നിലയിൽ അവന്നു കണക്കു ബോധിപ്പിക്കാനും അവനോട് ഉത്തരം പറയാനും ബാദ്ധ്യസ്ഥനായ മനുഷ്യന്ന്, അവന്റെ ചില ചുമതലകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ, ചില മണ്ഡലങ്ങളിൽ ഒരു 'ട്രസ്റ്റ്' എന്നോണം ചില അധികാരങ്ങൾ നൽകപ്പെട്ടിരിക്കുകയാണ്. ഈ തത്വം ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും വ്യാപരിക്കുന്നുണ്ട്. തിരുനബി (സ) ഇപ്രകാരം അരുളുകയുണ്ടായി: "നിങ്ങളിൽ ഓരോ ആളും ഓരോ കാര്യസ്ഥനാകുന്നു; തന്റെ രക്ഷയിലുള്ളവയെ സംബന്ധിച്ചേടത്തോളം ഉത്തരവാദിയും കണക്ക് പറയേണ്ടവനുമാണ്. ഓരോ ഭരണകർത്താവും തന്റെ ജനങ്ങളെ സംബന്ധിച്ചേടത്തോളം ഉത്തരം പറയേണ്ടവനാകുന്നു. ഓരോ ആളും തന്റെ കുടുംബത്തിലെ അംഗങ്ങളെ സംബന്ധിച്ചേടത്തോളം ഉത്തരം പറയേണ്ടവനാകുന്നു. ഓരോ സ്ത്രീയും തന്റെ ഭവനത്തെയും കുട്ടികളെയും സംബന്ധിച്ചേടത്തോളം ഉത്തരം പറയേണ്ടവളാകുന്നു. ഓരോ ഭൃത്യനും തന്റെ മേൽനോട്ടത്തിലുള്ള യജമാനന്റെ സ്വത്തിന്റെ കാര്യത്തിൽ ഉത്തരം പറയേണ്ടവനാകുന്നു" (ബുഖാരി).

ഭരണ തലത്തിലും പൊതു പ്രവർത്തന മണ്ഡലങ്ങളിലും നടപ്പിൽ വരുത്തേണ്ട ചില നിർദ്ദേശങ്ങൾ ഇസ്‌ലാം നൽകുന്നുണ്ട്. എന്നാൽ, അവ പ്രാവർത്തികമാക്കേണ്ട രീതികളെകുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. ഓരോ അവസ്ഥാന്തരത്തിലും അനുഭവപ്പെടുന്ന അടിയന്തരാവശ്യങ്ങളും പൊതുവായുള്ള ആവശ്യങ്ങളും അനുസരിച്ച് ആ നിർദ്ദേശങ്ങൾക്ക് പ്രായോഗിക രൂപം നൽകാവുന്നതാണ്. പൊതു കാര്യങ്ങൾ നടത്തുവാനുള്ള അധികാരം- അതൊരു ട്രസ്റ്റ് ആയിട്ടാണ് വിവരിക്കപ്പെട്ടിട്ടുള്ളത്-ഏറ്റവും പ്രാപ്തരായ ആളുകളെ ഏല്പിക്കേണ്ടതാണെന്ന നിർബന്ധ നിർദ്ദേശത്തിലൂടെയാണ് അത് ആരംഭിക്കുന്നത്. "അധികാരം അത് ഏറ്റവും നന്നായി നിർവ്വഹിക്കാൻ കെല്പുറ്റവരുടെ കൈകളിൽ അർപ്പിക്കണമെന്ന് അല്ലാഹു നിങ്ങളോട് കല്പിക്കുന്നു. ജനങ്ങൾക്കിടയിൽ വിധി കല്പിക്കുവാനോ അധികാരം നടത്താനോ നിങ്ങളോടാവശ്യപ്പെട്ടാൽ അത് നിങ്ങൾ നീതിപൂർവ്വം നിർവ്വഹിക്കുവിൻ. നിശ്ചയമായും അല്ലാഹു ഉത്തമമായതിനെ മുൻനിർത്തി നിങ്ങളോട് ഉപദേശിക്കുന്നു. നിശ്ചയമായും അല്ലാഹു എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്നവനുമാകുന്നു" (4:59).

പരമാധികാരം ജനങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്നും ഭരണച്ചുമതലകൾ നിർവ്വഹിക്കുന്നതിന്ന് ഏറ്റവും പ്രാപ്തരായ ആളുകളുടെ കൈകളിൽ ഭരണഭാരം അർപ്പിക്കാൻ ജനങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുകയാണെന്നും ആണ് മേൽ വാക്യങ്ങൾ വ്യക്തമാക്കിത്തരുന്നത്. ഇങ്ങനെ, തങ്ങളുടെ പ്രതിനിധികളെ വിവേകപൂർവ്വം തെരഞ്ഞെടുക്കുവാൻ ജനങ്ങളെ ബാദ്ധ്യതപ്പെടുത്തിയിരിക്കുകയാണ്. അതോടൊപ്പം തന്നെ അധികാരം നടത്താൻ ചുമതലയേറ്റെടുത്തിട്ടുള്ളവരോട് അത് നീതിയോടും ന്യായമായും നിർവ്വഹിക്കാൻ കല്പിക്കുകയും ചെയ്തിരിക്കുന്നു. അടിസ്ഥാനപരമായ ഈ രണ്ടു പാഠങ്ങളിൽ നിന്ന് മുസ്‌ലിംകൾ വ്യതിചലിക്കാനും മറ്റു ചില പരീക്ഷണങ്ങളിലേർപ്പെടാനും പ്രചോദിതരായിത്തീരുമെന്നാണ് പ്രസ്തുത ഖുർആൻ വാക്യത്തിന്റെ ഒടുവിലത്തെ ഭാഗം

*(ശേഷം 31-ാം പേജിൽ)*

# സൂര്യചന്ദ്രഗ്രഹണങ്ങൾ

എ.പി. കുഞ്ഞാമു

**ഇമാം മഹ്ദിയുടെ അടയാളമായി ഹദീസിൽ പ്രവചിക്കപ്പെട്ട സൂര്യചന്ദ്രഗ്രഹണങ്ങൾ അൽഭുതകരമായ കണിഷതയോടെ ഹദ്റത്ത് അഹ്മദി(അ) ന്റെ ജീവിതകാലത്ത് പുലരുകയുണ്ടായി.**

അവസാന കാലത്ത് ആവിർഭവിക്കുന്ന വാഗ്ദത്ത പരിഷ്ക്കർത്താവിന്റെ കാലത്ത് ആകാശത്ത് അത്ഭുത ദൃഷ്ടാന്തങ്ങൾ വെളിപ്പെടുമെന്ന് വിവിധ മതഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ടിട്ടുണ്ട്. വിശിഷ്യാ 'ഹദീസു ഗ്രന്ഥങ്ങളിൽ അതു ഇങ്ങിനെ വായിക്കാം.'

റസൂൽ തിരുമേനി അരുൾ ചെയ്തു: "നമ്മുടെ മഹ്ദിക്ക് രണ്ടു അടയാളങ്ങളുണ്ട്. ആകാശഭൂമികൾ സൃഷ്ടിക്കപ്പെട്ടശേഷം ഇത്തരം അടയാളം ഉണ്ടായിട്ടില്ല. അതായത് റമദാനിൽ ആദ്യരാവിൽ ചന്ദ്രനും മദ്ധ്യനാളിൽ സൂര്യനും ഗ്രഹണമുണ്ടാകും"

ഹദ്റത്ത് ഇമാം മുഹമ്മദ് ബാഖിർ (റ) നിവേദനം ചെയ്ത ഈ ഹദീസ് നാലാം നൂറ്റാണ്ടിൽ ഹദ്റത്ത് അലിയ്യിബിനു ഉമർ അൽ ബാഗ്ദാദി അദ്ദാറുഖുത്നി 'സുനൻ ദാറു ഖുത്നി'യിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇതനുസരിച്ച് പതിമൂന്ന് നൂറ്റാണ്ടുകളിലേറെക്കാലമായി സുന്നി ശിയാ ഭേദമില്ലാത്ത എല്ലാ മുസ്ലിം വിഭാഗങ്ങളും ആകാശത്ത് വെളിപ്പെടുന്ന ഈ അടയാളത്തോടൊപ്പം സമാഗതനാവുന്ന ഇമാം മഹ്ദിയെ കാത്തിരിക്കുകയായിരുന്നു.

ഈ പ്രവചനം വിശുദ്ധ ഖുർആനിലും സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ഖിയാമത്തിന്റെ അടയാളങ്ങളെപ്പറ്റി സുറാ: അൽഖിയാമയിൽ *"വഖസഫൽ ഖമറു വജുമിയ ശംസു വൽ ഖമറു* ' ചന്ദ്രന് ഗ്രഹണം പറ്റും അതിൽ സൂര്യനും ചന്ദ്രനും യോജിക്കപ്പെടും" (75:9,10) എന്നു പറയപ്പെട്ടിരിക്കുന്നു.

മിശിഹായുടെ രണ്ടാം വരവിനെപ്പറ്റി ബൈബിളിൽ ഇങ്ങിനെ കാണുന്നു. "ആ ദിവസങ്ങളിൽ ഈ ദുരിതത്തിന് ശേഷം സൂര്യൻ ഇരുണ്ടുപോകും. ചന്ദ്രൻ പ്രകാശിക്കുകയില്ല. നക്ഷത്രങ്ങൾ ആകാശത്ത് നിന്നു വീഴും. അപ്പോൾ മനുഷ്യപുത്രൻ മഹാ പ്രതാപത്തോടും മഹാ തേജസ്സോടും കൂടി മേഘങ്ങളിൽ വരുന്നത് അവർ കാണും. അവൻ തിരഞ്ഞെടുത്തവരെ ഭൂമിയുടെ അതിരിൽ നിന്നും ആകാശത്തിന്റെ അതിർത്തിയോളം നാലുദിക്കിൽ നിന്നും വിളിച്ചുകൂട്ടാൻ അപ്പോൾ അവൻ മാലാഖമാരെ അയക്കും. (മാർക്കോസ് 18;24 മത്തായി 24:29)

സൂര്യചന്ദ്രൻമാർ പുകം നക്ഷത്രവുമായി സമ്മേളിക്കുമ്പോൾ 'സത്യയുഗം' ആരംഭിക്കുമെന്ന് ഹിന്ദുക്കളുടെ ഭാഗവത പുരാണത്തിൽ പറയുന്നു. (ഭാഗവതം ശ്ലോകം 112 അദ്ധ്യായം 2)

കൽക്കി വെളിപ്പെടുന്ന കാലത്ത് സൂര്യചന്ദ്രഗ്രഹണങ്ങളുണ്ടാകുമെന്ന് സൂർദാസും (സൂർസാഗർ) സിക്ക് ഗുരുക്കന്മാരും (ഗുരുഗ്രന്ഥ്ജി) പ്രവചിച്ചിട്ടുണ്ട്.

മത ഗ്രന്ഥങ്ങളിലെ പ്രവചനങ്ങൾ ആലങ്കാരോക്തിയോടുകൂടിയ വിവരണങ്ങളായിരിക്കും. അതു വ്യാഖ്യാനിച്ചു മനസ്സിലാക്കേണ്ടതാണ്. സൂര്യൻ ഇരുണ്ടുപോകുന്നതും ചന്ദ്രൻ വെളിച്ചം നൽകാതിരിക്കുന്നതും ഗ്രഹണ സമയത്താണെന്ന് പറയേണ്ടതില്ലല്ലോ?

ഹദ്റത്ത് അഹ്മദ് (അ) മഹ്ദി വാദം പുറപ്പെടുവിക്കുമ്പോൾ അതിനെ നിഷേധിക്കുന്നതിന് എതിരാളികൾ പല വാദങ്ങളും ഉന്നയിച്ചുവെങ്കിലും അതിൽ പ്രധാനമായും പറഞ്ഞിരുന്നത് മഹ്ദി ഇമാമിന് അടയാളമായി റസൂൽ തിരുമേനി (സ) പറഞ്ഞ സൂര്യ ചന്ദ്ര ഗ്രഹണങ്ങൾ എവിടെ? എന്നായിരുന്നു. ഞാൻ അല്ലാഹുവാൽ നിയോഗിതനായ സത്യമഹ്ദിയാണെങ്കിൽ പ്രസ്തുത അടയാളം ആകാശത്തിൽ പ്രത്യക്ഷപ്പെടുമെന്ന് അസന്നിഗ്ദ്ധമായി അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. അങ്ങിനെ ഹദ്റത്ത് അഹ്മദ് (അ) വാദം പുറപ്പെടുവിച്ച് മൂന്നു കൊല്ലം കഴിഞ്ഞശേഷം ഹിജ്റ വർഷം 1311 റമസാൻ 13-ാം തീയതിയും (1894 മാർച്ച് 21) വ്യാഴാഴ്ച ചന്ദ്രഗ്രഹണവും അതേ റമദാനിൽ 28നു പകൽ (1894 ഏപ്രിൽ 6നു വെള്ളിയാഴ്ച) സൂര്യഗ്രഹണം സംഭവിച്ചു.

അങ്ങിനെ 1894ലെ പ്രസ്തുത ഗ്രഹണ ദിവസങ്ങൾ ലോക മുസ്ലിം ചരിത്രത്തിൽ വിശിഷ്യാ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിലും അവി

സ്മരണീയദിനമായി നിലകൊള്ളുന്നു. കാരണം ദൈവാസ്തികൃത്തെ തുറന്നുകാണിക്കുന്ന റസൂൽ തിരുമേനി (സ) യുടെ സതൃസാക്ഷ്യത്തെ കൂടുതൽ പ്രശോഭിതമാക്കിയ ഒരു ദൈവീക ദൃഷ്ടാന്തം അന്നാളുകളിലാണ് അല്ലാഹു ലോകസമക്ഷം വെളിപ്പെടുത്തിയത്. ഈ ദൃഷ്ടാന്തം 13 നൂറ്റാണ്ടുകളായി മുസ്‌ലിം ലോകം അക്ഷമയോടെ കാത്തിരുന്നതും സുന്നികളും ശിയാക്കളും മറ്റു വിഭാഗത്തിൽ പെട്ടവരും പ്രതീക്ഷിച്ചിരുന്നതുമായിരുന്നു. മനുഷ്യകരങ്ങൾക്കതീതമായ ഈ അടയാളം അല്ലാഹു തന്നെ വെളിപ്പെടുത്തി തന്നുകൊണ്ടു ഹദ്റത്ത് അഹ്മദ് (അ) സത്യ മഹ്ദീയാണെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുകയാണ്. ഈ അടയാളം വെളിപ്പെട്ട് നൂറുവർഷം കഴിഞ്ഞു. ഇന്ന് ജീവിച്ചിരിക്കുന്ന തലമുറ ഇത് കണ്ടില്ലെങ്കിലും നമ്മുടെ പുർവ്വികന്മാർ അവരുടെ സ്വന്തം കണ്ണുകൾ കൊണ്ടു അത് കാണുകയും തന്റെ സലാം എന്റെ മഹ്ദിക്ക് എത്തിക്കണമെന്ന തിരുമേനി (സ) യുടെ കല്പന അവരുടെ കാലത്ത് തന്നെ പ്രാവർത്തികമാക്കുകയും ചെയ്തു. ഹദ്റത്ത് അഹ്മദ് (അ) ന്റെ കാലത്ത് ഈ പ്രവചനം പൂർത്തിയാകുമ്പോൾ അദ്ദേഹം മാത്രമേ താനാണ് 'വാഗ്ദത്ത മഹ്ദി' എന്ന വാദം ഉന്നയിച്ച ഒരേ ഒരു വ്യക്തി.

അതുകൊണ്ടാണ് ഈ തലമുറ ഭാഗ്യവാന്മാരാണ് എന്ന് പറയുന്നത്. നൂറു കൊല്ലം കൊണ്ടു വാഗ്ദത്ത മഹ്ദി സ്ഥാപിച്ച അഹ്മദിയ്യാ ജമാഅത്ത് ഇന്ന് 172 രാഷ്ട്രങ്ങളിൽ സ്ഥാപിതമായിരിക്കുന്നു. കോടിക്കണക്കിന് വരുന്ന അനുയായി വൃന്ദം ആകാശത്ത് സംഭവിച്ച ഈ ജീവനുള്ള ദൃഷ്ടാന്തം അ യവിറക്കി അവരുടെ ഈമാന്റെ ശക്തി ഇന്നും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഈ ദൃഷ്ടാന്തം ഖാദിയാനിലും പരിസരങ്ങളിലും പൂർണ്ണമായി ദൃഷ്ടിഗോചരമായിരുന്നു. അതുകൊണ്ടു തന്നെ അന്നത്തെ ദൃഷ്ടാ ന്തം തിരക്കിയ ശത്രുപാളയത്തിലുള്ള പണ്ഡിതന്മാർ തലയിൽ കൈവെച്ചുപോയ രംഗമാണ് കാണാൻ സാധി ച്ചത്.

ആടിനേ പട്ടിയാക്കുന്ന പണ്ഡിതന്മാർ അവർ ഈ ദൃഷ്ടാന്തങ്ങളേയും കളവാക്കാനുള്ള ശ്രമം ആരംഭിച്ചു. ഒരു കൂട്ടർ ഈ ഹദീസ് ശരിയായ ഹദീസല്ല എന്ന് പറഞ്ഞുതള്ളാൻ ആവശ്യപ്പെട്ടു. മറ്റൊരു കൂട്ടർ പ്രവചനങ്ങളിൽ റമദാനിൽ ആദ്യരാത്രിതന്നെ ഗ്രഹണം സംഭവിക്കണമെന്നും അതേ പോലെ മദ്ധ്യത്തിൽ സൂര്യഗ്രഹണവും ഉണ്ടാകണമെന്നും ശഠിച്ചു. ഗ്രഹണം സംഭവിക്കുന്നത് പൂർണ്ണചന്ദ്രനാണെന്നത് കൊച്ചുകുട്ടികൾക്ക് പോലും അറിയാവുന്ന വസ്തുതയാണ്. ചന്ദ്രമാസം 13, 14, 15 എന്നീ ദിവസങ്ങളിൽ ഒരു ദിവസമേ ചന്ദ്രഗ്രഹണം ഉണ്ടാവുകയുള്ളൂ. പ്രവചനത്തിൽ പറഞ്ഞതനുസരിച്ച് ചന്ദ്രഗ്രഹണത്തിന് നിശ്ചയിക്കപ്പെട്ട 13, 14, 15 ദിവസങ്ങളിൽ ആദ്യരാവ് എന്നാൽ 13-ാം രാവിലാണ് ഗ്രഹണം സംഭവിക്കേണ്ടത്. അതേ പോലെ സൂര്യഗ്രഹണം സംഭവിക്കേണ്ടത് 27, 28, 29 എന്നീ ദിവസങ്ങളിലാണ്. അതിൽ മധ്യം എന്നത്കൊണ്ട് മാസത്തിലെ 28ാം ദിവസം ആണ്. ഈ രണ്ടുദിവസം തന്നെയാണ് പ്രസ്തുത ഗ്രഹണങ്ങൾ സംഭവിച്ചതും അതു മുഖേന ആയിരങ്ങൾ മഹ്ദീ ഇമാമിൽ ബൈയ്യത്ത് ചെയ്തതും. പ്രവചനത്തിൽ ഖമറിന് ഗ്രഹണം ബാധിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. പിറവി ചന്ദ്രന് അറബിയിൽ 'ഹിലാൽ' എന്നാണ് പറയുക. ഹദീസിൽ ഉപയോഗിച്ചത് 'ഖമർ' (പൂർണ്ണ ചന്ദ്രൻ) ന്നാണ് ഗ്രഹണം സംഭവിക്കുക എന്നാണ്. ഈ ഒരു വസ്തുത ചന്ദ്രമാസത്തിലെ ആദ്യ രാവിൽ തന്നെ ഗ്രഹണം സംഭവിക്കണമെന്ന അവരുടെ വാദത്തെ തകർത്തുകളയുന്നു.

പ്രസ്തുത അടയാളം തന്റെ സത്യത്തിലേക്കുള്ള അടയാളമായി ഹദ്റത്ത് അഹ്മദ് (അ) എഴുതിയിട്ടുണ്ട്. "ചന്ദ്രഗ്രഹണം റമദാൻ ആദ്യരാത്രിയിൽ ഉണ്ടാവുമെന്ന പ്രസ്താവനയുടെ അർത്ഥം ഇതാണ്. ചന്ദ്രികാ രാവുകളെന്നു പറയുന്ന മൂന്ന് രാവുകളിൽ ആദ്യ രാത്രിയിൽ ചന്ദ്രഗ്രഹണങ്ങൾ ഉണ്ടാകും. വെളുത്ത വാവുകാലം അറിയാമല്ലോ. അതിവിടെ വിവരിക്കേണ്ട കാര്യമില്ല. ഇതോടൊപ്പം ഇതിലേക്ക് മറ്റൊരു സൂചനകൂടി നൽകുന്നു. അതായത് ഗ്രഹണം ആദ്യത്തെ ചന്ദ്രികാ രാത്രിയിൽ, രാത്രിയുടെ ആദ്യത്തിൽ തന്നെ ഉണ്ടാകും എന്നാണ്. രാത്രി കുറെ വൈകിയില്ല. അറിവുള്ള ഏതൊരാൾക്കും ഇതെളുപ്പം മനസ്സിലാക്കാം. ഇപ്രകാരം തന്നെയാണ് ചന്ദ്രഗ്രഹണം ഉണ്ടായതും. ഈ രാജ്യത്തെ അനേകർ ഇതു നോക്കിക്കൊണ്ടിരുന്നു. (നുറുൽ ഹഖ് ഭാ. 13)

സൂര്യഗ്രഹണം അതിന്റെ പകുതിയിൽ ഉണ്ടാകുമെന്ന പ്രസ്താവനയുടെ മറ്റൊരു താല്പര്യം ഇതാണ്: സൂര്യഗ്രഹണ ദിനങ്ങളെ പകുതിയാക്കുക. സൂര്യഗ്രഹണ ദിനങ്ങളിലെ രണ്ടാം നാളിന്റെ പകുതിയിൽ അപ്പുറം കടക്കാതെ ഗ്രഹണം സംഭവിക്കണം എന്തുകൊണ്ടെന്നാൽ അതാണല്ലോ പകുതിയുടെ അതിർത്തി. ചുരുക്കത്തിൽ അല്ലാഹു വിധിച്ചതുപോലെ ഗ്രഹണ രാത്രികളിലെ ആദ്യ രാത്രിയിൽ ചന്ദ്രന് ഗ്രഹണമുണ്ടായി. അപ്രകാരം തന്നെ സൂര്യഗ്രഹണദിനങ്ങളിൽ പകുതിക്കെത്തുന്ന നേരത്ത് സൂര്യഗ്രഹണമുണ്ടാകുമെന്ന് നിശ്ചയിച്ചു. അങ്ങിനെ അറിയിച്ചതുപ്രകാരം തന്നെ സംഭവിച്ചു. അല്ലാഹു മനുഷ്യരുടെ പരിവർത്തനത്തിനായി നിയോഗിച്ചയക്കുന്ന അവന്റെ വരിഷ്ഠന്മാർക്കല്ലാതെ മറ്റാർക്കും പരോക്ഷ കാര്യങ്ങൾ അറിയിക്കുന്നില്ല. ഈ ഹദിസ് പ്രവാചക മകുടമണിയായ തിരുനബിയുടേതാണെന്നതിൽ യാതൊരു സംശയവുമില്ല. (നൂറുൽ ഹഖ് ഭാ.16 ഹദ്റത്ത് അഹ്മദ് (അ) ഭാ -307)

ഈ ഹദീസ് ശിയാക്കളും സുന്നികളും അവരുടെ ഗ്രന്ഥങ്ങളിൽ ചേർത്തിട്ടുണ്ട്. അതിൽ ചിലത് താഴെ വിവരിക്കുന്നു. 1. പണ്ഡിതനായ ബൈഹഖി- സുനൻ ബൈഹഖി (2) പണ്ഡിതനായ ഇബ്നുഹജർ- മക്കി

ഫതാവാ ഹദീസിയ (3) നവാബ് സിദ്ധിഖ് ഹസ്സൻഖാൻ- ഹുജ്ജുൽ കിറാമ (4) ഹദ്റത്ത് മുജദ്ദിദ് അൽഫ സാനി മക്തൂബാത്തെ ഇമാം റബ്ബാനി (5) ഹാജിമുഹമ്മദ് ലഖോക്കി സാഹേബ്- അഹ്‌വാലുൽ ആഖിറ (6) മൗലവി മുഹമ്മദ് റംസാൻ സാഹിബ് ആഖരി ഘട്ട് (7) നിഅ്മത്തുല്ലാവലി - അർബയീൻ. ഈ ഗ്രന്ഥങ്ങളി ലെല്ലാം പ്രസ്തുത പ്രവചനം ഉല്ലേ ഖനം ചെയ്തതായി കാണാം.

ഈ പ്രവചനം പരിശോധിക്കുന്ന തായാൽ മറ്റു പല വസ്തുതകളും അത് ഉൾക്കൊള്ളുന്നതായി കാണാം.

1. റസൂൽ തിരുമേനിയുടെ മേൽ പ്രവചനത്തിന്റെ വെളിച്ചത്തിൽ തിരു മേനിയുടെ ഉമ്മത്തിൽ ഒരു സത്യാ ത്മാവ് താൻ വാഗ്ദത്ത പരി ഷ്കർത്താവാണെന്ന് വാദിക്കും. (2) പരിഷ്കർത്താവ് തിരുമേനി (സ) ൽ വിശ്വസിക്കുകയും വിശുദ്ധ ഖുർആൻ അനുസരിച്ചു ജീവിക്കുന്ന ആളുമായി രിക്കും. (3) ജനങ്ങൾ ഈ പ്രവാചക നിൽ നിന്നും ദൃഷ്ടാന്തം ചോദിക്കും. (4) ഈ ദൃഷ്ടാന്തങ്ങൾ റമദാനിൽ പ്രതീക്ഷിച്ചിരിക്കേണ്ടതാണ്. (5) ചന്ദ്രന് അതിന്റെ ഗ്രഹണദിനങ്ങളിൽ ആദ്യ രാത്രിയിൽ ഗ്രഹണം ഉണ്ടാ കും. (6) സൂര്യഗ്രഹണത്തിന് നിശ്ച യിക്കപ്പെട്ട മദ്ധ്യത്തിൽ സൂര്യഗ്രഹണ മുണ്ടാകും. (7) ഈ ദൃഷ്ടാന്തം ഈ വാദിയുടെ സത്യതക്ക് വേണ്ടിയായി രിക്കും. സൂര്യചന്ദ്രഗ്രഹണങ്ങൾ മുമ്പും പലതവണ സംഭവിച്ചിട്ടു ണ്ടാകും. എന്നാൽ ഒരാളുടെ സത്യ തക്കായി ഒരു ദൃഷ്ടാന്തം ഇതിനു മുമ്പു ഉണ്ടായിട്ടില്ല.

മേൽ ഉദ്ധരിച്ച സംഭവങ്ങളും ഒരു മിച്ചുഉണ്ടാവുക എന്നതു ദൈവഹിത മുണ്ടെങ്കിലേ സാദ്ധ്യമാകൂ. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെ പ്രതിപാദിക്കപ്പെട്ട എല്ലാ ദൃഷ്ടാന്തങ്ങളും ദൈവ നിയുക്ത വാ ദിയുടെ ആഗമനവും ഇവിടെ പൂർത്തി യാക്കി. അപ്രകാരം ദൈവാ സ്തി ത്വവും തിരുമേനി (സ) യുടെ സത്യ സാക്ഷ്യവും വെളിവായി അതു പോലെ തിരുമേനി (സ) ഏതൊരാളെ പറ്റി നമ്മു ടെ മഹ് ദി എന്നു പറഞ്ഞു കൊണ്ടു തിരുമേനിയുടെ സ്നേഹം പ്രകടമാക്കിയോ ആ സത്യാത്മാ വിന്റെയും സത്യസാക്ഷ്യം ഇവിടെ വെളിപ്പെട്ടിരിക്കുകയാണ്. ഇതു വാസ്തവത്തിൽ ചിന്തിക്കുന്നവർക്ക് ആഘോഷിക്കാനും ദൈവത്തിന് പ്രണാമം അർപ്പിക്കുവാ നും കൂടുതൽ അവസരങ്ങൾ നൽകുന്നു.

ഇസ്‌ലാം ജീവനുള്ള മതമാണെ ന്നുള്ളതിനും ഇത് വലിയൊരു സാ ക്ഷ്യമാണ്. ഇസ്‌ലാം കൊണ്ടു ഞാൻ ഉദ്ദേശമാക്കുന്ന ദൈവിക മതങ്ങളെ എല്ലാമാകുന്നു. ബൈബിളിൽ പറ ഞ്ഞതും, ഹിന്ദു പുരാണങ്ങളിൽ പറ യപ്പെട്ടതും പൂർത്തിയായിരിക്കു ന്നു. ഇനി അവർ തങ്ങൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ട സത്യാത്മാവ് ആഗതനാ യോ എന്നു പരിശോധിക്കേണ്ടതാണ്.

സാത്വികരായ ഭക്തന്മാരിൽ അത്ഭു തവും നന്ദിഭാവവും ജനിപ്പിച്ച ഈ പ്രവചനം പൂർത്തിയായതിന്റെ പ്രത്യാ ഘാതങ്ങൾ ഈ രാജ്യത്തിന്റെ പല ഭാഗത്തും സംഭവിക്കുകയുണ്ടായി. ഹദ്റത്ത് ഖാസി മുഹമ്മദ് അക് ബർ എന്ന ഭക്തനായ മനുഷ്യൻ ഈ സുര്യചന്ദ്രഗ്രഹണത്തിന്റെ പൂർത്തീക രണം കണ്ടപ്പോൾ ഇതുമായി ബന്ധ പ്പെട്ട വല്ല സംഭവവും ഉണ്ടോ എന്ന് പരിശോധിക്കാൻ മൗലവി അബ്ദുൽ വാഹിദ് സാഹിബ് മിയാൻ ഗുലാം ഖാദിർ സാഹിബ് മിയാൻ ദിവാൻ അലി സാഹേബ് എന്നിവർ ഉൾപ്പെട്ട ഒരു ഡെലിഗേഷൻ ഖാദിയാനിലേക്ക് പോകാൻ തീരുമാനിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ ആ കാലത്തെ പ്രത്യ ക്ഷ ശത്രുവായ മുഹമ്മദ് ഹുസൈൻ ബട്ടാലവി മിർസാ സാഹിബിനെ വള രെ ഇകഴ്ത്തി സംസാരിച്ചുകൊണ്ടു ഇവരെ തിരിച്ചയക്കാൻ ഒരു വിഫല ശ്രമം നടത്തി നോക്കി. എന്നാൽ ഇവ രെല്ലാവരും ഖാദിയാനിലെത്തുകയും ഹദ്റത്ത് അഹ്മദി (അ)ൽ ബൈ അത്ത് ചെയ്യുകയും റസൂൽ തിരുമേ നിയുടെ സലാം അദ്ദേഹത്തിനെത്തി ക്കുകയും ചെയ്തു. (തഹ്‌രീകെ അഹ് മദിയ്യത്ത് പേജ് 58-59)

ഇത്തരം ഒരു പാട് സംഭവങ്ങൾ ചരിത്രത്തിൽ ഇതു സംബന്ധമായി കാണാനുണ്ട്. മറ്റൊരു ഭക്തനായ ഒരു മുസ്‌ലിം മിയാൻ സാലേഹ് മുഹമ്മദ് സാഹിബ് അദ്ദേഹം പുഞ്ചിൽ താമ സക്കാരനാണ്. അഹ്‌വാലുൽ ആഖി റ എന്ന കിത്താബ് ചെറുപ്പം മുതലേ വായിക്കാറുണ്ടായിരുന്നു. വാഗ്ദത്ത മഹ്ദിയുടെ ആഗമനത്തെ സംബന്ധി ച്ച പ്രവചനങ്ങൾ പലവുരു വായിച്ചി ട്ടുണ്ട്. ഹി: 1311 ൽ ചന്ദ്രസൂര്യഗ്രഹണം റമളാനിൽ സംഭവിച്ചപ്പോൾ വാഗ്ദത്ത പരിഷ്കർത്താവ് തീർച്ച യായും അവ തരിച്ചിട്ടുണ്ടാകുമെന്ന് വിശ്വാസം വന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ സ്നേഹിതൻ മിയാൻ മങ്കാ സാഹി ബും ചേർന്ന് അന്വേഷണം ആരംഭി ച്ചു. അന്വേഷണങ്ങൾക്കുശേഷം അവർ ഖാദിയാനിൽ എത്തുകയും ഹദ്റത്ത് അഹ്മദി (അ) നെ നേരിൽ കണ്ടശേഷം അദ്ദേഹത്തിൽ ബൈ അത്തു ചെയ്തു. (താരീഹെ അഹ്മ ദിയത്ത്. പേജ് 77)

ഇങ്ങിനെ നിരവധി ഭക്തജനങ്ങൾ ഇമാം മഹ്ദിയെ ഈ ഖഗോള പ്രതി ഭാസം വഴി സ്വീകരിച്ചിട്ടുണ്ട്. ചരിത്ര ത്തിൽ നിറഞ്ഞുകിടക്കുന്ന ഇത്തരം നിരവധി സംഭവങ്ങൾ വിസ്താര ഭയത്താൽ ഒഴിവാക്കുന്നു.

ഈ മഹത്തായ പ്രവചനം കിഴ ക്കൻ ഭൂഖണ്ഡങ്ങളിലും പടിഞ്ഞാ റൻ ഭൂഖണ്ഡങ്ങളിലും പ്രത്യക്ഷപ്പെ ടുകയുണ്ടായി. നമ്മുടെ അർദ്ധഗോള ത്തിൽ പകലാകുമ്പോൾ പടിഞ്ഞാ റൻ അർദ്ധഗോളത്തിൽ രാത്രിയായി രിക്കുമല്ലോ. 1895ൽ ഈ ജ്യോതി ശാസ്ത്ര പ്രതിഭാസം പടിഞ്ഞാറൻ അർദ്ധഗോളത്തിലും ആവർത്തിക്കുക യുണ്ടായി. ഇങ്ങനെ രണ്ടാം പ്രാവ ശ്യവും ഗ്രഹണം ഉണ്ടാകുമെന്നു "ഇന്നശംസ തൻ കസിഫ മറത്തയ്നി ഫീറമളാന" (മുക്തസർ തദ്കിറ ഖുർത്തുബി പേജ് 148). 'സൂര്യന് റമ ളാനിൽ രണ്ടുപ്രാവശ്യം ഗ്രഹണം ഉ ണ്ടാകും'. എന്ന ഈ പ്രവചനം പശ്ചി മ അർദ്ധഗോളത്തിൽ പ്രസ്തുത ഗ്രഹണങ്ങൾ ആവർത്തിച്ചതിലൂടെ പൂർത്തിയായി. n

ലേഖനം

# സമുദ്രം: വിഭവങ്ങളുടെ അത്ഭുതലോകം

എ.എം. മുഹമ്മദ് സലീം

## വിഭവങ്ങളുടെ അക്ഷയ ഖനിയായ സമുദ്രങ്ങൾ ഭാവി ലോകത്തിന്റെ പ്രതീക്ഷയാണ്

ആകാശത്ത് പക്ഷിയെപോലെ പറക്കാനും ജലത്തിൽ മത്സ്യത്തെ പോലെ നീന്താനും മനുഷ്യൻ ആഗ്രഹിച്ചിരുന്നു. 1903 ൽ റൈറ്റ് സഹോദരന്മാർ വിമാനം കണ്ടുപിടിച്ചതോടെ ആകാശത്ത് പറക്കാനുള്ള മനുഷ്യന്റെ ചിരകാല മോഹം സഫലമായി. സമുദ്രാന്തർഭാഗം മനുഷ്യന് അപ്പോഴും അഗമ്യ ദുർഗ്ഗമായി തുടർന്നു. ജലാന്തർ ഭാഗത്ത് മീനിനെപോലെ സൈ്വര വിഹാരം നടത്താൻ പിന്നെയും നാല് പതിറ്റാണ്ടുകൾ മനുഷ്യന് കാത്ത് നിൽക്കേണ്ടി വന്നു. ജലത്തിന്നടിയിൽ യാതൊരു സഹായോപകരണങ്ങളും കൂടാതെ മുങ്ങാംകുഴിയിടുന്ന മുങ്ങൽക്കാരന് (Skin diver) പരമാവധി 50 മീറ്റർ ആഴത്തിൽ ഏതാനും മിനുട്ടുകൾ മാത്രമേ നില്ക്കാൻ സാധിക്കൂ. 1943 ൽ കണ്ടുപിടിച്ച സ്ക്യൂബ (Self Contained Underwater Breathing Apparatus - SCUBA) എന്ന് വിളിക്കപ്പെടുന്ന അക്വാലാങ് (Aqualang) എന്ന ഉപകരണത്തിന്റെ സഹായത്തോടെയാണ് മനുഷ്യന് മത്സ്യത്തെ പോലെ സമുദ്രത്തിൽ നീന്തി നടക്കാൻ പറ്റിയത്. ഒരു വാൽവ് ഘടിപ്പിച്ച ഓക്സിജൻ സിലിണ്ടറും, കാലിൽ മത്സ്യത്തിനുള്ളത് പോലെയുള്ള ചിറകുകളും ഘടിപ്പിച്ച് മണിക്കൂറുകളോളം വെള്ളത്തിന്നടിയിൽ നില്ക്കാൻ കഴിയുന്ന ഒരുപകരണമാണ് സ്ക്യൂബ അഥവാ ജലശ്വസിനി. പലതരത്തിലുള്ള ഗവേഷണ നിരീക്ഷണത്തിനും കപ്പലുകളുടെ റിപ്പയറിനും, കടൽ തറയിൽ സർവ്വേയും ഖനനവും നടത്താനും കേബിൾ വിന്യസിക്കാനും വിനോദത്തിനും ചാരപ്രവർത്തനങ്ങൾക്കും മറ്റുമാണ് സ്ക്യൂബ ഉപയോഗിക്കുന്നത്.

മുങ്ങിക്കപ്പലുകൾ അഥവാ സബ്മറൈനുകൾ നിർമ്മിക്കാനുള്ള മനുഷ്യന്റെ ശ്രമങ്ങൾ നൂറ്റാണ്ടുകൾക്ക് മുമ്പ് ആരംഭിച്ചതാണെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ് മുങ്ങിക്കപ്പലുകൾ കുറ്റമറ്റ നിലയിൽ നിർമ്മിക്കപ്പെട്ടത്. മുങ്ങിക്കപ്പലുകൾ കപ്പൽ നാവിക ചരിത്രത്തിലെ നിർണായകമായൊരു വഴിത്തിരിവിനെയാണ് സൂചിപ്പിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജോൺ ഹോളണ്ട് എന്ന ഡച്ചുകാരനാണ് റീച്ചാർജ് ചെയ്യാവുന്ന ബാറ്ററി ഉപയോഗിച്ച് മുങ്ങിക്കപ്പൽ നിർമ്മിച്ചത്. ഖുർആൻ വിവരിച്ചത് പോലെ കരയിലും കടലിലും അക്രമം വ്യാപിച്ച നാളുകളിൽ മുങ്ങിക്കപ്പലുകൾക്ക് പിന്നീടുണ്ടായ പരിഷ്ക്കരണങ്ങളെല്ലാം യുദ്ധാവശ്യങ്ങൾ മുന്നിൽ കണ്ടു കൊണ്ടുള്ളതാണ്. രണ്ടാം ലോക മഹായുദ്ധകാലത്ത് ശത്രുവിന്റെ നാവികപ്പടയെ നശിപ്പിക്കാൻ ജർമ്മനി വികസിപ്പിച്ചെടുത്ത 'യു' ബോട്ടുകളാണ് ('U' Boat) സബ് മറൈനുകളെ ലോകപ്രശസ്തമാക്കിയത്. അമേരിക്ക നിർമ്മിച്ച പടുകൂറ്റൻ മുങ്ങിക്കപ്പൽ 'നോട്ടിലസ്' 1955 ലാണ് വെള്ളത്തിലിറങ്ങിയത്. അണുശക്തി കൊണ്ട് പ്രവർത്തിക്കുന്ന നോട്ടിലസ് ഒരിക്കൽ മുങ്ങിയാൽ മാസങ്ങളോളം ജലാന്തർ ഭാഗത്ത് സഞ്ചരിക്കാൻ കഴിഞ്ഞിരുന്നു. അതിന് ശേഷം നൂറുക്കണക്കിന് സബ് മറൈനുകൾ ഓരോ രാജ്യത്തും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ടോർപ്പിടോകൾ, മൈനുകൾ, ആന്റിഷിപ്പ് ക്രൂ യിസ് മിസൈൽ, ബാലിസ്റ്റിക്ക് മിസൈൽ എന്നീ യുദ്ധോപകരണങ്ങൾ വഹിച്ച് കള്ളനെപ്പോലെ കടലിൽ സഞ്ചരിക്കുന്ന സബ്മറൈനുകൾ അധികവും

യുദ്ധാവശ്യങ്ങൾക്ക് വേണ്ടിയുള്ളതാണ്. എന്നാൽ, സമുദ്രാന്തർഭാഗങ്ങളിൽ മാസങ്ങളോളം താമസിച്ച് ഗവേഷണ പഠനങ്ങളും വിഭവാന്വേഷണവും അതിന്റെ ഉപയോഗ സാദ്ധ്യതകളും ആരായുന്ന സബ് മറൈനുകളുടെ യുഗവും ആരംഭിച്ചിരിക്കുന്നു. നാവികരംഗത്ത് ഏറ്റ വും ആധുനികമായ സബ് മേഴ്സിബി ൾ ക്രാഫ്റ്റ് (Submersibles Cr- aft)എന്നറിയപ്പെടുന്ന ജലാന്തർ വാഹനങ്ങളുടെ തലമുറയും രംഗപ്രവേശനം ചെയ്തിരിക്കുന്നു. ജലത്തിന്നടിയിൽ സഞ്ചരിക്കുന്ന വാഹനങ്ങളെപ്പറ്റി ഖുർആനിൽ പരാമർശമുണ്ട്.

*'സമുദ്രത്തെ കീഴ്പ്പെടുത്തിയവനത്രെ അവൻ.....അതിൽ (ജലത്തെ) പിളർന്ന് ഓടുന്ന കപ്പലുകൾ നിനക്കു കാണാം. അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ അന്വേഷിക്കുന്നതിനും നിങ്ങൾ നന്ദികാണിക്കുന്നതിനും വേണ്ടി (16:15).*

മീറ്റർ കണക്കിന് വലിപ്പമുള്ളതും ടൺകണക്കിന് ഭാരമുള്ളതുമായ പടുകൂറ്റൻ ബ്ലേയ്ഡുകളുള്ള സ്ക്രൂ പ്രൊപ്പല്ലറുകൾ ഉപയോഗിച്ചാണ് പത്തൊമ്പതാം നൂറ്റാണ്ടു മുതൽ കപ്പലുകൾ സഞ്ചരിക്കുന്നത്. ജലത്തെ പിളർന്ന് മർദ്ദ വ്യത്യാസങ്ങൾ വരുത്തിയാണ് പ്രൊപ്പല്ലറുകൾ കപ്പലുകളെ ചലിപ്പിക്കുന്നത്. 'വതറൽ ഫുൽക്ക മവാഹിറഫീഹി' 'അതിൽ (ജലത്തെ) പിളർന്നോടുന്ന കപ്പലുകൾ നിനക്ക് കാണാം' എന്ന ഖുർആന്റെ പ്രയോഗം ശ്രദ്ധേയമാണ്. പ്രൊപ്പല്ലർ സംവിധാനമുള്ള ആധുനിക കപ്പലുകൾക്ക് പുറമെ ജലത്തെ പിളർന്നു ഓടുക എന്ന പ്ര യോഗം മുങ്ങിക്കപ്പലുകൾക്ക് അഥവാ സബ് മറൈനുകൾക്ക് ഏറ്റവും യോജിച്ചതാണ്.

ആർക്കി മിഡീസിന്റെ തത്ത്വമനുസരിച്ചാണ് ഒരു അന്തർവാഹിനി രൂപകല്പന ചെയ്യുന്നത്. അതായത് ഒരു അന്തർ വാഹിനിയുടെ ഭാരം, അത് വെള്ളത്തിൽ മുങ്ങി നില്ക്കുമ്പോൾ അതിന് നില്ക്കാനാവശ്യമായ സ്ഥലത്ത് നിന്നും പുറന്തള്ളുന്ന ജലത്തിന്റെ ഭാരത്തേക്കാൾ അധികമാവാൻ പാടില്ല. എങ്കിൽ മാത്രമേ അന്തർവാഹിനിക്ക് ഉപരിതലത്തിലേക്ക് പൊങ്ങിവരാൻ സാധ്യമാവൂ. അന്തർ വാഹിനിയിലെ കാലിയായ ബല്ലാസ്റ്റ് ടാങ്കിൽ വെള്ളം കയറ്റിയും കാലിയാക്കിയുമാണ് അത് മുങ്ങിയും പൊങ്ങിയും സഞ്ചരിക്കുന്നത്. ഇപ്പോൾ അതിസാന്ദ്രവാതകങ്ങളും ഇതിന്നായി ഉപയോഗിക്കുന്നു.

## ജലാന്തർയാനങ്ങൾ (Submersible craft)

*'സമുദ്രത്തെ കീഴ്പ്പെടുത്തിയവനത്രെ അവൻ.....അതിൽ (ജലത്തെ) പിളർന്ന് ഓടുന്ന കപ്പലുകൾ നിനക്കു കാണാം. അവന്റെ അനുഗ്രഹങ്ങളിൽ നിന്ന് അന്വേഷിക്കുന്നതിനും നന്ദികാണിക്കുന്നതിനും വേണ്ടി'* എന്ന ഖുർആന്റെ പരാമർശം പോലെ മനുഷ്യോപകാരപ്രദവും തികച്ചും ശാസ്ത്രീയവുമായ ഗവേഷണങ്ങൾ ലക്ഷ്യം വെച്ചു കൊണ്ടാണ് സമുദ്രാന്തർ വാഹനങ്ങളുടെ കൂട്ടത്തിൽ ജലാന്തർയാനങ്ങൾ എന്ന ഈ പുതിയ തലമുറ രംഗപ്രവേശം ചെയ്തിരിക്കുന്നത്. മുങ്ങിക്കപ്പലിനെ അപേക്ഷിച്ച് രണ്ടോ മൂന്നോ പേർക്ക് ഇരിക്കാവുന്ന ചെറിയ സ്വയംനിയന്ത്രിത വാഹനമായിട്ടാണ് ജലാന്തർ യാനങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്.

1934 ൽ ന്യൂയോർക്കിലെ സുവോളജിക്കൽ സൊസൈറ്റി രൂപകൽപന ചെയ്ത ബേത്തിസ്ഫിയർ (Bathy-sphere) എന്ന ജലാന്തർയാനമാണ് പരീക്ഷണാർത്ഥം ആദ്യയാത്ര സംഘടിപ്പിച്ചത്. 'ആഗാധ ഗോളം' എന്ന് അർത്ഥം വരുന്ന ബേത്തിസ്ഫിയർ മേൽഭാഗം സുരാതര്യമായ ക്വാർട്സ് കൊണ്ട് നിർമ്മിച്ച ഒരു ഉരുക്ക് ഗോളമായിരുന്നു. ബേത്തിസ്ഫിയർ തികച്ചും സ്വതന്ത്രയായിരുന്നില്ല. ഒരു മാതൃകപ്പലിൽ ഉരുക്കുകമ്പികൾ കൊണ്ടും, വൈദ്യുതി ടെലിഫോൺ കേബിളുകൾ കൊണ്ടും പൊക്കിൾ കൊടിപോലെ ബന്ധിക്കപ്പെട്ട ഒരു പുത്രികാ വാഹനമായിരുന്നു അത്. കപ്പലിന്നടിയിൽ ആയിരം മീറ്റർ വരെ താഴ്ന്ന് ചെന്ന് നിരീക്ഷണ പരീക്ഷണങ്ങൾ നടത്താനും ഫോട്ടോ എടുക്കാനും ബോത്തിസ്ഫിയറിനു സാധിച്ചു. ഒരു പ്രഥമ സംരംഭം എന്ന നിലക്ക് ബേത്തിസ്ഫിയർ എന്ന ജലാന്തർ യാനം ഏറേ ശ്രദ്ധിക്കപ്പെട്ടു. ബേത്തിസ് ഫിയറിന്റെ രണ്ടാം തലമുറയിലെ സമുദ്രാന്തർയാനമായിരുന്നു 'ബേത്തിസ് കേഫ്'. മാതൃകപ്പലില്ലാതെ സ്വയം ചലനശേഷിയായിരുന്നു ഇതിന്റെ പ്രത്യേകത. അഗാധതയിലേക്ക് ആഴ്ന്നിറങ്ങാൻ ഉരുക്ക് കട്ടകളും തിരിച്ച് ഉപരിതലത്തിലേക്ക് വരാൻ ഗാസോലിൻ പോലുള്ള നേർത്ത പദാർത്ഥം നിറച്ച് പ്ലവകങ്ങളും ഉപയോഗിച്ചു കൊണ്ടാണ് കീഴ്പോട്ടും മേലോട്ടുമുള്ള സഞ്ചാരം നിയന്ത്രിച്ചത്.

ട്രീസ്റ്റ് എന്ന ഇറ്റാലിയൻ നഗരത്തിൽ നിർമ്മിക്കപ്പെട്ട 'ട്രീസ്റ്റെ ' എന്ന് സമുദ്രാന്തർയാനമാണ് ലോകത്തിലെ ഏറ്റവും കൗതുകകരമായ ഒരു ദൗത്യം നിർവ്വഹിച്ചത്. ഭൂമിയിലെ ഏറ്റവും ആഴമേറിയ സ്ഥലം എന്നറിയപ്പെടുന്ന പസിഫിക്ക് സമുദ്രത്തിലെ മറിയാനാ ട്രഞ്ചിൽ സന്ദർശനം നടത്താനുള്ള നിയോഗമായിരുന്നു 'ട്രീസ്റ്റെ' എന്ന സബ്മേഴ്സിബിൾ ക്രാഫ്റ്റ് ഏറ്റെടുത്തത്. പതിനൊന്ന് കിലോ മീറ്റർ ആഴമുള്ള മറിയാനാ ട്രഞ്ചിൻ ഭൂമിയിലെ ഏറ്റവും വലിയ കൊടുമുടിയായ 9 കി.മീ ഉയരമുള്ള എവറസ്റ്റ് താഴ്ത്തിയാൽ അതിന്റെ ശിഖരം കാണാൻ കടലിന്നടിയിലേക്ക് രണ്ട് കിലോമീറ്റർ സഞ്ചരിക്കണം. അത്രക്ക് അഗാധമാണ് മറിയാനാ ട്രഞ്ച്. ഓരോ 10 മീറ്റർ സമുദ്രാന്തർ ഭാഗത്തേക്ക് പോകുമ്പോഴും ഒരു അന്തരീക്ഷ മർദ്ദം എന്നതോതിൽ വർദ്ധിക്കുന്നതാണ് സമുദ്രാന്തർ ഭാഗത്തെ മർദ്ദം. മറിയാനാക്കയത്തിന്റെ അടിയിൽ നമ്മുടെ അന്തരീക്ഷ മർദ്ദത്തിന്റെ ആയിരം മടങ്ങ് കൂടുതലാണ് മർദ്ദം. ഇത്രയും മർദ്ദം സഹിക്കാനുള്ള ശേഷി ട്രീസ്റ്റെ യാനത്തിനുണ്ടായിരുന്നു. 1960 ജനുവ

രിയിൽ ട്രീസ്റ്റെ മറിയാനാ കയത്തിലിറങ്ങി ചരിത്രം സൃഷ്ടിച്ചു.

സമുദ്രാന്തർയാനങ്ങളിൽ 'ആൽവിൻ' എന്ന അമേരിക്കൻ വാഹനത്തിനുള്ള പ്രശസ്തി മറ്റൊന്നിനുമില്ല. 1912 ഇംഗ്ലണ്ടിൽ നിന്നും ന്യൂയോർക്കിലേക്ക് പുറപ്പെട്ട ടൈറ്റാനിക്ക് എന്ന ആഡംബര യാത്രാക്കപ്പൽ പശ്ചിമ അത്ലാന്റിക്കിൽ വെച്ച് ഹിമക്കട്ടയിൽ തട്ടി ആയിരത്തി നാന്നൂറോളം യാത്രക്കാരോടൊപ്പം തകർന്നു കടലിന്റെ അഗാധതയിലേക്ക് മുങ്ങിപ്പോയ സംഭവം ആധുനിക കപ്പൽ ഗതാഗത ചരിത്രത്തിലെ ഒരു ദുരന്തവും ഇതിഹാസവുമാണ്. അത്ലാന്റിക് സമുദ്രത്തിന്റെ നാല് കിലോമീറ്റർ അടിത്തറയിലെ നിതാന്ത നിശബ്ദതയിലെ കൂരിരുട്ടിൽ ഒരു ശോകസ്മൃതി പോലെ കിടക്കുന്ന ടൈറ്റാനിക് ആൽവിൻ എന്ന സമുദ്രാന്തർ യാനം 1985 ൽ നിരവധി തിരച്ചിലുകളുടെ ഒടുവിൽ കണ്ടെത്തുകയുണ്ടായി. ടൈറ്റാനിക്ക് എന്ന പ്രശസ്തമായ ഇംഗ്ലീഷ് ചലച്ചിത്രം ഈ കണ്ടുപിടിത്തത്തേ തുടർന്നാണ് നിർമ്മിക്കപ്പെട്ടത്.

ആൽവിന്റെ മറ്റൊരു സുപ്രധാന ദൗത്യം കടലിൽ നിന്നും ഒരു ഹൈഡ്രജൻ ബോംബ് കണ്ടെത്തിയതായിരുന്നു. കോളിളക്കം സൃഷ്ടിച്ച ആ സംഭവം ഇങ്ങനെയായിരുന്നു. 1966 ൽ മെഡിറ്ററേനിയൻ കടലിന്നു മുകളിൽ സ്പെയിൻ തീരത്ത് വെച്ച് രണ്ട് അമേരിക്കൻ യുദ്ധ വിമാനങ്ങൾക്കൂട്ടിയിടിച്ച് തകരുകയുണ്ടായി. ഇതിലൊന്ന് നിർവ്വീര്യമാക്കപ്പെട്ട നാല് ഹൈഡ്രജൻ ബോംബുകൾ വഹിച്ച B-52 വിമാനമായിരുന്നു- ആ വിമാനത്തിലുണ്ടായിരുന്ന മറ്റു മൂന്നു ബോംബുകളും കരയിലാണ് വീണത് അത് കണ്ടെടുക്കുകയുണ്ടായി. എന്നാൽ ഒരു ബോംബ് വീണത് സ്പെയിനിന്നരികെയുള്ള മെഡിറ്ററേനിയൻ കടലിലായിരുന്നു. ജനങ്ങളും മാധ്യമങ്ങളും ഇതിനെതിരെ വർദ്ധിച്ച കോലാഹലങ്ങളും കോളിളക്കങ്ങളും അഴിച്ചു വിട്ടു. അവസാനം നഷ്ടപ്പെട്ട ആ ബോംബ് ആൽവിൻ എന്ന ജലാന്തർയാനം മെഡിറ്ററേനിയനിൽ നിന്നും വീണ്ടെടുത്ത് ജനങ്ങൾക്ക് ആശ്വാസമരുളി.

ജലാന്തർ യാനങ്ങൾ പുരാവസ്തു ശാസ്ത്രത്തിന്ന് നൽകുന്ന സംഭാവനകൾ നിസ്തുലമാണ്. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് കപ്പൽഛേദം സംഭവിച്ച് കടൽതറയിൽ വിസ്മൃതമായ കപ്പലുകൾ കണ്ടെത്തുകയും അതിനകത്തുള്ള പുരാവസ്തുക്കൾ ശേഖരിക്കുകയും കഴിയുമെങ്കിൽ കപ്പൽ തന്നെ പൊക്കിയെടുക്കുകയും ചെയ്യുന്ന ദൗത്യം അത്യധികം കൗതുകകരവും സാഹസികവുമായ ഒര ചരിത്രപഠനസംരഭമാണ്. അത്തരം ഒരു കപ്പലോ കപ്പലിനകത്തെ വസ്തുക്കളോ വീണ്ടെടുക്കുമ്പോൾ ആ കാലഘട്ടത്തിന്റെ സകല വിധ ഭൗതിക പുരോഗതിയുടേയും മൂർത്തമായ പരിഛേദമായി ആ പുരാവസ്തു മാറുന്നു. കടലിന്നടിയിലെ അഗാധതയിൽ ബാഹ്യലോകത്തിന്റെ യാതൊരു കൈകടത്തലുകൾക്കും സ്വാധീനത്തിനും വിധേയമാകാത്ത ശുദ്ധമായ പുരാവസ്തുക്കളാണ് മറ്റെൻ ആർക്കിയോളജി ചരിത്രത്തിന് സംഭാവന ചെയ്യുന്നത്. കരയോരം ചേർന്നുള്ള കടലിനെ അപേക്ഷിച്ച് അഗാധസമുദ്രത്തിൽ പവിഴപുറ്റുകൾ വളർന്ന് മുങ്ങിയ കപ്പലിന്റെ ബാഹ്യഭാഗം ജീർണ്ണിക്കാറില്ല. കള്ളന്മാരുടേയും തിരമാലകളുടേയും ശല്യവും കുറയും. സൂക്ഷ്മാണു ജീവികളുടെ ശല്യമൊഴികെ മറ്റൊരു ജീർണതയും നഷ്ടവും കപ്പലിന്നുണ്ടാകുന്നില്ല. ചരിത്രപഠനത്തിന് ഇത്തരം പുരാവസ്തുക്കളുടെ മൂല്യം അളവറ്റതാണ്. മുക്കാൽ നൂറ്റാണ്ട് മുമ്പ് മുങ്ങിപ്പോയ ടൈറ്റാനിക്കിനെ തിരിച്ചറിഞ്ഞ ആൽവിന്റെ ദൗത്യം മേൽ വിവരിച്ചതാണല്ലോ.

1999 ൽ കാംബ്രിഡ്ജ് (ഇംഗ്ലണ്ട്) മസാച്ചുസെറ്റ് (അമേരിക്ക) എന്നീ യൂണിവേഴ്സിറ്റികളുടെ സഹകരണത്തോടെ ഇസ്രായേലിനടുത്ത് നടത്തിയ അഗാധ സമുദ്ര ഗവേഷണത്തിൽ (Deep Sea Exploration) 2500 വർഷങ്ങൾക്കുമുമ്പ് (BC.750) മുങ്ങിപ്പോയ ഒരു ഫൊണിഷ്യൽ കപ്പലിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തുകയുണ്ടായി. മരം കൊണ്ടുണ്ടാക്കിയ കപ്പലിന്റെ ഭാഗങ്ങൾ മിക്കവാറും കടലിലെ സൂക്ഷ്മ ജീവികൾ തിന്നു നശിപ്പിച്ചിരിക്കുന്നു. പക്ഷേ ചളിയിൽ മുങ്ങിക്കിടക്കുന്ന മുൻഭാഗം ഇപ്പോഴും യാതൊരു കേടുപാടും കൂടാതെ അവികലമായി നിൽക്കുന്ന കപ്പലിൽ നിന്നും ശേഖരിച്ച പിഞ്ഞാണം കൊണ്ട് നിർമ്മിച്ച റോമൻ ഭരണികൾ (Amphora Jar) ജലാന്തർയാനം എടുത്തുകൊണ്ടു വരികയുണ്ടായി. അതുപോലെ 1997 ൽ വാഷിംങ്ടണിലെ നാഷനൽ ജിയോഗ്രഫി സൊസൈറ്റി നടത്തിയ അഗാധ സമുദ്ര ഗവേഷണത്തിൽ ഒന്നാം നൂറ്റാണ്ടിലോ രണ്ടാം നൂറ്റാണ്ടിലോ മുങ്ങിപ്പോയ കപ്പലിൽ നിന്നുള്ള 115 ഓളം പുരാവസ്തുക്കൾ കണ്ടെടുക്കുകയുണ്ടായി. ഇത്തരത്തിൽ അതിപുരാതന കാലത്തെ പുരാവസ്തുക്കൾ കടലിന്നടിയിൽ നിന്നും ശേഖരിക്കുന്ന ഏറെ ശ്രമകരവും മുതൽ മുടക്കുള്ളതുമായ വ്യവസായത്തിന് തുടക്കം കുറിച്ചിരിക്കുന്നു. -ഖുർആൻ പറയുന്നു:

*"അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ചിലത് അവൻ നിങ്ങൾക്ക് കാണിച്ചുതരുന്നതിന് വേണ്ടി അവന്റെ അനുഗ്രഹത്തോടുകൂടി സമുദ്രത്തിൽ കപ്പലുകൾ സഞ്ചരിക്കുന്നത് നീ കണ്ടില്ലേ? അത്യധികം സഹനം കൈകൊള്ളുന്നവരും കൂടുതൽ കൃതജ്ഞതരുമായ എല്ലാവർക്കും തീർച്ചയായും ഇതിൽ വളരെയധികം ദൃഷ്ടാന്തങ്ങളുണ്ട്" (31:32)*

## കടലിലെ വിഭവങ്ങൾ

*നിങ്ങൾക്ക് സമുദ്രത്തെ അധീനപ്പെടുത്തിയവനത്രെ അല്ലാഹു; അവന്റെ കൽപനപ്രകാരം അതിൽ കപ്പലുകൾ സഞ്ചരിക്കുന്നതിനും അവന്റെ അനുഗ്രഹത്തിൽ നിന്നുള്ള ചില (വിഭവങ്ങളെ) നിങ്ങളന്വേഷിച്ച് സമ്പാദിക്കുന്നതിനും വേണ്ടി* (45:13)

സമുദ്രം മനുഷ്യന് ആവശ്യമായ വിഭവങ്ങളുടെ അക്ഷയഖനിയാണ്. ഇനിയും ചൂഷണം ചെയ്യപ്പെടാത്ത

കടൽ വിഭവങ്ങൾ ഭാവിലോകത്തിലേക്കുള്ള സുരക്ഷിത നിക്ഷേപങ്ങളാണ്. അതിന്റെ വളരെ ചെറിയ ഒരംശം പോലും ഇന്നും മനുഷ്യൻ ചൂഷണം ചെയ്തിട്ടില്ല. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കടലിലെ സൂക്ഷ്മ സസ്യങ്ങൾ പ്രകാശ സംശ്ലേഷണം വഴി ഭൗതിക ഘടകങ്ങളെ ജൈവവസ്തുക്കളാക്കി മാറ്റുന്ന പ്രക്രിയയാണ്. ഭൗമാന്തരീക്ഷത്തിലെ കാർബൺ കടലിലെ സൂക്ഷ്മ പ്ലവസസ്യങ്ങൾ ആഗിരണം ചെയ്ത് സൂര്യ പ്രകാശത്തിന്റെ സഹായത്താൽ കാർബൺ ജൈവ പദാർത്ഥങ്ങളാക്കി മാറ്റി കടലിലെ എണ്ണിയാലൊടുങ്ങാത്ത ജീവ രാശിക്കുള്ള ഭക്ഷണമാക്കി മാറ്റുന്നു. കാർബൺഡയോക്സൈഡ് അന്തരീക്ഷത്തിൽ അധികമാവുന്നത് മൂലമുള്ള ആഗോള താപനത്തെപറ്റിയും തുടർന്നുള്ള പാരിസ്ഥിതിക നാശത്തെ കുറിച്ചും പ്രകൃതി ദുരന്തങ്ങളെ സംബന്ധിച്ചും നിരവധി ആശങ്കകളും പ്രവചനങ്ങളും ഇപ്പോൾ നടന്നുവരുന്നു. പക്ഷേ ലക്ഷക്കണക്കിന് കിലോമീറ്ററുകൾ വ്യാപിച്ചു കിടക്കുന്ന അതിബൃഹത്തായ കടൽ പരപ്പുമായുള്ള അഭിമുഖീകരണം മൂലം അന്തരീക്ഷത്തിലെ കാർബൺ സമുദ്ര ജലത്തിലെ പ്ലവസസ്യങ്ങൾ ആഗിരണം ചെയ്ത് കാർബൺ അളവ് തുലനപ്പെടുത്തുന്ന കാര്യം നാം ഓർക്കാറില്ല. മനുഷ്യൻ സൃഷ്ടിക്കുന്ന ഏത് കാർബൺ വർദ്ധനവും ഇല്ലാതാക്കാനുള്ള ശേഷി കടലിനും ഉണ്ടെന്ന് പല പഠനങ്ങളും സൂചിപ്പിക്കുന്നു.

കടൽ ജീവികൾ കരയിലെ ജീവികളെ അപേക്ഷിച്ച് സർവ്വത്ര സ്വതന്ത്രരാണ്. കര ഒരു ദ്വിമാന പ്രദേശമാണെന്ന് പറയാം. കരയിലെ ജീവികളുടെ സഞ്ചാരം കരയുടെ പ്രതലത്തിൽ നീളത്തിലോ വീതിയിലോ ആണ്. പറവകൾ ഗഗനചാരികളാണെങ്കിലും ഇര പിടിക്കാനും വിശ്രമിക്കാനും ആകാശത്ത് നിന്ന് കരയിലേക്ക് ഇറങ്ങി വരണം. എന്നാൽ സമുദ്ര ജീവികൾക്ക് നീളത്തിലും വീതിയിലും കൂടാതെ താഴോട്ടും കീഴോട്ടും സുഖമായി സഞ്ചരിക്കാം. സമുദ്രത്തിൽ സർവ്വ വ്യാപിയായി നിൽക്കുന്ന പ്ലവസസ്യങ്ങൾ കണ്ണു കൊണ്ട് സൂക്ഷിച്ചു നോക്കിയാൽ മാത്രം കാണുന്ന ചെറു സസ്യങ്ങളാണ് പ്ലവകങ്ങൾ (Plankton). മിക്ക പ്ലവസസ്യങ്ങളും ഏകകോശ ജീവികളാണ്. ഇവയുടെ സാന്ദ്രത ജലത്തിന്നു തുല്യമായതിനാൽ ഭൂഗുരുത്വാകർഷണത്തിന് വിധേയമായി വെള്ളത്തിന്നടിയിലേക്ക് താഴ്ന്നു പോകില്ല. ഈ കൊച്ചു പ്ലവസസ്യങ്ങളുടെ വളർച്ചയും പെരുകലും ഊഹാതീതമാണ്. മൂന്ന് ദിവസം കൊണ്ട് ഒരു പ്ലവസസ്യം മൂന്നരക്കോടിയായി വർദ്ധിക്കുന്നു. ഈ അമ്പരപ്പിക്കുന്ന വർദ്ധനവ് തടയാൻ സമുദ്രത്തിലുള്ള ഏതാനും മില്ലിമീറ്റർ നീളമുള്ള കോപ്പി പോഡുകൾ എന്ന സൂക്ഷ്മ ജീവികളുമുണ്ട്. കോപിപോസുകൾ പെരുകുന്ന പ്ലവസസ്യങ്ങളെ ഭക്ഷിക്കുന്നു. കോപിപോഡിന്റെ വർദ്ധനവും ഏകദേശം പ്ലവസസ്യങ്ങളുടെ നിരക്കിൽ തന്നെയാണ്. ചെറു മത്സ്യങ്ങൾ മുതൽ പടുക്കൂറ്റൻ തിമിംഗലങ്ങൾ വരെയുള്ള കടലിലെ ജന്തുജാലങ്ങളുടെ ഭക്ഷണമാണ് ഇവയെല്ലാം. വീണ്ടും നമുക്ക് ഖുർആനിലെ ഒരു പ്രവചനത്തിലേക്ക് ശ്രദ്ധ തിരിക്കാം.

*സമുദ്രത്തെ കീഴ്പ്പെടുത്തിയവനത്രെ അവൻ. നിങ്ങളതിൽ നിന്നുള്ള പുതിയ മാംസം ഭക്ഷിക്കുന്നതിനും വേണ്ടി (16:15)*

മത്സ്യ സമ്പത്തിന് പുറമെ ഊഹാതീതമായ രീതിയിൽ കടലിൽ നിന്നും ഭക്ഷ്യയോഗ്യമായ ഫലങ്ങൾ കൊയ്തെടുക്കാമെന്ന് ഈയ്യിടെ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നു. വയലിൽ നെല്ലും ഗോതമ്പും മറ്റു ധാന്യങ്ങളും വിളയിക്കുന്നത് പോലെ കടൽ ജലത്തിലും ഇങ്ങനെ വൻതോതിൽ പെരുകുന്ന സസ്യങ്ങളെ ഉല്പാദിപ്പിക്കാമെന്ന് കണ്ടിരിക്കുന്നു. പ്ലവസസ്യങ്ങളെ ഭക്ഷിച്ചു തീർക്കുന്ന കോപിപോസുകൾ പോലെയുള്ള പ്ലവജന്തുക്കളെ കൃത്രിമമായിനിയന്ത്രിച്ച് സസ്യങ്ങളെ വളരാൻ അനുവദിച്ചാൽ സമുദ്രത്തിൽ നിന്നും വൻഫലം കൊയ്തെടുക്കാൻ സാധിക്കുമെന്ന് ശാസ്ത്രീയ പരീക്ഷണങ്ങൾ തെളിയിച്ചിരിക്കുന്നു. ക്ലോറല്ല എന്ന വർഗ്ഗത്തിൽപ്പെട്ട സസ്യപ്ലവകത്തെ ഇങ്ങനെ വളർത്തിയപ്പോൾ ഹെക്ടറിൽ 45 ടൺ ഉണങ്ങിയ സസ്യപദാർത്ഥം ലഭിച്ചു. ദ്വിമാന തലമായ കരയിൽ നിന്നും ഒരു ഹെക്ടറിൽ നിന്ന് ശരാശരി 6 ടൺ ഫലം ലഭിക്കുമ്പോൾ സമുദ്രത്തിലെ ഒരു ഹെക് ടർ ത്രിമാനതലത്തിൽ നിന്നും 45 ടൺ ലഭിക്കുന്നു എന്നത് അത്ഭുതകരമല്ലേ? ഗോതമ്പിൽ പ്രോട്ടീൻ 12 ശതമാനമുള്ളപ്പോൾ കോറില്ലയിൽ അത് 50 ശതമാനമാണെന്ന കാര്യവും നാമോർക്കുക.

കടൽ ജലത്തിലെ ജീവികളുടെ ഈ നിർമ്മാണ പെരുമയുടെ മറ്റൊരുദാഹരണം നോക്കൂ: കോറൽ ജീവികളാണല്ലോ പവിഴപ്പുറ്റുകൾ നിർമ്മിക്കുന്നത്. ആസ്ത്രേലിയയുടെ കിഴക്ക് ഭാഗത്ത് പസഫിക്ക് സമുദ്രത്തിൽ ഈ ജീവികൾ നിർമ്മിച്ച ഗ്രെയിറ്റ് ബാരിയർ റിഫ് എന്ന പവിഴപ്പുറ്റിന്റെ നീളം 2000 കിലോമീറ്ററും വീതി 150 കിലോ മീറ്ററുമാണ്. ലോകത്ത് ഇന്നോളം മനുഷ്യൻ നിർമ്മിച്ച സകല കെട്ടിടങ്ങളും മറ്റു നിർമ്മിതികളും അടുക്കിവെച്ചാൽ പോലും ഗ്രേയിറ്റ് ബാരിയർ റീഫിന്റെയത്രവരില്ല എന്ന് ഒരു പഠനം പറയുന്നു. നമ്മുടെ അറബിക്കടലിലെ ലക്ഷദ്വീപും പവിഴപുറ്റുകൾ സൃഷ്ടിച്ച മനുഷ്യാധി വാസ കേന്ദ്രങ്ങളാണ്.

ഇത് കൂടാതെ ഖനിജങ്ങൾ, ധാതുപദാർത്ഥങ്ങൾ, പെട്രോൾ മുതലായവയുടെ അക്ഷയഖനിയാണ് സമുദ്രം.

*'സമുദ്രത്തെ കീഴ്പ്പെടുത്തിയവനത്രെ അവൻ. നിങ്ങളതിൽ നിന്നുള്ള പുതിയ മാംസം ഭക്ഷിക്കുന്നതിനും നിങ്ങൾ ധരിക്കുന്ന ആഭരണ പദാർത്ഥങ്ങൾ നിങ്ങളതിൽ നിന്ന് പുറപ്പെടുവിക്കുന്നതിനും വേണ്ടി' (10:15)*

സമുദ്രങ്ങൾ ഭക്ഷ്യ വസ്തു

ക്കളുടേയും ഇരുമ്പ്, ചെമ്പ്, സ്വർണ്ണം, വെള്ളി, തുടങ്ങി ധനിജങ്ങളുടെയും സ്ത്രോതസ്സാണ് എന്നാണ് ഈ ഖുർആൻ വചനം സൂചിപ്പിക്കുന്നത്. കടലിൽ കരയിലുള്ളതിനേക്കാൾ ധനിജ പദാർത്ഥങ്ങളുണ്ട്. വമ്പിച്ച വിസ്തൃതിയിൽ അഗാധസമുദ്രങ്ങളിൽ പരന്നുകിടക്കുന്ന അവ ഖനനംചെയ്തെടുക്കാൻ ഇന്നത്തെ സാങ്കേതിക വിദ്യക്കാവില്ല. മെഗ്നീഷ്യം, സോഡിയം ക്ലോറൈഡ് (ഉപ്പ്) മുതലായ പദാർത്ഥങ്ങൾ സമുദ്രത്തിൽ നിന്നാണ് അധികവും ശേഖരിക്കുന്നത്. കടലിലുണ്ടാകുന്ന പല ധനിജങ്ങളും ഉപയോഗിച്ചാൽ തീർന്നുപോവുന്നതല്ല. അത് നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതാണ്.

### സമുദ്രജലത്തിന്റെ ബോയൻസി

*സമുദ്രത്തിൽ സഞ്ചരിക്കുന്ന, പർവ്വതങ്ങൾ പോലെയുള്ള കപ്പലുകൾ അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ് (42:33)*

ഭാരമേറിയ കപ്പലുകൾ ജലത്തിൻമീതെ പൊങ്ങിനില്ക്കുന്ന പ്രതിഭാസം ജലത്തിന്റെ, പ്രത്യേകിച്ചും കടൽ ജലത്തിന്റെ അനുഗൃഹീതമായ ഒരു ഭൗതിക ഗുണമാണ്. ഖുർആൻ ഇവിടെ പ്രയോഗിച്ച മലകൾ പോലെയുള്ള കപ്പലുകൾ ഭാരം കൂടിയ പടുകൂറ്റൻ ചരക്ക് കപ്പലിനെ സൂചിപ്പിക്കുന്നു. ഇത്രയും ഭാരമുള്ള കപ്പലുകൾ കടലിൽ പൊങ്ങി നില്ക്കുന്നത് കപ്പലിന്റെ ഭാരത്തിനെതിരെ സമുദ്രജലം പ്രയോഗിക്കുന്ന ബലം മൂലമാണ്. ഇതിനെയാണ് ബോയൻസി (Buoyancy : പ്ലവകത്വം) എന്ന് പറയുന്നത്. ശുദ്ധജലത്തേക്കാൾ ഉപ്പുവെള്ളത്തിന്ന് സാന്ദ്രത കൂടിയതിനാൽ കപ്പലിനെ കടൽ ജലം കൂടുതൽ ഉയരത്തിൽ പിടിച്ചു നിർത്തുന്നു. ശുദ്ധജലമുള്ള നൈൽ നദിയിൽ നിന്നും കപ്പൽ ചെങ്കടലിലേക്ക് പ്രവേശിക്കുമ്പോൾ അതിന്നുണ്ടാകുന്ന ഉയർച്ച ഇക്കാരണം കൊണ്ടാണ്.

പശ്ചിമ അത്‌ലാന്റിക് സമുദ്രത്തിൽ ബർമുഡാട്രയാഗിംൾ എന്ന ഭയം ജനിപ്പിക്കുന്ന ഒരു സമുദ്ര മേഖലയുണ്ട് . നിരവധി കപ്പൽ ഛേദങ്ങൾ സംഭവിച്ച ബർമുഡ മേഖലക്ക് മുകളിലൂടെ പറക്കുന്ന വിമാനങ്ങൾ പോലും കടലിലേക്ക് വലിച്ചെടുക്കപ്പെടുമെന്ന് ഊഹങ്ങളും ദുരൂഹതകളും കെട്ടുകഥകളും നോവലുകളും പ്രചരിക്കാറുണ്ട്. ഏതായാലും ബർമുഡ മേഖലയിൽ നിരവധി കപ്പലുകൾ മുങ്ങിയിട്ടുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇതിന് കാരണമന്വേഷിച്ചു കൊണ്ട് നടത്തിയ ചില ശാസ്ത്ര പഠനങ്ങളിൽ കാണുന്നത് കടൽ ജലത്തിലെ സാന്ദ്രത പെട്ടെന്ന് കുറയുന്നത് കൊണ്ടാണ് കപ്പൽ ഛേദം സംഭവിക്കുന്നത് എന്നാണ്. ഇങ്ങനെയൊരു നിഗമനത്തിൽ അവർ എത്തിചേരാനുള്ള കാരണം. കപ്പലുകൾ സാധാരണ തകർന്ന് കടലിൽ മുങ്ങി താഴുമ്പോൾ അടി ഭാഗം അതേപടി മുങ്ങാറില്ല. കപ്പലിന്റെ കൂർത്ത മുന്നറ്റമോ പിന്നറ്റമോ ആദ്യം മുങ്ങി കുത്തനെയാണ് കപ്പൽ മുങ്ങി താഴുന്നത്. ജലത്തിന്റെ മർദ്ദം മൂലം കപ്പലിന്റെ വ്യാപ്തം കുറഞ്ഞ ഭാഗം ആദ്യം താഴുന്നത് കൊണ്ടാണ് ഇങ്ങിനെ സംഭവിക്കുന്നത്. എന്നാൽ ബർമുഡയുടെ കടൽതറയിൽ മുങ്ങിക്കിടക്കുന്ന കപ്പലുകളിൽ ചിലത് അതിന്റെ അടിഭാഗം അഥവാ ഹള്ള് ഉപരിതലത്തിൽ നിന്നും അതേപടി താഴെയെത്തിയ രൂപത്തിൽ കടൽത്തറയെ പ്രാപിച്ചതായി സമുദ്രാന്തർ ഗവേഷണങ്ങളിൽ കണ്ടെത്തുകയുണ്ടായി. ഇതിൽ നിന്നും ഈ പഠന സംഘം എത്തിയ നിഗമനം കൗതുകകരമാണ്. ബർമുഡയുടെ കടൽത്തറയിലെ ഭൂഗർഭങ്ങളിൽ നിന്നും മുകളിലേക്ക് ഉയരുന്ന മീതൈൻ വാതകകുമിളകൾ. കടൽജലത്തിന്റെ സാന്ദ്രത പെട്ടെന്ന് കുറച്ചുകളയുകയും അങ്ങിനെ പൊടുന്നനെ കപ്പൽ വെള്ളത്തിലേക്ക് താഴുകയും ചെയ്യുന്നു എന്നതാണ്. കപ്പലുകളുടെ സഞ്ചാരം ദൈവത്തിന്റെ അപാരമായ അനുഗ്രഹസാകല്യത്തിലാണെന്ന് നാം ഓർക്കാറുണ്ടോ. അല്ലാഹു പറയുന്നു:

*കടലിൽ സഞ്ചരിക്കുന്ന മലകളെ പോലെ ഉയരം കൂടിയ കപ്പലുകൾ അവന്റേതാണ്. അപ്പോൾ നിങ്ങളിരുക്കൂട്ടരുടേയും നാഥന്റെ അനുഗ്രഹങ്ങളിൽ എതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത് (55:26)*

### കടലിലെ ഇരുൾ

*'അല്ലെങ്കിൽ ആഴമുള്ള സമുദ്രത്തിലെ അന്ധകാരങ്ങൾ പോലെയാണ്. അതിനെ (സമുദ്രത്തെ) തിരമാലകൾ മൂടുന്നു. അതിന്റെ മേലെയും തിരമാലകൾ (അടിച്ചു കൊണ്ടിരിക്കുന്നുണ്ട്) അതിന്റെ മേലെ മേഘവും. അന്ധകാരങ്ങൾ അവയിൽ ചിലത് ചിലതിന്റെ മേലെയാണ്. തന്റെ കൈ അവൻ പുറത്തെടുത്താൽ അവനത് കാണുമാറാകുകയില്ല. ഏതൊരാൾക്ക് അല്ലാഹു പ്രകാശം നൽകുന്നില്ലയോ അയാൾക്ക് ഒരു പ്രകാശവും ലഭിക്കുകയില്ല (24:41)*

ആഴക്കടലിലെ പ്രകാശത്തിന്റെ അപ്രവേശ്യതയെ ഉദാഹരിച്ചുകൊണ്ടാണ് ഖുർആന്റെ മേൽവിവരണം. ഉദാഹരണം ശ്രദ്ധേയമാണ്. സ്വന്തം കൈകൾ കാണാൻ സാധിക്കാത്തയത്രയുള്ള അന്ധകാരത്തെക്കുറിച്ച് എത്രയാഥാർത്ഥ്യമായ ഉപമയാണ് ഖുർആൻ ഇവിടെ നൽകുന്നത്. സമുദ്രോപരിതലത്തിൽ വീഴുന്ന പ്രകാശം അതിന്റെ ആഴമനുസരിച്ച് ഓരോ വർണങ്ങളും ആഗിരണം ചെയ്യപ്പെടുന്നു. ആദ്യത്തെ 50 മീറ്റർ ആഴത്തിൽ കൂടുതൽ തരംഗ ദൈർഘ്യമുള്ള ചെമപ്പ്, ഓറഞ്ച്, മഞ്ഞ, പച്ച മുതലായ വർണ്ണങ്ങൾ നഷ്ടപ്പെടുന്നു. തുടർന്ന് 200 മീറ്റർ വരെ കടൽ പ്രകാശത്തിന്റെ പ്രസരണം കാണാം. പിന്നീടുള്ള ആഴങ്ങളിൽ കൂരാകൂരിരുട്ടാണ്. കടലിന്റെ ശരാശരി ആഴം 3500 മീറ്ററാണെന്ന് നാം ഓർക്കണം.

### സുനാമി

മന്ദമായ ഓളങ്ങൾ സൃഷ്ടിച്ച് കരയെ കാൽചിലമ്പണിയിക്കുന്ന അനുഗ്രഹങ്ങളുടെ കേദാരമായ സമുദ്രങ്ങൾ കരയിലേക്ക് പടുകൂറ്റൻ തിരമാലകളുയർത്തി ഇരമ്പിക്കയറി ലക്ഷക്കണക്കിന് ആളുകളെ ഞൊടിയിടങ്ങളിൽ കൊന്നൊടുക്കിയ കിടിലം

കൊളളിക്കുന്ന സംഭവത്തിന് നാം സാക്ഷ്യം വഹിക്കുകയുണ്ടായി. 2004 ഡിസംബർ 26ന് ഇന്ത്യാസമുദ്രത്തിലുണ്ടായ ഭൂകമ്പത്തെ തുടർന്ന് സുനാമി തരംഗങ്ങൾ കൊന്നൊടുക്കിയത് രണ്ട് ലക്ഷത്തോളം ആളുകളെയാണ്. കടലിൽ ഉണ്ടാവുന്ന ഭൂകമ്പങ്ങളാണ് സുനാമിക്ക് കാരണം. ഭൂമിയിൽ പ്ലേയ്റ്റ് ടാക്റ്റോണിക്സ് എന്നൊരു പ്രതിഭാസമുണ്ട്. ഭൂമി നിരന്തരം ചലിക്കുന്ന ഇരുപതോളം ഫലകങ്ങൾ ചേർന്ന് കൊണ്ടുളളതാണ്. ഇതിനെ സംബന്ധിച്ച് ഖുർആൻ പറയുന്നു.

*ഭൂമിയിൽ അടുത്തടുത്ത് കിടക്കുന്ന പല ഖണ്ഡങ്ങളുമുണ്ട് (13:5)*

മൂന്ന് വിധത്തിലാണ് ഈ ഫലകങ്ങൾ ചലിക്കുന്നത് (1) രണ്ട് ഫലകങ്ങൾ പരസ്പരം അകന്നു പോകുന്ന അതിരുകൾ ഉളളത് (Divergent Margin) (2) ഫലകങ്ങൾ പരസ്പരം കൂട്ടിമുട്ടുന്ന അതിരുകൾ ഉളളത് (Convergent Margin) (3) രണ്ട് ഫലകങ്ങൾ പരസ്പരം ഉരസി സമാന്തരമായി പോവുന്ന അതിരുകളുളളത് (Shear Margin) ഇന്ത്യാസമുദ്രത്തിൽ സുമാത്രാ ദ്വീപിനടുത്തുണ്ടായ പ്രസ്തുത സുനാമി, ഫലകങ്ങൾ പരസ്പരം കൂട്ടിമുട്ടിയ പ്രതിഭാസത്താലുണ്ടായ ഭൂകമ്പമായിരുന്നു. ഇതിൽ ഒരു ഫലകത്തിന്റെ അരിക് തകർന്ന് ഭൂമിയുടെ അന്തർഭാഗത്തേക്ക് മുങ്ങുന്നു. ഇങ്ങനെ മുങ്ങിപ്പോകുന്ന മേഖലയെ നിമജ്ജനമേഖല (Subduction Zone) എന്നാണ് പറയുക. ഖുർആനിലെ ഒരു വചനം ഇങ്ങനെയാണ്.

*' ആ സംഭവിക്കാനുള്ളത് സംഭവിക്കുമ്പോൾ അതിന്റെ സംഭാവ്യതയെ നിഷേധിക്കുന്ന ഒന്നുമില്ല. (അത്) താഴ്ത്തുന്നതും ഉയർത്തുന്നതുമാണ്. ഭൂമി അതിശക്തമായി പ്രകമ്പനം ചെയ്യപ്പെടുകയും ചെയ്യും. (56: 2-5)*

ആ പ്രകമ്പനം കടൽ ഏറ്റുവാങ്ങുമ്പോൾ വമ്പിച്ച തിരമാലകളായി കരയിലേക്ക് അവ ഇരമ്പിക്കയറുന്നു. അതാണ് സുനാമി.

*'ഇളകിമറിയുന്ന അലയടിക്കുന്ന സമുദ്രത്തെക്കൊണ്ട് സത്യം (വൽ ബഹ്റിൽ മസ്ജൂർ) തീർച്ചയായും നിന്റെ നാഥന്റെ ശിക്ഷ സംഭവിക്കുന്നതാണ്. അതിനെ തട്ടി നീക്കാൻ ആരുമില്ല'.* (52: 6-9)

## ഉപസംഹാരം

സമുദ്രങ്ങളാകുന്ന ജലാഭരണങ്ങൾക്കൊണ്ട് വിഭൂഷിതയാണ് നമ്മുടെ ഒരേയൊരു ഭൂമി. സമുദ്രങ്ങൾ ഭൂവാസികളുടെ ഭാവി ജീവിതത്തിലെ വിഭവങ്ങളുടെ അക്ഷയ നിധിയാണ്. ആ സമുദ്രം മനുഷ്യന്റെ അവിവേകം മൂലം പങ്കിലമായി ദുരന്തങ്ങൾ സംഭവിക്കുമെന്ന് അല്ലാഹു പറയുന്നു. പ്രകൃതിയിലെ എല്ലാ ദുരന്തങ്ങളും പരോക്ഷമായോ പ്രത്യക്ഷമായോ ഉള്ള മനുഷ്യന്റെ തെറ്റായ പ്രവർത്തനത്തിന്റെ ഫലമാണെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. *'മനുഷ്യന്റെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു;' അവർ മടങ്ങുന്നതിനു വേണ്ടി (30:42).*

എണ്ണിയാലൊടുങ്ങാത്ത ദൈവത്തിന്റെ അപരിമേയമായ അനുഗ്രഹങ്ങൾ വിവരിക്കാൻ സമുദ്രത്തെയാണ് അല്ലാഹു ഉദാഹരിച്ചത്. അത്രയും ബൃഹത്താണ് സമുദ്രം. ഈ ബൃഹദാകാരം ഓർമ്മിപ്പിക്കുന്ന ഖുർആൻ വചനം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കട്ടെ.

*ഭൂമിയിലുള്ള വൃക്ഷങ്ങളെല്ലാം (പേനയും) സമുദ്രം (മഷിയും) ആവുകയും അതിന് പുറമെ ഏഴു സമുദ്രങ്ങൾ (മഷിയായി) അതിനെപോഷിപ്പിക്കുകയും ചെയ്താൽപ്പോലും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ (എഴുതി) ത്തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമാകുന്നു. (30:42)*

*(അവസാനിച്ചു)* n

---

*(22 -ാം പേജിൽ നിന്ന് തുടർച്ച)*

സൂചിപ്പിക്കുന്നത്. എന്നാൽ, ഈ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്ന കാര്യത്തിൽ ഏറ്റവും ഉത്തമവും അനുഗ്രഹീതവുമായ മാർഗ്ഗം അല്ലാഹൂ കല്പിച്ചരുളീട്ടുള്ളതുതന്നെയാണെന്ന് അവരെ താക്കീത് ചെയ്തിരിക്കുകയുമാണ്. ആ ഭരണ നിർവ്വഹണ രീതികളെല്ലാം അല്ലാഹൂ നോക്കിപ്പാർക്കുന്നതും ഉത്തരവാദപ്പെട്ടവർ വരുത്തുന്ന വീഴ്ചകളെകുറിച്ച് അവർ കണക്ക് പറയേണ്ടിവരുന്നതുമാണ്.

സമ്മതിദാനം നല്കുന്നത് എങ്ങനെയായിരിക്കണമെന്ന കാര്യത്തിൽ ഇസ്‌ലാം ഒരു പ്രത്യേക രീതിയൊന്നും നിർദ്ദേശിച്ചിട്ടില്ല. മേൽ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിന് പരിത:സ്ഥിതിക്കൊത്ത് ഏറ്റവും ഉത്തമമെന്ന് കരുതപ്പെടുന്ന ഏത് രീതിയും ആവിഷ്കരിച്ച് നടപ്പാക്കാൻ ജനങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയിരിയ്ക്കുന്നു.

ജനങ്ങളുമായി നേരിട്ടോ ജനപ്രതിനിധികൾ മുഖേനയോ, ഓരോ സ്ഥിതിവിശേഷവും ആവശ്യപ്പെടുന്ന തനുസരിച്ച്, കൂടിയാലോചന നടത്തിക്കൊണ്ടായിരിക്കണം സ്റ്റേറ്റ് അതിന്റെ ഉത്തരവാദിത്തങ്ങൾ നിർവഹിക്കേണ്ടത് (3:160). ഭരണ കാര്യങ്ങളിൽ ജനങ്ങളെ ബന്ധപ്പെടുത്തുന്നതിന്നും, ജനങ്ങളുടെ അഭിപ്രായങ്ങൾ അടുത്തറിയുന്നതിന്നും മാത്രമല്ല, പൊതുകാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ ജനപ്രതിനിധികൾക്ക് പരിശീലനം ലഭിക്കുന്നതിന്നും ഇതാവശ്യമാകുന്നു. പ്രാപ്തരായ വ്യക്തികളുമായി യുക്തമായ കൂടിയാലോചനകൾ നടത്തിക്കൊണ്ട് പൊതു കാര്യങ്ങൾ നിർവ്വഹിക്കുകയെന്നത് മുസ്‌ലിം സമൂഹത്തിന്റെ ഒരു സവിശേഷ സ്വഭാവമായിരിക്കേണ്ടതാണ്. "തങ്ങളുടെ നാഥന്റെ വിളിയ്ക്ക് ഉത്തരം നൽകുകയും നമസ്കാരം കൃത്യമായി അനുഷ്ഠിക്കുകയും, തങ്ങളുടെ കാര്യാദികൾ പരസ്പരം കൂടിയാലോചനകൾ

*(ശേഷം 42-ാം പേജിൽ)*

# ലേഖനം

മൗദൂദി സാഹിബിനെ വധശിക്ഷക്ക് വിധിച്ചതെന്തിന്? (തുടർച്ച)

# കലാപത്തിന്നുത്തരവാദി മൗലാനാ മൗദൂദി

മൗലാന അബ്ദുല്ലാഹ് സാഹിബ് എച്.എ.

**പാകിസ്താനിൽ അഹ്മദികൾക്കെതിരെ അക്രമണം അഴിച്ചുവിടാൻ പരസ്യമായി ആഹ്വാനം നൽകുകയായിരുന്നു. മൗദൂദി സാഹിബ്**

മൗദൂദി സാഹിബും കൂട്ടുകാരും മറ്റുള്ളവരോടൊപ്പം ചേർന്നുകൊണ്ട് ഒരു വലിയ അഗ്നികുണ്ഡം തയ്യാറാക്കി അതിൽ ധാരാളം ഇന്ധനങ്ങളിട്ട് എണ്ണയുമൊഴിച്ചു തീക്കൊളുത്തി. എന്നിട്ടു അതു ആളിക്കത്തട്ടെയെന്നു മാത്രം അദ്ദേഹം പറഞ്ഞിട്ടില്ലെന്നാണ് മാഹിറുൽ ഖാദിരി സാഹിബും കൂട്ടുകാരം നമുക്ക് പറഞ്ഞുതരുന്നതെങ്കിൽ അതും പരമാർത്ഥമല്ല. നോക്കുക, ഇക്കഴിഞ്ഞ ജനുവരി 30-ാംനു-'ആൾപാർട്ടീസ് മുസ്ലീം കൺവെൻഷൻ' എന്ന പേരിൽ ഒരു സമ്മേളനം ചേരുന്നു. അതായത് അഹ്റാരികളും മൗദൂദികളും സിൽബന്ധികളും ചേർന്നുകൊണ്ടുള്ള ഒരു സമ്മേളനം! എന്നിട്ട്, അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുവാനും മുഹമ്മദ് സഫറുല്ലാ ഖാനെ വിദേശകാര്യമന്ത്രിസ്ഥാനത്ത് നിന്ന് പുറംതള്ളാനും അഹ്മദികളെ ഉയർന്ന ഉദ്യോഗങ്ങളിൽനിന്ന് നീക്കുവാനും ഗവർമ്മേണ്ടിനോടു ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയങ്ങൾ അവർ പാസ്സാക്കുന്നു. ഫിബ്രവരി 22-ാംനു -ക്കുള്ളിൽ തങ്ങളുടെ ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ തങ്ങൾ പ്രത്യക്ഷസമരം തുടങ്ങുന്നതാണെന്ന് കാണിച്ചുകൊണ്ട് അവർ ഗവർമ്മേണ്ടിന്ന് ഒരു 'അൾടിമാറ്റം' കൊടുക്കുന്നു. ആ കൺവൻഷനിൽ പലരും പ്രസംഗിക്കുന്നു. അക്കൂട്ടത്തിൽ പ്രത്യക്ഷസമരപരിപാടിയെ വിശദീകരിച്ചുകൊണ്ട് മൗദൂദി സാഹിബും പ്രസംഗിക്കുന്നു. തങ്ങളുടെ ആവശ്യങ്ങൾക്കു മുമ്പിൽ ഗവർമ്മേണ്ട് തലകുനിക്കുകയും അവയംഗീകരിക്കുകയും ചെയ്യാത്തപക്ഷം 1947 ൽ വടക്കെഇന്ത്യയിൽ മുസ്ലിംകളും അമുസ്ലിംകളും തമ്മിൽ നടന്നതു പോലുള്ള ഒരു കലാപം അഹ്മദികളും അഹ്മദീകളല്ലാത്തവരും തമ്മിൽ നടക്കുമെന്നു പ്രകടമായി പ്രസ്താവിച്ചുകൊണ്ട് അദ്ദേഹം അക്രമത്തിന്നു പ്രേരണ നൽകുന്നു. എന്നുവെച്ചാൽ, എപ്രകാരം 1947 ൽ പഞ്ചാബിലും മററും ഭൂരിപക്ഷക്കാർ ന്യൂനപക്ഷക്കാരോട് ചരിത്രത്തിൽ കാണപ്പെടാത്തവിധം പെരുമാറിയിരുന്നുവോ അപ്രകാരം തന്നെ അഹ്റാരികളും മൗദൂദികളും അവരെ പിൻപറ്റിയവരും ന്യൂനപക്ഷക്കാരായ അഹ്മദികളോടു പെരുമാറുന്നു! മൗദൂദി സാഹിബിന്റെ പ്രസ്തുത പ്രസംഗത്തെ വിമർശിച്ചുകൊണ്ട് ലാഹോറിലെ ഒരു പ്രസിദ്ധപത്രമായ ' സിവിൽ ആന്റ് മിലിററി ഗസററ്' ഫിബ്രവരി 2-ാംനു-ത്തെ ലക്കത്തിൽ എഴുതിയ ഒരു മുഖപ്രസംഗത്തിൽ ഇങ്ങനെ പറയുന്നു: "കഴിഞ്ഞ വെള്ളിയാഴ്ച ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചുകൊണ്ട്" മൗലാനാ അബുൽ അഅ്ലാ സാഹിബ് മൗദൂദി ഖാദിയാനികൾക്കെതിരിൽ അക്രമം പ്രവർത്തിക്കാൻ പരസ്യമായ ഉൽബോധനം നൽകിയിരിക്കുന്നു. അക്രമത്തെകുറിച്ചുള്ള ഈ പരസ്യമായ പ്രചരണം മൗലാനയുടെ സ്ഥാനം ചിന്തകന്മാരുടെ ദൃഷ്ടിയിൽ സമുന്നതമായി കാണപ്പെടുന്നതിന്നു പര്യാപ്തമായിരുന്നില്ല. ഗവർമ്മേണ്ട് ഖാദിയാനികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കാത്തപക്ഷം മുമ്പ് അമുസ്ലിംകളും മുസ്ലിംകളും തമ്മിൽ ഉണ്ടായതുപോലെ ഖാദിയാനികളുടെയും അല്ലാത്തവരുടേയും ഇടയിൽ ഒരു കലാപം തീർച്ചയായും സംഭവിക്കും എന്നദ്ദേഹം പറയുകയുണ്ടായി. സ്വതന്ത്രചിന്തയും പുരോഗമനാശയങ്ങളും ഉള്ളതായി വാദിക്കുന്ന 'ജമാഅത്തെ ഇസ്ലാമി'യുടെ നേതാവ് അഹ്റാരികളെക്കാളും ഇതര ഉലമാക്കളെക്കാളും കടന്ന

നിരുത്തരവാദപരമായ പ്രസ്താവനകൾ ചെയ്യുന്നത് എത്രയും വ്യസനകരമാണ്. ഖാദിയാനികൾക്കെതിരിൽ വെറുപ്പും വിദ്വേഷവും പ്രചരിപ്പിക്കുന്നതോടുകൂടി ഈ നേതാവ് ബാഹ്യദൃഷ്ടിയിൽ തന്റെ ശ്രോതാക്കളെ ധരിപ്പിക്കുവാൻ ശ്രമിക്കുന്നത് അദ്ദേഹം ഈ പ്രസ്ഥാനത്തെ സമാധാനപരമായ വഴിയിൽകൂടി മാത്രമെ നയിക്കുകയുളളൂവെന്നും അക്രമപരമായ ഒന്നുംതന്നെ നടക്കാനനുവദിക്കുകയില്ലെന്നും ആണ്. എന്നാൽ മൗലാനാ മൗദൂദി ഭരണാധികാരികൾക്കുളള വിഷമതകളുടെ ഭാരം വർദ്ധിപ്പിച്ചു. മറ്റൊന്നുമില്ലെങ്കിൽ, ഖാദിയാനികൾക്കെതിരായി തന്റെ ശ്രോതാക്കളിൽ ഒരു കലാപവാഞ്ഛ ഉണ്ടാക്കാൻ അതുപകരിച്ചു........... ഇസ്ലാമിന്റെ പക്കൽ നിയമലംഘനത്തെക്കാൾ കടുത്ത കുററം മറ്റൊന്നുമില്ല. ഈ കുററത്തിന്റെ നില നോക്കുമ്പോൾ അതു രാജ്യദ്രോഹപരമാണെന്നു പറയേണ്ടിയിരിക്കുന്നു. ഖുർആൻ വ്യക്തമായി പറയുന്നത് 'ലാ തുഫ് സിദൂ ഫിൽ അർദ്' (നിങ്ങൾ ഭൂമിയിൽ കലാപം ഉണ്ടാക്കരുത് ) എന്നാണ്. മൗലാന അക്രമത്തെക്കുറിച്ചു പരസ്യമായി ഉപദേശിക്കുകമൂലം ഈ ഖുർആൻവാക്യത്തെ പരിഹാസപാത്രമാക്കുന്നതിന്നു ഒട്ടും തന്നെ മടിച്ചില്ല. മറിച്ച്, അദ്ദേഹം അതിൽ സന്തോഷംകൊളളുകയാണ് ചെയ്തത്. വർഗ്ഗീയബോധത്തെ ഉജ്ജ്വലിപ്പിക്കുക എന്നത് സമുദായത്തിലും നാട്ടിലും അനൈക്യവും ഛിദ്രതയും പരത്തുന്നതിന്നു തുല്യമാണ്. നാട്ടിന്റെ ക്ഷേമം ആത്മാർത്ഥമായി കാംക്ഷിക്കുന്നവർക്ക് ഈ ആപൽക്കരമായ കളി കളിക്കാനാവില്ല............ ഭിന്നതകൾ നീങ്ങുകയും വിശാലഹൃദയത്വം വളരുകയും ചെയ്യുന്നതിന്നുവേണ്ടി നമ്മുടെ പണ്ഡിതന്മാർ ശ്രമിക്കേണ്ടതാണ്. എന്നാൽ മാത്രമെ ശാന്തമായ ഹൃദയത്തോടുകൂടി മററുളള അഭിപ്രായഗതികൾ കേൾക്കുവാനുളള സഹിഷ്ണതയുണ്ടാവുകയുളളൂ. ഭിന്നാഭിപ്രായം ഉളളതിനോടുകൂടി തന്നെ സുന്നി, ഷിയാ, അഹ്ലെഹദീസ്, അഹ്ലുൽഖുർആൻ, അഹ്ലുസ്സുന്നത്തിവൽ ജമാഅത്ത് ആദിയായ സകല കക്ഷികളും ഒരേ നിലയിൽ ഇസ്ലാമിനോടു ബന്ധിക്കപ്പെട്ട കക്ഷികളാണ്. അഹ്മദികളും ഇക്കാര്യത്തിൽ ആരുടെയും പിന്നിലല്ല. മററുളളവർക്കെന്നപോലെ അവർക്കും ഇസ്ലാമിനോടു ബന്ധം ഉണ്ടെന്നതു സുവ്യക്തമാണ്................ ഭിന്നാഭിപ്രായം എന്നും നില നിൽക്കും. ഇസ്ലാമിനെകുറിച്ച് മൗലാനാ മൗദൂദിക്കുളള ചില അഭിപ്രായങ്ങൾ ഇതരന്മാരുടെ ദൃഷ്ടിയിൽ അങ്ങേയററം ആക്ഷേപാർഹങ്ങളാണ്. ഉദാഹരണമായി ഇസ്ലാംവിട്ടുപോകുന്നവരെ കൊല്ലണമെന്ന അദ്ദേഹത്തിന്റെ സിദ്ധാന്തം. അദ്ദേഹത്തിന്റെ ഈ വിശ്വാസം ദീനിൽ ബലാൽക്കാരം പാടില്ലെന്ന ഖുർആൻവാക്യത്തെ വ്യക്തമായ നിലയിൽ നിഷേധിക്കുന്നതിന്നു തുല്യമാണ്. ഖുർആന്നു ഈ തെറ്റായ വ്യാഖ്യാനം നൽകുകകാരണം മൗലാനയും അദ്ദേഹത്തിന്റെ കക്ഷിയും ഖുർആനെ നിഷേധിച്ചുകളഞ്ഞെന്നും അതുകൊണ്ട് അവരെ അമുസ്ലിം ന്യൂനപക്ഷമാക്കേണ്ടതാണെന്നും പറയുന്നതു ന്യായമാകുമോ?"

ഈ ഉദ്ധാരണത്തിൽനിന്ന് പാകിസ്താനിൽ നടന്ന അഹ്മദിയ്യാവിരുദ്ധപ്രക്ഷോഭത്തിൽ യഥാർത്ഥമായ നേതൃത്വം നൽകിയതാരാണെന്നു മനസ്സിലാക്കാൻപ്രയാസമില്ല. മൗദൂദി സാഹിബ് ഇങ്ങനെ കലാപവെടിക്കോട്ടക്ക് പരസ്യമായനിലയിൽ തീവെച്ചു എന്നിട്ടദ്ദേഹം ഉടനെ ഒരു പൊതുയോഗം വിളിച്ചുകൂട്ടി പ്രസംഗിക്കുകയാണ്, 'ഗുണ്ടായിസം പാടില്ല', 'അക്രമം പാടില്ല' എന്നെല്ലാം! ആ യോഗത്തിൽ അന്നത്തെ പാക് പഞ്ചാബ് മുഖ്യമന്ത്രിയായിരുന്ന മുംതാസ് ദൗലത്താനയും പ്രസംഗിക്കുയുണ്ടായത്രെ. മുംതാസ് ദൗലത്താനയ്ക്ക് ആന്തരമായി അഹ്മദിയ്യാവിരുദ്ധപ്രസ്ഥാനവുമായി അടുത്ത ബന്ധമുണ്ടായിരുന്നുവെന്ന് പിന്നീടുണ്ടായ സംഭവവികാസങ്ങളിൽനിന്ന് സ്പഷ്ടമായിത്തുടങ്ങിയെന്നത് പ്രകൃതത്തിൽ സ്മരണീയമാണ്.

ഈ തുറന്ന പരമാർത്ഥങ്ങൾക്കുനേരെ കണ്ണടച്ചുകൊണ്ടാണ് മാഹിറുൽ ഖാദിരി സാഹിബ് പറയുന്നത്, "മൗദൂദി സാഹിബും കൂട്ടുകാരും കുഴപ്പത്തിൽ പങ്കെടുക്കാത്തവരും വെറും റസൂലിനോടുളള സ്നേഹം കാരണമായി ജയിലിൽ പോകേണ്ടിവന്നവരും" ആണെന്ന്. എന്തൊരാശ്ചര്യം! നബിതിരുമേനി (സ) അന്ത്യപ്രവാചകനാണെന്നു മൗദൂദി സാഹിബും കൂട്ടുകാരും പറഞ്ഞതുകൊണ്ട് മാത്രമാണ് അവർക്ക് ജയിലിൽ പോകേണ്ടിവന്നതെന്നല്ലേ അദ്ദേഹം പൊതുജനങ്ങളെ പറഞ്ഞു ധരിപ്പിക്കുന്നതു? ഇത്രയും ധാർഷ്ട്യത്തോടുകൂടി ഇപ്രകാരമെല്ലാം മറ്റാർക്കാണ് പറയാൻ സാധിക്കുക?

പാകിസ്താനിൽ യഥാർത്ഥത്തിൽ നടന്നതിങ്ങനെയെല്ലാമാണെങ്കിലും, 'അൽഫാറൂഖ്' പത്രം പറയുന്നതിപ്രകാരമാണ്: "പാകിസ്താനെ സാക്ഷാൽ ഇസ്ലാമിക രാഷ്ട്രമാക്കുക............ എന്ന പ്രശ്നത്തിന്നു നേതൃത്വം നൽകിയതു ജമാഅത്തെ ഇസ്ലാമിയും അതിന്റെ നേതാക്കളും ആകുന്നു. സഫറുല്ലാഖാനെ വിദേശമന്ത്രിസ്ഥാനത്ത് നിന്ന് ഒഴിവാക്കുക ഖാദിയാനികളെ ഒരു പ്രത്യേക ന്യൂനപക്ഷസമുദായമായി അംഗീകരിക്കുക എന്നുളളത് ഖാദിയാനിയിതരബഹുജനങ്ങളുടെ അനുപേക്ഷണീയമായ ആവശ്യമാണ്" (മെയ് ലക്കം).

ഇസ്ലാമികരാഷ്ട്രം കെട്ടിപ്പടുക്കണമെന്നുളള പ്രക്ഷോഭത്തിന്നു മാത്രമാണ് മൗദൂദി സാഹിബും കൂട്ടുകാരും നേതൃത്വം നൽകിയതെന്നും അഹ്മദിയ്യാവിരുദ്ധപ്രക്ഷോഭമെന്ന പേരിൽ പഞ്ചാബിലും മററും നടന്ന ഭ്രാന്തനൃത്തത്തിൽ തങ്ങൾ പങ്കുചേർന്നിട്ടില്ലെന്നും 'അൽഫാറൂഖ്' പത്രാധിപർ മേൽപ്രസ്താവന മുഖേന പൊതുജനങ്ങളെ ധരിപ്പിക്കാൻ ശ്രമിച്ചതു വല്ലാത്ത ധാർഷ്ഠ്യം തന്നെ! ഈ "കാദിയാനിതരബഹു

*(ശേഷം 41-ാം പേജിൽ)*

മുസാഫിർ

# കാർട്ടൂൺ വിവാദത്തിലെ കാണാപ്പുറങ്ങൾ

**ചി**ത്രങ്ങളുടേയും, ബിംബങ്ങളുടേയും, പ്രതിരൂപങ്ങളുടേയും മറ്റു യാതൊരു ഭൗതികോപാധികളുടേയും സഹായമില്ലാതെ നൂറ്റാണ്ടുകളായി മുസ്‌ലിംകളുടെ ഹൃദയത്തിൽ അവരുടെ സ്വന്തം ശരീരബോധത്തേക്കാൾ ജ്വലിച്ചു നില്ക്കുന്ന ദിവ്യ വ്യക്തിത്വമാണ് റസൂൽതിരുമേനി (സ) യുടേത് 2005 നവംബറിൽ ജില്ലന്റ്സ് പോസ്റ്റൺ എന്ന ഡാനിഷ് പത്രം റസൂൽ തിരുമേനി (സ) യെ അവഹേളിച്ചു കൊണ്ട് പ്രസിദ്ധീകരിച്ച 12 കാർട്ടൂണുകളുടെ പേരിൽ മുസ്‌ലിം രാജ്യ തലസ്ഥാനങ്ങളിലും പട്ടണങ്ങളിലും അക്രമാസക്തമായ പ്രതിഷേധാഗ്നി കത്തിപ്പടരുകയാണ്. ലോക മാധ്യമങ്ങൾ ഇതിനെ കാർട്ടൂൺ വിവാദം, കാർട്ടൂൺ പ്രക്ഷോഭണം എന്നൊക്കെയാണ് വിളിക്കുന്നത്. ആസന്നമായ ഇറാൻ അക്രമണത്തിന്റെ മുന്നോടിയായി ക്രൈസ്തവ അമേരിക്കൻ സാമ്രാജ്യത്വവും സയണിസവും ചേർന്ന് ഇസ്‌ലാമിന്നും മുസ്‌ലിംകൾക്കുമെതിരെ മാധ്യമങ്ങളുപയോഗിച്ച് നടത്തുന്ന മന:ശ്ശാസ്ത്ര യുദ്ധമാണ് ഈ കാർട്ടൂൺ വിവാദം. മുസ്‌ലിം ജനസാമാന്യത്തിന്റെ ബലഹീനതയും ചാപല്യവും നന്നായറിയാവുന്ന ക്രൈസ്തവ സാമ്രാജ്യത്വം ചരടുകളിൽ ബന്ധിച്ച പാവകളുടെ കൂത്ത് പോലെ മാധ്യമങ്ങളുപയോഗിച്ച് മുസ്‌ലിം ലോകത്തെ ഇളക്കി മറിച്ച് ലക്ഷ്യം നേടുകയാണ്. ശക്തമായ ആഗോള നേതൃത്വമോ, ഇത്തരം ഗൂഢാലോചനകളെക്കുറിച്ച് വകതിരിവോ, ഇസ്‌ലാമിക മൂല്യബോധമോ ഇല്ലാത്ത മുസ്‌ലിം ജനത എളുപ്പത്തിൽ ഇതിനു വിധേയപ്പെട്ടുപോകുന്നു. ജിഹാദ് വിളിച്ച് തെരുവിൽ ഹാലിളകാൻ മാത്രം അറിയാവുന്ന അവർ മുല്ലായിസത്തിനു പിന്നിൽ അണിനിരന്ന് കാർട്ടൂൺ പ്രക്ഷോഭണം തുടരുകയാണ്. മുസ്‌ലിം നാടുകളിലെ എംബസ്സികൾക്ക് തീവെച്ചും, ക്രൈസ്തവ ആരാധനാലയങ്ങൾ തകർത്തും തക്ബീർ വിളിച്ചും പാശ്ചാത്യർക്കെതിരെ കൊലവിളിനടത്തുമ്പോൾ ക്രൈസ്തവ-പാശ്ചാത്യ സാമ്രാജ്യത്വം അവരുടെ ബഹുമുഖമായ യുദ്ധതന്ത്രത്തിലെ നിർദ്ദിഷ്ട ലക്ഷ്യം നേടുകയാണ് ചെയ്യുന്നത്. ലോകമാധ്യമങ്ങൾ വൻ പ്രാധാന്യത്തോടെയാണ് ഈ കാർട്ടൂൺ കലാപങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. കലാപമനസ്ക്കരും അസഹിഷ്ണുക്കളുമായ മുസ്‌ലിംകൾ ലോകസമാധാനത്തിന് ഭീഷണിയാണെന്നും അത് കൊണ്ട് അവരെ അക്രമിച്ചു നശിപ്പിക്കേണമെന്നുമുള്ള സാമ്രാജ്യത്വ-സിയോണിസ്റ്റ് പ്രചരണ പ്രവർത്തനങ്ങൾക്ക് ഈ മുസ്‌ലിം പ്രക്ഷോഭണങ്ങൾ സാധൂകരണം നൽകുകയാണ് ചെയ്യുന്നത്. വാസ്തവത്തിൽ അവരാഗ്രഹിക്കുന്നത് പോലെ മുസ്‌ലിംകൾ പ്രതികരിച്ചുകൊടുക്കുന്നു.

പ്രവാചകനെ ഹീനമായി ചിത്രീകരിക്കുന്ന കാർട്ടൂൺ വിവാദം ആകസ്മികമായി സംഭവിച്ച ഒരു പത്രത്തിന്റെ കൈതെറ്റല്ല. യൂറോപ്പിലെ 22 രാജ്യങ്ങളിലെ പ്രമുഖ പത്രങ്ങൾ അത് പുന:പ്രസിദ്ധീകരിച്ചു. ക്രിസ്റ്റഫർ സീലർ എന്ന ഒരു കാർട്ടൂണിസ്റ്റ് യേശുവിനെ കാർട്ടൂൺ കഥാപാത്രമാക്കി ഇതേ *ജില്ലന്റ്സ് പോസ്റ്റൻ* പത്രത്തിന് അയച്ചുകൊടുത്തപ്പോൾ ജനവികാരം വ്രണപ്പെടും എന്ന് പറഞ്ഞ് പ്രസിദ്ധീകരിക്കാതെ ആ ചിത്രം തിരിച്ചയച്ചതായി ലണ്ടനിൽ നിന്നും പുറപ്പെടുന്ന *ഗാർഡിയൻ* പത്രം റിപ്പോർട്ട് ചെയ്യുന്നു. അപ്പോൾ അവരുടെ പക്ഷപാതിത്വവും ഗൂഢാലോചനയും വ്യക്തമാണ്. കുരിശ് യുദ്ധകാലം മുതൽ ഇസ്‌ലാമിനേയും അതിന്റെ വിശുദ്ധ പ്രവാചകനേയും നിന്ദിക്കാനും മുസ്‌ലിംകളുടെ വിഭവസമൃദ്ധമായ ഭൂമി കൈയ്യടക്കാനും ശ്വാനസദൃശമായ ജാഗ്രതയോടെ നോക്കി പാർത്തുകഴിയുന്ന പാശ്ചാത്യക്രൈസ്തവ ലോകം ദുർബലരായ മുസ്‌ലിം രാജ്യങ്ങൾക്ക് നേരെ ഇപ്പോൾ ഇരമ്പിക്കയറുകയാണ്. ഹദീസുകളിൽ വിവരിക്കപ്പെട്ട ദജ്ജാലീ ആക്രമണമാണിത്. നീതിതത്ത്വങ്ങളേയും യുദ്ധമര്യാദയേയും കാറ്റിൽ പറത്തി ബുഷും ബ്ലെയറും ദൈവഹിതം എന്ന് പറഞ്ഞ് ഇറാഖിലെ ലക്ഷക്കണക്കിന് മുസ്‌ലിം കളെ കൊന്നൊടുക്കി വിഭവങ്ങൾ കൊള്ളയടിക്കാൻ നടത്തിയ അധിനിവേശം തെറ്റാണെന്നു ലോകമന:സ്സാക്ഷിയുടെ മുറവിളി സാമ്രാജ്യത്വത്തിന്റെയും സയണിസത്തിന്റെയും പുതിയ അക്രമണങ്ങൾക്ക് മുമ്പിൽ തടസ്സം നിൽക്കുന്നു. ആസന്നമായ ഇറാൻ ആക്രമണത്തിന്നെതിരെ യൂറോപ്പ്യൻ മന:സ്സാക്ഷിയുടെ വിയോജിപ്പ് മാധ്യമങ്ങളുപയോഗിച്ച് അനുകൂലമായ ജനസമ്മതിയാക്കിയെടുക്കുന്ന മാധ്യമ തന്ത്രമാണ് ഈ കാർട്ടൂൺ വിവാദം.

കാർട്ടൂൺ ! എത്ര വൈദഗ്ദ്യത്തോടെയാണ് അവർ ആ പദവും ആ കലാമാധ്യമവും തിരഞ്ഞെടുത്തത്. നിരുപദ്രവമായ അക്ഷേപഹാസ്യം ഉദ്പാദിപ്പിക്കുന്ന നർമ്മരസ പ്രധാനമായ ഒരു കലയാണ് കാർട്ടൂൺ. പ്രമേയത്തിന് ശരവ്യനാവുന്ന വ്യക്തിക്ക് പോലും സഹൃദയത്വത്തോടെ ആസ്വദിക്കാൻ പറ്റുന്ന നമുക്കറിയുന്ന ഒരു

ദാഹരണമിതാ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ സുഹൃത്തായ കാർട്ടൂണിസ്റ്റ് ശങ്കർ കുറച്ചു കാലത്തേക്ക് നെഹ്റുവിനെ പറ്റി കാർട്ടൂൺ വരക്കാതായപ്പോൾ തന്നെ ഒഴിവാക്കിയോ എന്ന് പരിഭവപ്പെട്ടു കൊണ്ടു നെഹ്റു കത്തെഴുതിയ സംഭവം പ്രസിദ്ധമാണല്ലോ. അതാണ് ജനമനസ്സുകളിൽ കാർട്ടൂണിനെക്കുറിച്ചുള്ള സങ്കല്പം ' കാർട്ടൂൺ' എന്ന പദം മാധ്യമ ഭാഷയിൽ ഒരു 'ബ്രാന്റഡ് ടേം' ആണ്. അപ്പോൾ ഒരു കാർട്ടൂൺ വരച്ചതിന്റെ പേരിൽ എംബസ്സികൾ കത്തിക്കുന്നതും, ക്രൈസ്തവ സമൂഹത്തിനെതിരെ കൊലവിളി നടത്തുന്നതും, ചർച്ചകൾ അഗ്നിക്കിരയാകുന്നതും യൂറോപ്പ്യൻ ജനതയിൽ മുസ്ലിംകളോട് വിരോധവും വിദ്വേഷവും ജനിപ്പിക്കുന്നു. മാധ്യമങ്ങളിൽ മുസ്ലിം അക്രമണത്തിന്റെ പ്രളയം കണ്ട് പേടിച്ച യൂറോപ്പിലെ കുട്ടികൾക്ക് ഉറക്കം വരുന്നില്ലത്രേ! കാർട്ടൂൺ വിവാദത്തെ തുടർന്നുണ്ടായ സംഭവങ്ങളുടെ പേരിൽ മുസ്ലിംകൾക്ക് യൂറോപ്പിന്റെ അപ്രീതിക്ക് പാത്രമായി അപലപിക്കപ്പെടുകയുണ്ടായി. മുസ്ലികൾ പരിഷ്കൃത ലോകത്ത് ജീവിക്കാൻ അർഹതയില്ലാത്ത അക്രമകാരികളാണെന്ന പൊതുജനാഭിപ്രായത്തിൽ യൂറോപ്പ് എത്തിചേരുമ്പോൾ സാമ്രാജ്യത്വ സിയോണിസ്റ്റ് അജണ്ടയുടെ ഒന്നാം ഘട്ടം വിജയിക്കുന്നു.

വാസ്തവത്തിൽ ഡാനിഷ് പത്രം പ്രസിദ്ധീകരിച്ചത് കാർട്ടൂൺ എന്ന നിരുപദ്രവമായ സോദ്ദേശ കലയുടെ ആവിഷ്ക്കാരമായിരുന്നോ? ഒരിക്കലുമല്ല! ഇത:പര്യന്തം ക്രൈസ്തവ ലോകം ഇസ്ലാമിനോടും റസൂൽതിരുമേനി (സ) യോടും അനുവർത്തിച്ച ദുഷിച്ചു നാറിയ പകയുടേയും വിദ്വേഷത്തിന്റേയും കുടിലമായ ചിത്രീകരണങ്ങളായിരുന്നു ആ കാർട്ടൂൺ വൈകൃതങ്ങൾ. കുടിവെള്ളത്തിൽ വിഷം കലക്കുന്നത് പോലെയും, രോഗാണുക്കൾ വിതറുന്ന ജൈവയുദ്ധംപോലെയുമുള്ള കിരാത കൃത്യമാണിത്. കലാപ്രവർത്തനമോ ആവിഷ്കാര സ്വാതന്ത്ര്യമോ അല്ല. മുസ്ലിം കളിലെ കലാപ ഭ്രാന്തും ജിഹാദീ ആവേശത്തേയും പ്രകോപിപ്പിക്കുകയായിരുന്നു അതിന്റെ ലക്ഷ്യം. മുസ്ലിംപക്ഷത്ത് നിന്നും ഉണ്ടാവുന്ന ഇത്തരം ഉറഞ്ഞു തുള്ളലും അല്ലാഹു അക്ബർ മുഴക്കിക്കൊണ്ടുള്ള ജിഹാദ് വിളികളും അക്രമണങ്ങളും നിഷ്ഫലം എന്നതിൽ കവിഞ്ഞ് ഇസ്ലാമിക സംസ്കാരത്തിന് വിരുദ്ധമായ മൃഗീയാവേശം മാത്രമാണ്. ഈ ദുരാവേശമാണ് മുസ്ലിംലോകത്തെ തകർക്കാൻ തക്കം പാർത്ത് കഴിയുന്നവരുടെ ഏറ്റവും വലിയ അനുകൂലഘടകമായി മാറുന്നത്. യാതൊരു ധൈഷണികാടിത്തറയോ, സംവാദശേഷിയോ ഇല്ലാത്ത അപരിഷ്കൃതരായ ആൾക്കൂട്ടത്തിന്റെ ഹാലിളക്കം മാത്രമാണ് ഇസ്ലാം എന്ന് പ്രചരിപ്പിച്ച് ഇസ്ലാമിനെ ഭീകര മതമാക്കി ചിത്രീകരിക്കാൻ ഇത് മൂലം എളുപ്പത്തിൽ സാധിക്കുന്നു. ഇത്തരത്തിൽ സാമ്രാജ്യത്വ ക്രൈസ്തവ താല്പര്യങ്ങളുടെ ഒളിഅജണ്ടകൾക്ക് വശംവദരായി ഈ ജിഹാദീ ദുരാവേശക്കാർ കുറേക്കാലമായി ഇസ്ലാമിന്റെ സമസ്ത സൗന്ദര്യങ്ങളേയും ധൈഷണിക പ്രബുദ്ധതയേയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. സമാധാനത്തെ സംബന്ധിച്ചും മനുഷ്യസ്വാതന്ത്ര്യത്തെ കുറിച്ചും, ബഹുസ്വരതയെ പറ്റിയും ഇസ്ലാം വരച്ചു കാട്ടിയ അത്യുദാത്തമായ അദ്ധ്യാപനങ്ങളും സങ്കല്പനങ്ങളും ലോകം അറിയാതെ പോവുകയും ചെയ്യുന്നു.

## അന്യമത ഗുരുക്കന്മാരോടും മതങ്ങളോടുമുള്ള ഇസ്ലാമിക സമീപനം

ക്രിസ്തുവിന്റെ ദൈവപുത്രത്വത്തിലും കുരിശുമരണത്തിലും വിശ്വസിക്കാത്ത സർവ്വ ജനങ്ങളും അവർ എത്ര വലിയ മതാചാര്യന്മാരോ പുണ്യാത്മാക്കളോ ആയാലും ശരി പാപിയാണെന്നാണ് ക്രിസ്തുമതം കരുതുന്നത്. ഇസ്ലാം മതത്തിന്നെതിരേയും അതിന്റെ വിശുദ്ധ പ്രവാചകർക്കെതിരെയും നിരന്തരം നിന്ദ നടത്താൻ പാശ്ചാത്യ ക്രൈസ്തവ ലോകത്തെ പ്രേരിപ്പിക്കുന്ന മതവികാരവും ഇതാണ്. എന്നാൽ അന്യമതങ്ങളേയും മത പ്രവാചകന്മാരേയും സംബന്ധിച്ച് ഇസ്ലാം വെച്ചു പുലർത്തുന്ന സദ്ഭാവന എത്ര ഉദാരവും വിശാലവുമാണെന്ന് അവരറിയേണ്ടതുണ്ട്. ഇസ്ലാം മതത്തിന്റെ മൂല പ്രമാണമായ വിശുദ്ധ ഖുർആൻ പറയുന്നു:

*'ഓരോ സമുദായത്തിനും ഓരോ മാർഗദർശകൻ വന്നു കഴിഞ്ഞിട്ടുണ്ട് (13:8) അല്ലാഹുവിന്റെ ദൈവദൂതന്മാർക്കിടയിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കല്പിക്കുന്നില്ല'. (2:280)*

എല്ലാ സമൂഹങ്ങളും ദൈവത്തിൽ നിന്നുള്ള മാർഗ്ഗദർശകന്മാർ വന്നു കഴിഞ്ഞിട്ടുണ്ടെന്നും എല്ലാ മതങ്ങളും ദൈവപ്രോക്തമാണെന്നുമാണ് ഇസ്ലാമിക സങ്കല്പം. യാതൊരു വ്യത്യാസവും കല്പിക്കാതെ മത പുരുഷന്മാരെയെല്ലാം ഒരുപോലെ ആദരിക്കണമെന്നാണ് ഖുർആന്റെ പാഠം. അതുകൊണ്ട് ഒരു മുസ്ലിമിന്ന് അന്യമത നിന്ദകനാകാനോ അന്യമത വിരോധിയാകാനോ സാധ്യമല്ല.

ഒരു മതം അന്യമതത്തിലെ വിശ്വാസികളെ പറ്റി പ്രകീർത്തിക്കുന്നതും അവർക്ക് ആത്മീയ സാന്ത്വന മരുളുന്നതും അസംഭവ്യമായി തോന്നാം. എന്നാൽ വിശുദ്ധ ഖുർആൻ ക്രിസ്ത്യാനികളേയും ജൂതമതസ്ഥരെയും മറ്റു മതസ്ഥരേ സംബന്ധിച്ചും പറഞ്ഞ ഹൃദയാവർജ്ജകമായ നല്ല വാക്കുകൾ ഒരു പ്ലൂരലിസ്റ്റ് സമൂഹത്തിന്റെ മതമാർഗ്ഗരേഖകൂടിയാണ്.

*'വിശ്വസിച്ചവരും (മുസ്ലിംകളും) യഹൂദികളായവരും സാബികളും (സെമിറ്റിക്കല്ലാത്ത മതസ്ഥർ), ക്രിസ്ത്യാനികളും ആർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽപ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നുവോ തീർച്ചയായും അവർക്ക് യാതൊരു ഭയവും ഉണ്ടാവുകയില്ല അവർ വ്യസനിക്കുന്നവരു*

*മല്ല' (5:70).* മറ്റൊരു വചനം ഇങ്ങിനെയാണ്. *'അവർ എല്ലാവരും ഒരു പോലെയല്ല. ഉറച്ചുനില്ക്കുന്ന ഒരു വിഭാഗം ഗ്രന്ഥാനുസാരികളിൽ (അന്യമതസ്ഥരിൽ) ഉണ്ട്. അവർ രാത്രി സമയങ്ങളിൽ അല്ലാഹുവിന്റ വചനങ്ങൾ ഓതുകയും സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നു. അവർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽക്കാര്യങ്ങൾ ഉപദേശിക്കുകയും നിഷിദ്ധ കാര്യങ്ങൾ വിലക്കുകയും സൽക്കാര്യങ്ങളിൽ അഹമഹമികയാ മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവർ സദ്വൃത്തരിൽ പെട്ടവരുമാകുന്നു.' (3:115)*

## ക്രിസ്തുവിനെ പറ്റി ഖുർആൻ

റസൂൽ തിരുമേനി(സ) യെ നിന്ദിക്കുന്ന ക്രിസ്തീയ ലോകം ഒരു കാര്യം ഓർക്കണം. പ്രത്യ ക്ഷ തെളിവുകളുടെ അടിസ്ഥാനത്തിൽ പിതൃരഹിതനായി ജനിച്ച യേശുവിനെ നികൃഷ്ടനും ജാരനുമായി ചിത്രീകരിക്കാൻ മറ്റൊരു തെളിവിന്റേയും ആവശ്യമില്ല. യഹൂദമതസ്ഥർ യേശുവിനേയും യേശുവിന്റെ മാതാവിനെ സംബന്ധിച്ചും ഇന്നും ഇത്തരത്തിലുള്ള വിശ്വാസം വെച്ചു പുലർത്തുന്നവരാണെന്നും നാമോർക്കണം. യേശുവിനെ നിഷേധിച്ച യഹൂദികൾ അദ്ദേഹത്തെ ശപ്തനാക്കി കുരിശിൽ കയറ്റി കൊല്ലാനും ധൃഷ്ടരായി. അതുപോലെ ദാവീദ് രാജാവുമായി വംശബന്ധം സ്ഥാപിക്കാൻ ശ്രമിക്കുന്ന ബൈബിളിലെ യേശുവിന്റെ വംശാവലി പട്ടികയിലൊരിടത്ത് ദാവീദിനെപ്പറ്റി *'ഊറിയായുടെ ഭാര്യയായിരുന്നവളിൽ പിറന്ന സോളമന്റെ പിതാവ്' (മത്താ:1:6)* എന്നു കാണാം. അതായത് ദാവീദ് രാജാവിന്റെ പടനായകനായ ഉറിയായുടെ സുന്ദരിയായ ഭാര്യ ബത്ശേബയെ ജാരമാർഗ്ഗത്തിലൂടെ പ്രാപിച്ച ദാവീദ് രാജാവിനുണ്ടായ പുത്രനാണ് സോളമൻ (ബൈബിൾ ശമുവേൽ 11) ഇങ്ങിനെ ജനിച്ച സോളമൻ ചക്രവർത്തിയാണ് യേശുവിന്റെ പിതൃ പരമ്പരയിലെ ഒരു കണ്ണിയെന്ന് യാതൊരു വളച്ചു കെട്ടുമില്ലാതെ ബൈബിൾ തന്നെ പറയുന്നു. യേശുവിനെ അപകീർത്തിപ്പെടുത്താനും നിന്ദിക്കാനും ഇതെല്ലാം തന്നെ ധാരാളം! എന്നാൽ യേശുവിനെയും അദ്ദേഹത്തിന്റെ വന്ദ്യമാതാവ് മറിയമിനുമെതിരെ ഉയർന്ന എല്ലാ ദുരാരോപണങ്ങൾക്ക് മറുപടി പറയുകയും യേശുവിനെ അത്യൽകൃഷ്ടമായ നിരവധി വാക്കുകളിൽ പ്രകീർത്തിക്കുകയുമാണ് ഖുർആൻ ചെയ്തത്. ഒരു ഖുർആൻ വചനം നോക്കൂ.

*മലക്കുകൾ പറഞ്ഞ സന്ദർഭം ' ഓ മർയം, അല്ലാഹു നിന്നെ വരിഷ്ഠയും പവിത്രയുമാക്കുകയും മുഴുലോകത്തുള്ള വനിതകളിൽ വെച്ച് നിന്നെ ഉത്കൃഷ്ടയായി തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു. (3:43)*

*'നിശ്ചയമായും മർയമിന്റെ പുത്രൻ ഈസാമസീഹ് (യേശു) അല്ലാഹുവിന്റെ ദൂതനും മർയമിന് അവൻ ഇറക്കിക്കൊടുത്ത വചനവും അവന്റെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും മാത്രമാണ് (4:172) 'പരിശുദ്ധാത്മാവിനെ കൊണ്ട് അദ്ദേഹത്തെ (യേശുവിനെ) ബലപ്പെടുത്തുകയും ചെയ്തു' (2:254)*

യഹൂദികളുടെ ദുരാരോപണങ്ങൾക്ക് വിധേയനായ യേശുവിന്റെ സത്യം ലോകത്ത് ഉയർത്തിപ്പിടിക്കുകയും അദ്ദേഹത്തിന്റെ നാമം കേട്ടാൽ *'ദൈവത്തിന്റെ ശാന്തി അദ്ദേഹത്തിന്റെ മേൽ ഉണ്ടാവട്ടെ'* എന്ന് പ്രാർത്ഥിക്കണമെന്ന് തന്റെ അനുയായികളായ മുസ്‌ലിം സമൂഹത്തോട് ഒസിയത്ത് ചെയ്യുകയും ചെയ്ത പ്രവാചക തിരുമേനി (സ) യെ പറ്റി ക്രിസ് ത്യാനികൾ പ്രചരിപ്പിക്കുന്നതോ ഹീനമായ നിന്ദയും!!

യേശു പറഞ്ഞ ഒരു വചനം ക്രിസ്ത്യാനികൾ ഓർക്കേണ്ടതുണ്ട്. *'നിങ്ങൾ നൽകുന്ന വിധികൊണ്ട് തന്നെ നിങ്ങളേയും വിധിക്കും നിങ്ങൾ അളന്നു കൊടുക്കുന്ന അതേ അളവിൽ തന്നെ നിങ്ങൾക്കും അളന്നു കിട്ടും (മത്താ:7:2)* യേശുവിനെ ഇത്രയധികം വാഴ്ത്തി പറഞ്ഞിട്ടും പ്രവാചകനെ പറ്റി നല്ലത് പറഞ്ഞില്ലെങ്കിലും ക്രിസ്തീയ ലോകം ഇങ്ങിനെ നിരന്തരം അവഹേളിക്കുന്നത് നീതിയാണോ?

## മതനിന്ദയോടുള്ള ഇസ്‌ലാമിക സമീപനം

ആത്മാവിൽ ഹീനത്വവും മനോവൈകൃതവുമുള്ള മതനിന്ദകരുടെ കീറക്കുടകൾക്കൊന്നും ഉച്ചസൂര്യനെ പോലെ പ്രകാശിക്കുന്ന പ്രവാചകന്റെ ദിവ്യവ്യക്തിത്വത്തെ മറച്ചു പിടിക്കാനോ കളങ്കപ്പെടുത്താനോ സാധ്യമല്ലാത്തതിനാൽ ഇസ്‌ലാം മതനിന്ദയെ അവഗണിക്കുന്നു. മനുഷ്യന്റെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തെ അങ്ങേയറ്റം ആദരിക്കുന്ന ഇസ്‌ലാം, ദൈവത്തെയോ മതത്തേയോ, മതപുരുഷന്മാരേയോ നിന്ദിച്ചാൽ യാതൊരു ശിക്ഷയും ശുപാർശ ചെയ്യുന്നില്ല. ഹാലിളകി ജിഹാദ് നടത്താനോ കൊലവിളി ഉയർത്താനോ കൊള്ളിവെപ്പിനോ ഇസ്‌ലാം ആഹ്വാനം ചെയ്യുന്നില്ല. സഹനവും ക്ഷമയും കൊണ്ട് ലോകം കീഴടക്കിയ പ്രവാചകന്റെ അദ്ധ്യാപനങ്ങൾക്ക് കടക വിരുദ്ധമായ നിഷേധാത്മക മൂല്യങ്ങൾ ആവേശിച്ച മുസ്‌ലിം സമൂഹത്തിന്റെ പ്രതികരണങ്ങൾ ഇസ്‌ലാമികമല്ല. ഒരിക്കലും മതനിന്ദ നടത്തുവാൻ പാടില്ല എന്ന് സ്വന്തം അനുയായികളോട് കർശനമായി കല്പിക്കുക മാത്രമാണ് ഖുർആൻ ചെയ്യുന്നത്. *'അല്ലാഹുവിന് പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവൊ അവരെ നിങ്ങൾ ശകാരിക്കരുത്. (6:109)*

മറുപക്ഷത്ത് നിന്ന് മതനിന്ദയുണ്ടായാൽ അങ്ങേയറ്റം ജനാധിപത്യപരവും മനുഷ്യന്റെ അന്തസ്സിനു ചേർന്നതുമായ ഒരു പ്രതികരണം നടത്താനാണ് ഖുർആൻ വ്യക്തമായും വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നത്.

*'അല്ലാഹുവിന്റെ വചനങ്ങളെ സംബന്ധിച്ച് നിഷേധം പ്രകടിപ്പിക്കുന്നതായും അത് പരിഹസിക്കപ്പെടുന്നതായും നിങ്ങൾ കേൾക്കുന്നതായാൽ അവർ അതല്ലാത്ത മറ്റൊരു വിഷയത്തിൽ ഏർപ്പെടുന്നത്വരെ നിങ്ങൾ*

*അവരോടൊപ്പം ഇരിക്കരുത് എന്ന് അല്ലാഹു ഈ ഗ്രന്ഥത്തിൽ വിധിയിറക്കിയിരിക്കുന്നു'. (4:41)*

നിഷേധവും നിന്ദയും പരിഹാസവും ഉണ്ടായാൽ മാന്യമായി ആ സഭവിട്ടു പോകാനാണ് ഖുർആന്റെ ഉപദേശം. അതും ശാശ്വതമായി ബന്ധം വിഛേദിക്കലല്ല, അവർ വിഷയം മാറ്റിയാൽ തിരിച്ചു വന്ന് സഭയിൽ ചേരണമെന്നും ഈ ഖുർആൻ വചനം നിർദ്ദേശിക്കുന്നു. ബഹുസ്വരസമൂഹത്തിന് ചേർന്ന ചേദോഹരമായ അദ്ധ്യാപനം. എത്ര സംസ്കാര സമ്പന്നമായ പ്രതികരണം!

യേശുവിന്റെ മാതാവ് മറിയമിനെ പറ്റി യഹൂദികൾ നടത്തിയ ആരോപണത്തെ 'ഗുരുതരമായ അപവാദം' (ബുഹ്താനൻ അളീമാ) എന്നാണ് ഖുർആൻ വിശേഷിപ്പിച്ചത്. എങ്കിലും അവിടെയൊന്നും യാതൊരു ശിക്ഷയെപറ്റിയും ഖുർആൻ പറയുന്നില്ല. ദിവ്യാത്മാക്കളുടെ ബഹുമതി നിയമം കൊണ്ട് സംരക്ഷിക്കപ്പെടേണ്ട ഒന്നല്ല. നിറഞ്ഞു കത്തുന്ന ആ വ്യക്തിത്വങ്ങളെ സത്യാന്വേഷികൾ തിരിച്ചറിയുക തന്നെ ചെയ്യും എന്നതാണ് ഖുർആന്റെ നിലപാട്.

മതം എന്നാൽ കേവല വിശ്വാസമോ തീപ്പിടിക്കുന്ന വികാരമോ മാത്രമായി ഇസ്‌ലാം കാണുന്നില്ല. സംവാദങ്ങളും, വിമർശനങ്ങളും വിയോജിപ്പുകളും പ്രകടിപ്പിക്കാവുന്ന ധിഷണാസംഘർഷങ്ങളുടെയും വാദപ്രതിപാദങ്ങളുടെയും ഉഷ്ണ മേഖലയാണ് മതാന്തര സംവാദങ്ങളുടെ ലോകം. അവിടെയൊന്നിനും നിയമം കൊണ്ട് അതിരു നിശ്ചയിക്കാനാവില്ല. സംസ്കാര സമ്പന്നർക്ക് അതിരുകളെക്കുറിച്ച് ബോധമുണ്ട്. മതനിന്ദയാണ് മതസംവാദം എന്ന് കരുതുന്ന അധമന്മാരെ അവഗണിക്കേണമെന്നാണ് ഇസ്‌ലാമിന്റെ നിർദ്ദേശം. വികാരസാന്ദ്രമാണ് മതം. അതുകൊണ്ട് മതസംവാദത്തിൽ ഏർപ്പെടുന്ന സ്വന്തം അനുയായികളോടുള്ള അതിന്റെ ഉപദേശമിതാണ്.

*'തത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ ക്ഷണിക്കുക ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക' (16:128).* വിമർശകരായ പ്രതിയോഗികളോട് ഇസ്‌ലാമിന്റെ ആഹ്വാനം ഇതൊന്ന് മാത്രമാണ്.'

*പറയുക നിങ്ങൾ സത്യവാദികളാണെങ്കിൽ നിങ്ങളുടെ തെളിവ് നിങ്ങൾ ഹാജരാക്കുക (2:112)*

### അഹ്മദികളുടെ പ്രതികരണം

കഴിഞ്ഞ വർഷം സപ്തംബറിലാണ് റസൂൽ തിരുമേനി (സ) യുടെ വിവാദ കാർട്ടൂൺ ഡെന്മാർക്കിലെ ജില്ലന്റ് പോസ്റ്റൻ പ്രസിദ്ധീകരിച്ചത് അതിനെതിരിൽ അഹ്മദികളുടെ ഇസ്‌ലാമിക മൂല്യങ്ങളിലധിഷ്ഠിതമായ പ്രതികരണം മാതൃകാപരവും ദൂരവ്യാപകമായ സദ്ഫലങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. കാർട്ടൂൺ പ്രസിദ്ധീകരിച്ച സമയത്ത് തന്നെ ഡന്മാർക്കിലെ അഹ്ദിയ്യാ മുബല്ലിഗ് ജില്ലന്റ് പോസ്റ്റന്റെ പത്രാധിപരെ പോയി കാണുകയും റസൂൽ തിരുമേനി (സ) യുടെ ജീവിതസന്ദേശവും ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളും അദ്ദേഹത്തെ ധരിപ്പിക്കുകയും ചെയ്തു. യൂറോപ്യൻ സമ്പ്രദായമനുസരിച്ച് അദ്ദേഹം ദു:ഖം രേഖപ്പെടുത്തുകയും മുബല്ലിഗിനോട് മാപ്പ് പറയാൻ നിർബന്ധിതനാവുകയും ചെയ്തു. പിന്നീട് റസൂൽ തിരുമേനി (സ) യെ ക്കുറിച്ച് മുബല്ലിഗ് സാഹിബിന്റെ ദീർഘമായ ഒരു ലേഖനം പ്രസ്തുത പത്രം പ്രസിദ്ധീകരിക്കുകയും അത് ദൂരവ്യാപകമായ പ്രതികരണങ്ങളുണ്ടാക്കുകയും ചെയ്തു. തുടർന്ന് ഡന്മാർ ക്കിലെ ജേർണലിസ്റ്റ് യൂണിയൻ ഇദ്ദേഹത്തെ പ്രഭാഷണത്തിന് ക്ഷണിക്കുകയും കാർട്ടൂൺ വിവാദത്തെക്കുറിച്ച് യൂണിയന്റെ പ്രസിഡണ്ടുമായുള്ള ഇന്റർവ്യൂ ടി.വി. യിൽ സംപ്രേക്ഷണം ചെയ്യുകയുമുണ്ടായി. പിന്നീടാണ് പ്രശ്നം മുല്ലമാർ ഏറ്റെടുത്ത് തെരുവിലെത്തിച്ചത്. എത്രകരുതിക്കൂട്ടിയുള്ള അവഹേളനങ്ങൾക്കിടയിലും സൗഹൃദപരമായ ഇത്തരം സാധ്യതകളെയാണ് നാം പ്രയോജനപ്പെടുത്തേണ്ടത്. ഇസ്‌ലാമിനെപറ്റി ഇന്നും യൂറോപ്പ് അജ്ഞതയിലാണെന്ന കാര്യം നാം വിസ്മരിക്കരുത്. ജിഹാദികൾ നൽകുന്ന പരിവേഷം ഇസ് ലാമിനെ കൂടുതൽ ഭീകരമാക്കുകയും ചെയ്യുന്നു.

റസൂൽ തിരുമേനി (സ) യുടെ വിജയ രഹസ്യം അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: *'അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ടു തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷ സ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റു നിന്നും ചിതറിപ്പിരിഞ്ഞു പോയ്ക്കളയുമായിരുന്നു. അതിനാൽ അവർക്ക് നീ മാപ്പ് നൽകുകയും അവർക്കായി പാപമോചനത്തിന് വേണ്ടി നീ പ്രാർത്ഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ നീ അല്ലാഹുവിങ്കൽ ഭരമേൽപ്പിക്കുക തീർച്ചയായും അല്ലാഹു ഭരമേൽപ്പിക്കുന്നവരെ ഇഷ്ടപ്പെടുന്നു (3:160).*

ഊരിപിടിച്ച വാളുമായി ഇസ്‌ലാമിനെ നശിപ്പിക്കാൻ വേണ്ടി ചീറിയടുത്ത പരാക്രമികളുടെ ഹൃദയം കവർന്ന് ഭക്തദാസന്മാരാക്കി മാറ്റിയ അത്ഭുത മതമാണ് ഇസ്‌ലാം. ചരിത്രത്തിലുടനീളം ഈ വിസ്മയം ആവർത്തിച്ചിട്ടുണ്ട്. ഇസ്‌ലാമിന്റെ പുണ്യ പ്രവാചകനെ നിന്ദിച്ച് നിഷ്പ്രഭനാക്കാൻ നോക്കുന്ന യൂറോപ്പിനു മുകളിൽ ഇസ്‌ലാമിന്റെ സൂര്യൻ ഉദിച്ചുയരുന്ന നാൾ സമീപസ്ഥമാണ്. ഈ കാർട്ടൂൺ വിവാദം റസൂൽ തിരുമേനി (സ) യെ ക്കുറിച്ചറിയാൻ യൂറോപിലെ സാധാരണക്കാരിൽ പുതിയ ഔത്സുക്യം ഉണർത്തിയിരിക്കുന്നു. ജിഹാദ് ഭേരി മുഴക്കിയും മസിൽ പ്രദർശനം നടത്തിയും ദയവ് ചെയ്ത് ആ ഔത്സുക്യത്തെ കെടുത്തിക്കളയരുത്.

റസൂൽതിരുമേനിയുടെ മഹത്വം

*(ശേഷം 42-ാം പേജിൽ)*



## അനുസ്മരണം

# പി.എ. അബ്ദുറഹിമാൻ തങ്ങൾ

**ചാ**വക്കാട് ജമാഅത്തിന്റെ സ്ഥാപകാംഗവും പ്രസിഡണ്ടും, സംസ്ഥാന ആക്ടിങ്ങ് അമീറുമായിരുന്ന ജനാബ് പി.എ. അബ്ദുറഹിമാൻ തങ്ങൾ (76) 2006 ജനുവരി 24-ാംനു ചാവക്കാട്ട് അന്തരിച്ചു. (ഇന്നാലില്ലാഹി.....)

ചാവക്കാട്ട് സ്വദേശിയായ ഇബ്രാഹിം മുസ്ല്യാരുടെ മകനായി ജനിച്ച അബ്ദുറഹിമാൻ തങ്ങൾ ഒരു മുസ്ല്യാർ കുടുംബത്തിലെ അംഗമായിട്ടാണ് നാട്ടിൽ അറിയപ്പെടുന്നത്. മദ്രസാ പഠനത്തോടൊപ്പം അഞ്ചാം ക്ലാസുവരെ അബ്ദുറഹിമാൻ തങ്ങൾ പഠിച്ചു. വായനാശീലവും ചിന്താശീലവും സ്വതസിദ്ധമായി ലഭിച്ച അദ്ദേഹം ഖുർആനും കിത്താബും ഓതിക്കൊണ്ടിരുന്ന കാലത്ത് 'മിൻഹാജ് അഖീദ' എന്ന ഗ്രന്ഥത്തിൽ അല്ലാഹുവിന്റെ സംസാരത്തിന് ശബ്ദമില്ല എന്നു കണ്ടു! എന്നാൽ, മൂസാനബി (അ) യുമായി അല്ലാഹു സംസാരിച്ചതിനെ കുറിച്ചും അദ്ദേഹം ചിന്തിച്ചു! ഇതെങ്ങനെ? ഈ സംശയ നിവാരണത്തിനു വേണ്ടി തന്റെ ഗുരുനാഥൻ ഉൾപ്പെടെ പല പണ്ഡിതന്മാരുമായി അദ്ദേഹം സംസാരിച്ചുവെങ്കിലും ആരിൽ നിന്നും തൃപ്തികരമായ ഒരു മറുപടി ലഭിച്ചില്ല! ഈ സന്ദർഭത്തിലാണ് ജോലി ആവശ്യാർത്ഥം 1958 ൽ തിരുനൽവേലിയിൽ താമസിച്ചു വന്ന അബ്ദുറഹിമാൻ തങ്ങൾ അവിടെ ത്തെ ഒരു കവലയിൽ പ്രസംഗിച്ചുകൊണ്ടിരുന്ന മർഹൂം മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബിനെ കാണാനിടയായത്. ഒരു രാത്രി മുഴുവൻ അവർ സംസാരത്തിൽ മുഴുകി. തന്റെ സംശയം അബ്ദുല്ലാഹ് സാഹിബിന്റെ മുമ്പിൽ അവതരിപ്പിച്ചപ്പോൾ ഒറ്റ വാക്കിൽ തന്നെ അതിന് മറുപടി ലഭിച്ചു. 'അല്ലാഹു ആരോട് സംസാരിക്കുന്നുവോ അവർക്ക് മാത്രമേ അത് കേൾക്കാനും മനസ്സിലാക്കാനും കഴിയുകയുള്ളൂ!' പിന്നീടുള്ള അവരുടെ സമ്പർക്കത്തിലൂടെയാണ് 1960 ൽ അബ്ദുറഹിമാൻ തങ്ങൾ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചത്.


അഹ്മദി ആണെന്ന് പുറത്തറിയാൻ തുടങ്ങിയതോടെ തിരുനൽവേലിയിലെ ജോലി സ്ഥാപനത്തിൽ നിന്ന് ചിലരുടെ സമ്മർദ്ദഫലമായി അദ്ദേഹത്തിന് ബഹിഷ്ക്കരണമുണ്ടായി! ചാവക്കാട്ട് തിരിച്ചെത്തിയ അദ്ദേഹം കൺസ്ട്രക്ഷൻ വർക്കിൽ ഏർപ്പെട്ടു. തിരുനൽവേലിയിൽ നിന്നും ഹോമിയോ ബിരുദം സമ്പാദിച്ചതിനാൽ ഹോമിയോ ചികിത്സയും അദ്ദേഹം നടത്തിയിരുന്നു.. ഈ സന്ദർഭത്തിലാണ് അദ്ദേഹത്തിന്റെ അളിയനായ എനിക്ക് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കാൻ ഭാഗ്യമുണ്ടായത്. പിന്നീട് തങ്ങളുടെ മൂത്ത ജ്യേഷ്ഠൻ രഹസ്യമായി ബൈഅത്ത് ചെയ്തെങ്കിലും അധികം വൈകാതെ അന്തരിച്ചു! മഹല്ലുകാർ ജനാസ നമസ്കരിച്ചതിന് ശേഷം തങ്ങളും ഞാനും അദ്ദേഹത്തിന്റെ മക്കളും, കോഴിക്കോട്ടെ കെ.പി. അഹ്മദും ചേലക്കരയിലെ കുഞ്ഞിമൊയ്തീൻ സാഹിബും പ്രത്യേകമായിട്ട് ജനാസ നമസ്കരിച്ചു! ഈ സംഭവത്തിന് ശേഷമാണ് ചാവക്കാട്ട് എതിർപ്പുകൾ രൂക്ഷമായത്. പല ബഹിഷ്ക്കരണ പദ്ധതികൾ തദ്ദേശവാസികൾ ആസൂത്രണം ചെയ്തെങ്കിലും അല്ലാഹുവിന്റെ സഹായത്താൽ അതൊക്കെ പരാജയപ്പെടുകയായിരുന്നു. ഒടുവിൽ അബ്ദുറഹിമാൻ തങ്ങളുടെ ജീവിതാഭിലാഷമായിരുന്ന ഒരു പള്ളിയും ചാവക്കാട്ട് ഉയർന്നുവന്നു! മർഹൂം മൗലാനാ മുഹമ്മദ് അലവി സാഹിബ് എച്ച്.എയുടെ അടുത്ത സുഹൃത്തായിരുന്ന അബ്ദുറഹിമാൻ തങ്ങൾ താൻ മരിച്ചാൽ അലവി മൗലവി സാഹിബിന്റെ ഖബറിന് സമീപം അലനെല്ലൂരിൽ മറവ് ചെയ്യണമെന്ന് നേരത്തേ വസിയ്യത്ത് ചെയ്തിരുന്നു!

പരേതന്റെ ഭാര്യ ഫാത്തിമാ സാഹിബ. മക്കൾ മുഹമ്മദ് ശരീഫ്, അശ്റഫ്, കമാൽ, സക്കീർ, നാസർ, വഹീദ, സക്കീന എന്നിവരും ബീനാ ശരീഫ്, ആരിഫാ അശ്റഫ്, രഹ്ന കമാൽ, ജുവൈരിയാ സക്കീർ, നിസാർ അഹ്മദ്, ശഫീഖ് അഹ്മദ് എന്നിവർ ജാമാതാക്കളുമാണ്. ഭക്തനും അനേകം സൽഗുണങ്ങളുടെ ഉടമയുമായ പരേതന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

**കെ.ടി.ഹംസ മാസ്റ്റർ**
പ്രസിഡണ്ട്
ജമാഅത്ത് അഹ്മദിയ്യാ, ചാവക്കാട്.

വാർത്തകൾ

# ലണ്ടൻ ജമാഅത്ത് മുൻ അമീർ ഡോ: ഇഫ്തിഖാർ അഹ്മദ് അയാസ് കേരളം സന്ദർശിച്ചു




*ഡോ. ഇഫ്തിഖാർ അഹ്മദ് അയാസ് കോഴിക്കോടു വെച്ചു നടത്തിയ പത്ര സമ്മേളനം, എ. എം. മുഹമ്മദ് സലിം, മൗലാനാ മുഹമ്മദ് ഉമർ, ചൗധരി റഷീദ് അഹ്മദ് സാഹിബ് (ലണ്ടൻ) കോഴിക്കോട് അമീർ എ. പി. കുഞ്ഞാമു സാഹിബ് എന്നിവർ സമീപം.*

ലണ്ടൻ അഹ്മദിയ്യാ ജമാഅത്ത് മുൻ അമീറും അന്തർ ദേശീയ രംഗത്ത് പ്രശസ്തനുമായ ഡോ: ഇഫ്തിഖാർ അഹ്മദ് അയാസ് സാഹിബ് കേരളം സന്ദർശിക്കുകയുണ്ടായി. ഇന്റർനാഷനൽ കമ്മീഷൻ ഓഫ് പീസിന്റെ ഉപദേശകനും, ഓഫീസർ ഓഫ് ദ എക്സലന്റ് ഓർഡർ ഓഫ് ദ ബ്രിട്ടീഷ് എംബയർ, അവാർഡിന് പുറമെ ഹിന്ദ് രത്ന ഗോൾഡ് മെഡൽ, നവ് രത്ന ഗോൾഡ് മെഡൽ, ഗ്ലോറി ഓഫ് ഇന്ത്യാ അവാർഡ്, ഇന്റർനാഷനൽ പീസ് പ്രൈസ്, ആൽഫ്രഡ് ഐൻസ്റ്റീൻ നോബൽ മെഡൽ, ഗ്രേയ്റ്റ് മൈന്റ് ഓഫ് ദ റ്റ്വന്റിഫസ്റ്റ് സെൻഞ്ചുറി, ജീനിയസ് ലോറേയ്റ്റ് ഓഫ് ഇംഗ്ലണ്ട് എന്നീ പുരസ്കാരങ്ങളുടെ ജേതാവുമാണ് അദ്ദേഹം.

താൻസാനിയൻ ഭരണകൂടത്തിന്റെ കോമൺവെൽത്ത് ഫീൽഡ് എക്സ്പേർട്ട് ആയ അദ്ദേഹം ഐക്യ രാഷ്ട്രസഭയുടെ കൺസൾട്ടന്റുമാണ്. പത്നീസമേതമുള്ള ഒരു സ്വകാര്യ സന്ദർശനമായിരുന്നു അദ്ദേഹത്തിന്റേത്. കേരളത്തിലെ വിവിധ ജമാഅത്തുകൾ അദ്ദേഹത്തിന് സ്വീകരണം നൽകി. അഹ്മദിയ്യത്തിന്റെ ഭാവിയെ സംബന്ധിച്ചും ജമാഅത്തംഗങ്ങളുടെ കർത്തവ്യത്തെ കുറിച്ചുമാണ് അദ്ദേഹം ജമാഅത്തുകളിൽ നടത്തിയ സ്വീകരണ യോഗത്തിൽ ഊന്നി പറഞ്ഞത്. കോഴിക്കോട് ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പത്ര സമ്മേളനത്തിൽ പാക്കിസ്ഥാനിലെ അഹ്മദിയ്യാ പീഢനത്തെ പറ്റി അദ്ദേഹം പരാമർശിച്ചു. സാർക്ക് രാജ്യങ്ങൾ വ്യാപാര സാമ്പത്തിക സാംസ്കാരിക കരാറുകൾക്ക് പുറമെ ഏഷ്യൻ രാജ്യങ്ങളിൽ മനുഷ്യാവകാ

# മജ്ലിസ് അൻസാറുല്ലായുടെ മേഖലാ നാസിമുമാർ


**താഴെ പറയുന്നവരെ അൻസാറുല്ലായുടെ മേഖലാ നാസിമുമാരായി നിയമിച്ചുകൊണ്ട് ഖാദിയാനിൽ നിന്നും അറിയിക്കുന്നു.**

| | പേര് | മേഖല |
|---|---|---|
| 1. | യു. മൻസൂർ അഹ്മദ് സാഹിബ് | കണ്ണൂർ |
| 2. | എസ്. മുഹമ്മദ് സലിം സാഹിബ് | കോഴിക്കോട് |
| 3. | സി. കെ. അബ്ദുൽ ഗഫൂർ സാഹിബ് | മലപ്പുറം |
| 4. | എം. കെ. അബ്ദുൾ അസീസ് സാഹിബ് | പാലക്കാട് |
| 5. | സജിത്ത് സാഹിബ് പടിയത്ത് | എറണാകുളം |
| 6. | മുഹമ്മദ് ഷരീഫ് സാഹിബ് പാലാഞ്ജി | തിരുവനന്തപുരം |

ശവും മതസ്വാതന്ത്ര്യവും ഉറപ്പാക്കുന്ന കരാറുകൾകൂടി ഒപ്പ് വച്ച് ജനങ്ങളുടെ സാമൂഹിക ജീവിതം ക്ഷേമകരമാക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഈ മേഖലയിലെ ഏറ്റവും വലിയ രാജ്യമായ ഇന്ത്യക്ക് തങ്ങളുടെ ഇളയ സഹോദരൻ എന്ന നിലക്ക് പാക്കിസ്ഥാനെ ഇക്കാര്യത്തിൽ ഉപദേശിക്കാവുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

പത്രസമ്മേളനത്തിൽ അഹ്മദിയ്യാ ഇന്റർനാഷനൽ ആർക്കിടെക്ക് ഫെഡറേഷൻ ചെയർമാൻ- ചൗധരി റശീദ് അഹ്മദ് സാഹിബ് കോഴിക്കോട് മേഖല അമീർ എ.പി. കുഞ്ഞാമു സാഹിബ് സത്യദൂതൻ പത്രാധിപർ എ.എം. മുഹമ്മദ് സലിം എന്നിവർ പങ്കെടുത്തു. n

# പള്ളിക്ക് തറക്കല്ലിട്ടു



*മൗലാനാ മുഹമദ് ഇനാം ഗോറി സാഹിബ് (ഖാദിയാൻ) തറക്കല്ലിടുന്നു*

ഐരാപുരം:അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന് വേണ്ടി ഒരു അഹ്മദി സഹോദരൻ ദാനം ചെയ്ത ഭൂമിയിൽ പള്ളിക്ക് ഫെബ്രവരി 18 ന്ന് അസറിന് ശേഷം മൗലാനാ മുഹമ്മദ് ഇനാം ഗോറി തറക്കല്ലിട്ടു. തദവസരത്തിൽ എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് ഐരാപുരം അഹ്മദിയ്യാ ജമാഅത്ത് പ്രസിഡണ്ട്, എം. നാസർ സാഹിബ്, മൗലവി ടി. ശഫീഖ് അഹ്മദ് സാഹിബ് എന്നിവർ സന്നിഹിതരായിരുന്നു.

## നിയമിച്ചു



സത്യദൂതനുവേണ്ടി പരസ്യം, സംഭാവന സ്വീകരിക്കൽ, പുതുതായി വരിക്കാരെ ചേർക്കൽ എന്നീ ആവശ്യങ്ങൾക്കായി കോഴിക്കോട് ജമാഅത്തിലെ യാസർ അറഫാത്ത് സാഹിബിനെ നിയമിച്ചിരിക്കുന്നു. അദ്ദേഹവുമായി സഹകരിക്കുവാനപേക്ഷ.

മാനേജർ
സത്യദൂതൻ.

# ഉന്നത വിജയം

കോഴിക്കോട് ജമാഅത്തിലെ കെ.എം. അഹ്മദ്കോയ സാഹിബിന്റെ മകൻ മുദസ്സർ അഹ്മദ് സാഹിബ് എം.ഇ.എസ്.രാജ റസിഡൻഷ്യൽ സ്കൂൾ ഹയർസെക്കണ്ടറി വിഭാഗത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച വിദ്യാർത്ഥിക്കുള്ള സമ്മാനം മുഖ്യാതിഥിയായ കൊച്ചിൻ ഹനീഫയിൽ നിന്നും ഫെബ്രുവരി 4 ന് നടന്ന ചടങ്ങിൽ വെച്ച് ഏറ്റുവാങ്ങി. n



*മുദസ്സർ അഹ്മദ് സാഹിബ് കൊച്ചിൻ ഹനീഫയിൽ നിന്ന് സമ്മാനം ഏറ്റുവാങ്ങുന്നു.*

## തിരുത്ത്

ഫിബ്രവരി ലക്കം സത്യദൂതനിൽ മുഖക്കുറുപ്പിൽ ഒന്നാംവരിയിലെ 'ഫ്യൂച്ചർ ഷോക്ക്' എന്നത് 'തേർഡ് വെയ്‌വ്' എന്ന് തിരുത്തി വായിക്കാനപേക്ഷ (ഫ്യൂച്ചർ ഷോക്ക് ആൽവിൻ ടോഫ്ളറുടെ ആദ്യ കൃതിയാണ്)

*(33-ാം പേജിൽ നിന്ന് തുടർച്ച)*

ജനങ്ങളിൽ" മൗദൂദി സാഹിബും അനുയായികളും ഉൾപ്പെടുകയില്ലേ? പാകിസ്താനിലെ ബഹുജനങ്ങളുടെ ഏകീകൃതമായ ആവശ്യമാണു ഇസ്‌ലാമികഭരണഘടനാപ്രക്ഷോഭം" എന്നു അൽഫാറൂഖ്തന്നെ നമുക്ക് പറഞ്ഞുതരുന്നുണ്ടല്ലൊ (മെയ് ലക്കം) പാകിസ്താനിൽ നടന്ന പ്രക്ഷോഭത്തിന്റെ കൂട്ടുത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറുവാനുള്ള മൗദൂദി കക്ഷിയുടെ ഈ പാഴ്‌വേല എത്രയും പരിഹാസ്യമായിരിക്കുന്നു! അഹ്മദിയ്യാവിരുദ്ധപ്രക്ഷോഭത്തിന്റെ പേരിൽ പാകിസ്താനിൽ നടന്ന ഗുണ്ടായിസത്തിലും അക്രമങ്ങളിലും മറ്റാരേക്കാളും മുന്നണിയിലായിരുന്ന മൗദൂദികക്ഷിയുടെ ഈ ചുവടുമാററം ആരെയാണ് വിസ്മയിപ്പിക്കാത്തത്?

സഫറുല്ലാഖാൻ സാഹിബ് പാകിസ്താനെ അന്യാധീനപ്പെടുത്താൻ ശ്രമിക്കുന്ന അളാണെന്നും അദ്ദേഹത്തിന്ന് ഇസ്‌ലാമികരാഷ്ട്രത്തിൽ വിശ്വാസമില്ലെന്നും 'അൽഫാറൂഖ്' പത്രാധിപർ പറഞ്ഞതിനെകുറിച്ച് എനിക്കൊന്നും പറയാൻ തോന്നുന്നില്ല. യഥാർത്ഥത്തിൽ ഈ ഭയങ്കരമായ വ്യാജവും ധാർഷ്ഠ്യവും കണ്ട് ഞാൻ നടുങ്ങിപ്പോയി. ഗോബൽസ് നുണകൾ പ്രചരിപ്പിക്കാനും പകലിരുട്ടാക്കാനും ഉള്ള ഇവരുടെ മിടുക്കു കണ്ട് കമ്യൂണിസ്റ്റ്കാർപോലും നാണിച്ചിരിക്കണം. ഇവരാണ്പോൽ ഇസ്‌ലാമിക സംസ്ക്കാരവും നാഗരികതയും പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്നവർ! അതെ, ഇസ്‌ലാമീപ്രസ്ഥാനക്കാരും 'സാലിഹ' ആയ മുസ്‌ലിംകളും!!

ചിന്തകന്മാരായ വായനക്കാരെ, നീതിബോധമുള്ള സുഹൃത്തുക്കളെ, ഖായിദെഅഅസം പാകിസ്താൻ വിദേശകാര്യമന്ത്രിയായി സഫറുല്ലാഹ്ഖാനെ നിയമിച്ചതുമുതൽ ഇത:പര്യന്തം അദ്ദേഹം പാകിസ്താ നെ അന്യാധീനപ്പെടുത്താനാണോ പരിശ്രമിച്ചതു? അതൊ, പാകിസ്താന്റെ അന്തസ്സുയർത്താനും അതിന്റെ അവകാശങ്ങളും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിന്നുമോ? നിങ്ങൾ നെഞ്ഞിന്മേൽ കൈവെച്ചുകൊണ്ട് മനസ്സാക്ഷിയെ പിടിച്ചുനിർത്തി ഒന്നു ചിന്തിച്ചാലും ! സഫറുല്ലാഖാൻ പാകിസ്താനിൽ ഒററുംവേലയാണോ ചെയ്തുകൊണ്ടിരുന്നത്? ഹാ! ഈർഷ്യയും പകയും മനുഷ്യനെ കൊണ്ടെന്തെല്ലാമാണ് പറയിക്കാത്തത് പാകിസ്താന്നും ഇതര മുസ്‌ലിം രാഷ്ട്രങ്ങൾക്കുംവേണ്ടി സഫറുല്ലാഖാൻ ചെയ്ത സേവനങ്ങളും അക്കാരണത്താൽ അദ്ദേഹത്തെ മുസ്‌ലിം ലോകം വാഴ്ത്തിയ വാഴ്ത്തലുകളും ഞാനിവിടെ ഭാഗികമായെങ്കിലും വിവരിക്കുകയാണെങ്കിൽ ഇതു വലിയൊരു പുസ്തകമായിത്തീരും. എന്നാൽ, കേരളീയർക്കറിയാൻ കഴിഞ്ഞേടത്തോളമുള്ള സംഗതികൾതന്നെ മതി അദ്ദേഹത്തെക്കുറിച്ച് വ്യക്തമായ ഒരു വിധിയെഴുതുവാൻ! എന്നിട്ടും, മൗദൂദി സാഹിബിന്റെ പക്ഷക്കാർ കള്ളം പ്രചരിപ്പിച്ചുകൊണ്ട് അദ്ദേഹത്തെ തേജോവധം ചെയ്യാൻ ശ്രമിക്കുകയാണ്. ഇങ്ങനെയെല്ലാം പറയുന്ന ഇവർ, അഹ്മദിയ്യാവിരുദ്ധപ്രക്ഷോഭത്തിൽ മൗദൂദി സാഹിബിന്ന് കൈയ്യില്ലെന്നു പറയുന്നതിനോടൊപ്പം, അക്കാലത്തവരാരും പാകിസ്താനിൽ ഉണ്ടായിരുന്നതേയില്ലെന്നും പറയാഞ്ഞതു ഭാഗ്യമെന്നേ പറയേണ്ടൂ!

പാകിസ്താനെ അന്യാധീനപ്പെടുത്താൻ അവിടത്തെ ഒരു മന്ത്രിക്കു സ്വമേധയാ സാധിക്കയില്ലെന്നതു ഇന്നത്തെ ഭരണമര്യാദകളെകുറിച്ചറിയാവുന്നവരോടു പറയേണ്ടതില്ല. 'അൽഫാറൂഖ്' പത്രാധിപർക്ക് തന്നെയും ഇതു നന്നായറിയാം. മറ്റു ജനാധിപത്യ രാഷ്ട്രങ്ങളിലെന്നപോലെ പാകിസ്താന്റെയും ഭരണനയങ്ങളെ രൂപീകരിക്കുന്നതും നിയന്ത്രിക്കുന്നതും അവിടത്തെ മന്ത്രിസഭയാണ്. മന്ത്രിസഭയാണെങ്കിൽ പാർലമെന്റിന്നും ഗവർണ്ണർജനറലിന്നും ഉത്തരവാദപ്പെട്ടുമിരിക്കുന്നു. അങ്ങനെയിരിക്കെ പാകിസ്താനിലെ ഒരു മന്ത്രി പാകിസ്താനെ അന്യാധീനപ്പെടുത്താൻശ്രമിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് പാമരജനങ്ങളെ തെററിധരിപ്പിക്കാൻ ഒരു യഥാർത്ഥ മുസൽമാനാണെന്നഭിമാനിക്കുന്ന നമ്മുടെ പത്രാധിപർ ധൃഷ്ടനായതു വിസ്മയനീയംതന്നെ. സഫറുല്ലാഖാൻ ഇസ്‌ലാമിക ഭരണഘടനയ്ക്കെതിരാണെന്നും അദ്ദേഹത്തിന്നതെന്താണെന്നു കൂടി അറിയുകയില്ലെന്നും 'അൽഫാറൂഖ്' പറഞ്ഞതിനെപററി ഞാൻ ഒന്നും എഴുതാതിരിക്കലാണ് ഭേദം. പാകിസ്താൻ ഭരണഘടന മതേതരമായിരിക്കുമെന്നും ഇസ്‌ലാമിക ഭരണഘടന എന്നാലെന്തെന്നു തനിക്കറിഞ്ഞുകൂടെന്നും പാക് പ്രധാനമന്ത്രിയും, ഇസ്‌ലാമിൽ മതസ്റ്റേറ്റിന്റെ വിഭാവനം തന്നെയില്ലെന്നു ലണ്ടനിൽവച്ച് പാക് ഹൈക്കമീഷണർ ഇസ്ഫഹാനിയും പ്രസ്താവിച്ചുവെന്ന് അൽഫാറൂഖ് (ആഗസ്ത് ലക്കം, പേ, 26) പറഞ്ഞുതരുന്നു. പ്രധാനമന്ത്രി മുഹമ്മദലിയേയും ഇസ്ഫഹാനിയേയും പുറത്താക്കാൻ ഇവർ എന്തുകൊണ്ടാണ് ഒരു പ്രക്ഷോഭം ആരംഭിക്കാത്തത്? അതിന്നു ഇവരോടൊപ്പം ഇളകിയാടാൻ ആളെ കിട്ടുകയില്ല അല്ലെ?

ഇന്നു മൗദൂദികൾ സഫറുല്ലാഹ്ഖാനെകുറിച്ചിങ്ങനെയെല്ലാം ആക്ഷേപിക്കുന്നു. എന്നാൽ, ഇന്നലെവരേയും ഇവരുടെ സ്നേഹിതന്മാരും സഹപ്രവർത്തകന്മാരും സഫറുല്ലാഹ്ഖാൻ ഇന്ത്യാഗവർമ്മേണ്ടിന്റെ ഒററുകാരനാണെന്നാണ് ആക്ഷേപിച്ചുപോന്നത്". അദ്ദേഹം കാശ്മീർ ഇന്ത്യാഗവർമ്മേണ്ടിന്നു നൽകി കിഴക്കൻ പഞ്ചാബിലെ 'ഖാദിയാൻ' അഹ്മദിയ്യാ ജമാഅത്തിന്നു തിരിച്ചുകിട്ടുമാറാക്കുന്നതിന്നുള്ള ഒരു ഗൂഢതന്ത്രത്തിൽ ഏർപ്പെട്ടിരുന്നുവെന്നും അതനുസരിച്ച് 'ബൗണ്ടറി കമീഷ'ന്റെ ചേർമാനായിരുന്ന റാഡിക്ലിഫ് മുമ്പാകെ തെളിവ് കൊടുത്തുവെന്നും അക്കാരണത്താലാണ് കാശ്മീർ പ്രശ്നംതന്നെയുത്ഭവിച്ചതെന്നും മററും അഹ്റാരികൾ ആക്ഷേപിക്കുകയുണ്ടായിട്ടുണ്ട്. മാന്യ വായനക്കാരെ, ഇതെത്രമേൽ നെറികെട്ട ഒരാക്ഷേപമാണെന്നു നിങ്ങളൊന്നു ആലോചിക്കുവിൻ! ഞാൻ അതിനെകു

റിച്ചൊന്നും പറയുന്നില്ല. അന്നൊരു കൂട്ടർ അദ്ദേഹത്തെകുറിച്ചങ്ങനെ ആക്ഷേപിച്ചു. ഇന്നിക്കൂട്ടർ ഇങ്ങനെയും! എന്തു ഭയങ്കര കള്ളങ്ങളും പ്രചരിപ്പിക്കാൻ ഒരു കൂട്ടർ ബദ്ധകച്ചരായിരിക്കുമ്പോൾ ബലഹീനരായ ഞങ്ങൾ അതെല്ലാം കണ്ടും കേട്ടും സഹിക്കുകയേ നിവൃത്തിയുള്ളുവല്ലൊ!

അഹ്മദികൾ വിശുദ്ധഖുർആൻ ആവിഷ്കരിക്കുന്ന ഭരണഘടനയ്ക്കു ഒരിക്കലും എതിരല്ല. ഇസ്ലാംമതത്തിന്റെ അദ്ധ്യാപനത്തേയും അതിന്റെ അഭികാമ്യമായ സാമൂഹ്യ നിയമങ്ങളേയും ലോകത്ത് പ്രചരിപ്പിക്കാൻ ശ്രമിക്കുന്നവർ അഹ്മദികളായിരിക്കെ, അവർ ഇസ്ലാമിക ഭരണ ഘടനയ്ക്കെതിരാണെന്നു പറയുന്നത് സ്വീകാര്യമായി വരില്ല. ഇസ്ലാമിന്ന്വേണ്ടി അഹ്മദികൾ ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ സേവനങ്ങളേയും പരിശ്രമങ്ങളേയും മൗദൂദി സാഹിബിനെപോലെ കണ്ണടച്ചിരുട്ടാക്കുന്നവർക്കല്ലാതെ നിഷേധിക്കാൻ കഴിയുകയില്ലല്ലൊ. ചുരുക്കത്തിൽ, ഇസ്ലാമിക ഭരണഘടനയെ എതിർക്കുന്നവരല്ല അഹ്മദികൾ. പാകിസ്താനിലെ ബഹുജനങ്ങൾ മൗദൂദി സാഹിബ് വിഭാവനം ചെയ്യുന്ന തരത്തിലുള്ള ഭരണഘടന ആവശ്യപ്പെടുന്നവരല്ലതാനും. മൗദൂദി സാഹിബും അദ്ദേഹത്തിന്റെ ആദർശക്കാരും ഒഴികെ ബാക്കിയുള്ള മുസ്ലിംകളാരുംതന്നെ 'സാലിഹ്' കൾ അല്ലെന്നും അവർ ഇസ്ലാമിന്റെ വ്യക്തമായ കല്പനകളെ ലംഘിക്കുന്നവരാണെന്നും മൗദൂദി സാഹിബും അനുയായികളും ഉച്ചത്തിൽ പറയുന്ന സ്ഥിതിയ്ക്ക്, പാക്കിസ്താനിലെ ബഹുജനങ്ങൾ മൗദൂദി സാഹിബ് വിഭാവനം ചെയ്യുന്ന ഇസ്ലാമിക ഭരണഘടന ആവശ്യപ്പെടുന്നവരാണെന്നു പറയുന്നതു നിരർത്ഥകമല്ലേ? പാകിസ്താനിലെ മുസ്ലിം ബഹുജനങ്ങൾ ഇസ്ലാമിക ഭരണഘടന എന്നാലെന്തെന്നുകൂടി അറിയത്തവരാണല്ലൊ! പൊതുജനങ്ങൾ പ്രക്ഷോഭം കൂട്ടിയത് ഇസ്ലാമികഭരണഘടനയ്ക്കായിട്ടുമല്ല. അതുകൊണ്ടു തന്നെയാണ് കലാപത്തിന്റെ സൂത്രധാരന്മാർ, അഹ്മദിയ്യാ വിരോധത്തിന്റെയും'അന്ത്യപ്രവാചകത്വസംരക്ഷണ'ത്തിന്റെയും ആ മായാവല പൊതുജനങ്ങളുടെ മേൽ വീശിക്കൊണ്ട് അവരെ അതിൽ കുരുക്കാൻ ശ്രമിച്ചത്.

(തുടരും) ■

---

*(31 -ാം പേജിൽ നിന്ന് തുടർച്ച)*

മുഖേന നിർവ്വഹിക്കുകയും നാം നൽകിയിട്ടുള്ളതിൽനിന്ന് നല്ലതിനായി ചെലവഴിക്കുകയും ചെയ്യുന്നവർ" (42:39) എന്ന് മുസ്ലിംകളെ കുറിച്ച് പറയപ്പെട്ടിരിക്കുന്നു.

അധികാരത്തിലുള്ളവരോടും പൊതു കാര്യങ്ങൾ ഭരമേല്പിക്കപ്പെട്ടവരോടും സഹകരിക്കുവാനും അത്തരക്കാരെ അനുസരിക്കുവാനും ജനങ്ങളോട് ആജ്ഞാപിച്ചിരിയ്ക്കുകയാണ്. അല്ലാഹുവിനോടും അവന്റെ ദൂതനോടും ഉള്ള അനുസരണ ബാദ്ധ്യതയെ പറ്റി പറഞ്ഞിട്ടുള്ളതിനോട് തൊട്ടുതന്നെയാണ് ഖുർആൻ ഇതും ഉണർത്തിച്ചിട്ടുള്ളത്. വല്ല അഭിപ്രായ വ്യത്യാസവും ഉടലെടുക്കുന്നപക്ഷം ഖുർആന്റെ പാഠങ്ങളും നബി (സ) തിരുമേനിയുടെ ചര്യകളും ഉപദേശങ്ങളും അനുസരിച്ച് അവയ്ക്ക് തീർപ്പ് കല്പിക്കേണ്ടതാണ്. "അല്ലയോ വിശ്വാസികളെ, അല്ലാഹുവിനെയും അവന്റെ ദൂതനെയും നിങ്ങളിൽനിന്നുള്ള അധികാരസ്ഥന്മാരെയും അനുസരിക്കുവിൻ. നിങ്ങൾ ഒരു കാര്യത്തിൽ അഭിപ്രായ വ്യത്യാസംമൂലം ഭിന്നിച്ചാൽ, അല്ലാഹുവിലേയ്ക്കും അവന്റെ ദൂതനിലേയ്ക്കും പിൻമടങ്ങിക്കൊൾവിൻ; നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവെങ്കിൽ. അതാണ് ഏറ്റവും നല്ലതും അന്ത്യഫലത്തിൽ അത്യുത്തമമായിട്ടുള്ളതും" (4:60)

ഖുർആനും, തിരുനബി (സ) തന്റെ ചര്യകളിലൂടെയും ഉപദേശ നിർദ്ദേശങ്ങളിലൂടെയും നല്കിയിട്ടുള്ള വ്യാഖ്യാനങ്ങളും ആയിരിക്കണം എപ്പോഴും ഭരണ നിദർശനങ്ങളായിരിക്കേണ്ടത്. ■

---

*കാർട്ടൂൺ (37 -ാം പേജിൽ നിന്ന് തുടർച്ച)*

ലോകത്ത് സ്ഥാപിക്കാൻ അല്ലാഹു അയച്ച അവിടുത്തെ വിനീത സേവകനാണ് ഹദ്റത്ത് അഹ്മദ് (അ) അദ്ദേഹം റസൂൽ തിരുമേനി(സ) യെക്കുറിച്ച് പറഞ്ഞു:

*'ലക്ഷക്കണക്കിനുള്ള മൃതന്മാർ ഏതാനും ദിനങ്ങൾ ക്കൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറതലമുറകളായി വഴിപിഴച്ചുപോയവർ ദിവ്യവർണ്ണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്കയെന്ന അത്ഭുത പ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടന്മാർ കാണുവാൻ തുടങ്ങുകയും ഊമകളുടെ നാവിൽ നിന്നും ദിവ്യജ്ഞാനം പ്രവഹിക്കുകയും ചെയ്തു. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്ത ഒരു ചെവിയും കേട്ടിട്ടില്ലാത്ത വിപ്ളവമാണ് സംഭവിച്ചത്. ഇതെന്തായിരുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ഇതെല്ലാം ഇരുൾ മുറ്റിയ രാത്രികളിൽ അല്ലാഹുവിൽ പൂർണ്ണമായും ലയിച്ച ഒരാളുയർത്തിയ ഉള്ളുരുകിയ പ്രാർത്ഥനകളുടെ ഫലമായിരുന്നു.* (റൂഹാനി ഖസായിൻ, ബറക്കാത്തു ദുആ) ഇരുണ്ട നൂറ്റാണ്ടുകളെ പ്രകാശദീപ്തമാക്കിയ ധാർമ്മികതയുടേയും അദ്ധ്യാത്മികതയുടേയും പാരമ്യം കണ്ട റസൂൽ തിരുമേനി (സ) യുടെ ജീവിതവും സന്ദേശവും ആ ദിവ്യാത്മാവിനെ അറിയപ്പെടാത്തവരുടെ ഹൃദയങ്ങളിൽ പതിപ്പിക്കുകയാണ് വേണ്ടത്. തീർച്ചയായും നിർമലമായ മനുഷ്യ ഹൃദയം റസൂൽ തിരുമേനിയെ വാരിപുണരുക തന്നെ ചെയ്യും! ഖുർആൻ പറയുന്നു:

*'പറയുക സത്യം വന്നു അസത്യം അപ്രത്യക്ഷമായി അസത്യം അപ്രത്യക്ഷമാവുന്നത് തന്നെയാണ്' (ഖുർആൻ 17:82)* ■